# ജനകീയാസൂത്രണ പദ്ധതി

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്



## വികസന റിപ്പോർട്ട്

2

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## വികസന സെമിനാർ

## സമഗ്ര വികസനരേഖ



# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ ഫോട്ടോ



പാലോളി മുഹമ്മദ്കുട്ടി
(മുൻ പഞ്ചായത്ത്
പ്രസിഡണ്ട്)



**K.P. കുഞ്ഞിക്കോയ**
**(മുൻ പഞ്ചായത്ത്**
**പ്രസിഡണ്ട്)**



**C.K. അബു.**
**(മുൻ പഞ്ചായത്ത്**
**പ്രസിഡണ്ട്)**



**M. അഹമ്മദ് ഹാജി**
**(മുൻ പഞ്ചായത്ത്**
**പ്രസിഡണ്ട്)**

# ഇപ്പോഴത്തെ ഭരണ സമിതി, സെക്രട്ടറി


C.K. അബു
(പ്രസിഡണ്ട്)


A. സൽമ
(വൈ.പ്രസിഡണ്ട്)


P. മുഹമ്മദ്
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)


C. ശശി മാസ്റ്റർ
(മെമ്പർ)


V. നഫീസ
(മെമ്പർ)


C. കുഞ്ഞുണ്ണി
(മെമ്പർ)


K.P. കമ്മദ്
(മെമ്പർ)


K.P. ഫാത്തിമ
(മെമ്പർ)


M. സൂപ്പി
(മെമ്പർ)


A. ശാന്തകുമാരി
(മെമ്പർ)


ദാക്ഷായണിക്കുട്ടി
(സെക്രട്ടറി)

# വികസന റിപ്പോർട്ടിന്റെ ശില്പികൾ

1. ശ്രീ: സി. മൊയ്തി റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PHED
2. " പി.എം. രാമനുണ്ണി റിട്ട അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD
3. " കെ.പി. ആലിമാസ്റ്റർ റിട്ട. അദ്ധ്യാപകൻ
4. " കൈലാനി മുഹമ്മദ് അസി. എഞ്ചിനീയർ PWD
5. " കെ.പി. മുഹമ്മദ് അസി. എഞ്ചിനീയർ PWD
6. " നെല്ലിശ്ശേരി മുഹമ്മദ് PWD ഓവർസിയർ
7. " കെ. മൊയ്തി. വർക്ക് സൂപ്രണ്ട് വാട്ടർ അതോറിറ്റി
8. " എൻ. ഗോപാലകൃഷ്ണൻ സ്റ്റാറ്റിസ്റ്റിക്സ് പെരിന്തൽമണ്ണ
9. " എ. ഹസ്സൈനാർ ഇ.ഒ. (ഐ.ആർ.ഡി)
10. വി. ഉണ്ണികൃഷ്ണൻ ഇ.ഒ. (വി.&എം)
11. " അബ്ദുൾമജീദ് ഇ.ഒ. (ഇൻഡസ്ട്രീസ്)
12. " ചിത്രഭാനു കൃഷിഓഫീസർ, പുഴക്കാട്ടിരി
13. " കെ.റ്റി. ഉണ്ണികൃഷ്ണൻ ജില്ലാസഹകരണബാങ്ക്
14. " ഉണ്ണികൃഷ്ണൻ പനങ്ങാട്
15. " വി. ഉണ്ണീൻ കുട്ടി P.H.C. പുഴക്കാട്ടിരി. (യു.ഡി. ക്ലർക്ക്)

16. ശ്രീ. ഗോവിന്ദൻ, ഹെൽത്ത് ഇൻസ്പെക്ടർ, P.H.C. പുഴക്കാട്ടിരി.

17. " കെ.മുഹമ്മദ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,

18. " ബി. മുഹമ്മദ് വില്ലേജ് ഓഫീസർ, പുഴക്കാട്ടിരി.

19. " ശ്രീമതി: എം.കെ. പാറുക്കുട്ടി എന്ന അമ്മിണിടീച്ചർ. H.M. പുഴക്കാട്ടിരി.

20. " ശ്രീ. എം.കെ കൊച്ചുകൃഷ്ണൻ G.H.S. കടുങ്ങപുരം.

21. " ഐ.സി.ഡി.എസ്. മങ്കട ബ്ലോക്ക്.

22. " ശ്രീ. വി. ഗോപാലകൃഷ്ണൻ, പുഴക്കാട്ടിരി.

23. " പി.വി.എസ്. വാരിയർ, കടുങ്ങപുരം.

24. " എം.പി. നന്ദകുമാർ, ജെ.എസ്. മങ്കടബ്ലോക്ക്.

25. " പി.പി. ശ്രീദേവി സെക്രട്ടറി, സർവ്വീസ് കോ. ഓപ്പറേറ്റീവ് ബേങ്ക്, രാമപുരം.

## <u>ഡി.ആർ.പി. മാർ</u>

1. ശ്രീ. എം. അബ്ദുല്ല മാസ്റ്റർ, പനങ്ങാങ്ങര

2. " കെ. അബ്ദുമാസ്റ്റർ, രാമപുരം

3. " കക്കാട്ടിൽ ഹംസ, പുഴക്കാട്ടിരി

4. " വാരിയത്തൊടി സെയ്തലവി. കട്ടിലശേരി

5. " അഡ്വ. സി. അഷ്റഫലി രാമപുരം

6. " പി.പി. രഘുനാഥ് പുഴക്കാട്ടിരി

7. " പലയക്കോടൻ മുഹമ്മദ് അഷ്റഫ് രാമപുരം.

# ആമുഖം

1947 ആഗസ്റ്റ് 15 ന് ഭാരതം സ്വതന്ത്രമായി 49നീണ്ട വർഷങ്ങൾ നാം പിന്നിട്ടു. ഒട്ടേ
പുരോഗതി നാം നേടിയെങ്കിലും ഒന്നും തന്നെ ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയി
വികസന ആസൂത്രണം മേൽത്തട്ടിൽ മാത്രം നടന്നു. ജനകീയ ആവശ്യങ്ങൾ ഒരു പരിധിവ
അവഗണിക്കപ്പെട്ടു. തീരുമാനങ്ങൾ എടുക്കുന്നതിലും നടപ്പാക്കുന്നതിൽ പങ്കാളിയാകാനും എ
വർക്കും അവസരം നൽകാൻ നിലവിലുള്ള ആസൂത്രണപ്രക്രിയ തലകുത്തനെ നിർത്തി
തീരൂ... കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം ആസൂത്രണത്തിലും വികസ
പ്രവർത്തനങ്ങളിലും ദിശമാറി നൽക്കുന്നു. ജാതിമത രാഷ്ട്രീയ ഭിന്നതകൾക്കതീതമാ
ജനങ്ങളെ വികസന പ്രവർത്തന പ്രക്രിയയിൽ അണിനിരത്താൻ ഈ പ്രസ്ഥാനത്തി
കഴിയുന്നു. 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ നട
ലാക്കുമ്പോൾ വികസന ചരിത്രത്തിലെ ഒരു തിലകക്കുറിയായി ഇത് മാറുന്നതാണ്. അധിക
ത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തിന് നൽകുന്നതിനാൽ ജനക
താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന സ്ഥിതി വിശേഷം സംജാതമാകുന്നു. പഞ്ചാ
ത്തുകൾക്കുള്ള സർക്കാർ വിഹിതം 40% കേരള സർക്കാരിന്റെ 60%ത്തിൽപ്പെട്ട ചില സ്കീ
കൾ കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്നുള്ള സഹായം, സന്നദ
സംഘടനകളിൽ നിന്നുലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം, ജനകീയ സംഭ
നകൾ [പണം, വിഭവങ്ങൾ, അധ്വാനം] തുടങ്ങിയവ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെ
ത്തുന്ന സ്രോതസുകളാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നനുഭവിക്കുന്ന വികസ
പ്രതിസന്ധിയെ മുറിച്ചുകടക്കാൻ ഈ പുത്തൻ വികസനതന്ത്രത്തിനുകഴിയും. ബഹുജനപ
ളിത്തം ഫലപ്രദമാവുമ്പോൾ നിലവിലുള്ള സ്കീമുകളും ഏറ്റെടുക്കാൻ പോകുന്ന പ്രവർ
നങ്ങളുടെയും നടത്തിപ്പ് കാര്യക്ഷമവും തൃപ്തികരവും അഴിമതിരഹിതവും ശീഘ്രഗ
ആയി നടപ്പിലാക്കാവുന്നതാണ്.

ഈ നല്ല പ്രസ്ഥാനത്തോട് കൂറുപുലർത്തി ഇത് യാഥാർത്ഥ്യമാക്കുവാൻ നമുക്കെല്ല
ഒന്നായി പങ്കുചേരാം.

# പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര്: | പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ്: | പുഴക്കാട്ടിരി |
| ബ്ലോക്ക് പഞ്ചായത്ത്: | മങ്ക |
| താലൂക്ക്: | പെരിന്തൽമണ്ണ |
| അസംബ്ലി മണ്ഡലം: | മങ്ക |
| വിസ്തീർണ്ണം: | 8.75 സ്ക്വയർ മൈൽ |
| അതിരുകൾ: | വടക്ക്: മക്കരപ്പറമ്പ, മങ്കടപഞ്ചായത്ത (കണ്ടംപറമ്പ്, കുഴാറമ്പ്, ചെമ്മീൻപറമ്പ മണ്ണാറമ്പ് പ്രദേശങ്ങൾ |
| | കിഴക്ക്: അങ്ങാടിപ്പുറം പഞ്ചായത്ത് |
| | തെക്ക്: പുലാമന്തോൾ, മൂർക്കനാട് പഞ്ചായത്ത (മാലാപറമ്പ്, പലകപ്പറമ്പ് |
| | പടിഞ്ഞാറ്: കുറുവ പഞ്ചായത്ത |
| ജനസംഖ്യ: | 2578 |
| പുരുഷൻ: | 1263 |
| സ്ത്രീ: | 1315 |
| ജനസാന്ദ്രത: | 2946 Per Square mi |
| അക്ഷരാഭ്യാസമുള്ളവർ: | 93.5% |
| വാർഡുകൾ: | 1 |
| പ്രസി: പേര്: | സി. കെ. അബ |
| വൈസ് പ്രസി. പേര്: | ആറങ്ങോടൻ സൽമത്ത |
| സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ: | പരിയാരത്ത് മുഹമ്മ |

# പുഴക്കാട്ടിരിയുടെ സാമൂഹിക - സാംസ്കാരിക പാശ്ചാത്തലം

ചരിത്ര താളുകളിൽ കോറിയിടാൻ കഴിയാതെ പോയ, പ്രാക്തനമായൊരു സംസ്കാരത്തിൻെറ വേരുകളാണ്ടു കിടക്കുന്ന പുഴക്കാട്ടിരി ഗ്രാമത്തിൻെറ-ഗ്രാമപഞ്ചായത്തിൻെറ-ചരിത്രം. കേവലം അക്ഷരങ്ങളിൽ കുരുക്കിയിടാനാവാത്ത, ഒത്തിരി മനുഷ്യരുടെ കണ്ണീരിൻെറയും, കിനാവിൻെറയു, കഠിനാദ്ധ്വാനത്തിൻെറയും, അതുവഴി കൈക്കൊണ്ട പുരോഗതിയുടെയും ചരിത്ര ഗാഥയാണ്. കാലത്തിനു സാക്ഷികളായ ചിലരിലൂടെ ആകഥ അനാവരണം ചെയ്യാൻ ശ്രമിക്കുകയാണിവിടെ.

ചരിത്ര പ്രസിദ്ധമായ മാമാങ്ക മഹോൽസവത്തെക്കുറിച്ച് കേൾക്കാത്തവരാരുമുണ്ടാവില്ലല്ലോ? അവസാനത്തെ മാമാങ്കവേളയിൽ സാമൂതിരിയും വള്ളുവക്കോനാതിരിയും തമ്മിലുണ്ടായ അനൈക്യം, നാടുവാഴി നായൻമാരും ചാവേർപ്പട തലവൻമാരും അധിവസിച്ചിരുന്ന കോട്ടക്കൽ പ്രദേശം വിട്ടുപോരാൻ വള്ളുവക്കോനാതിരിയെ പ്രേരിപ്പിച്ചു. അന്നവരെ അനുഗമിച്ച പ്രമുഖരായിരുന്നു; കരുവായൂര് മൂസത്മാരും, മുതൽപുരേടത്ത് നായൻമാരും, വെങ്കിട്ട മുസ്ലിം തറവാട്ടുകാരും. പിന്നീട് വള്ളുവക്കോനാതിരിയുടെ കേന്ദ്രസ്ഥാനമായിത്തീർന്ന തിരുമാന്നാംകുന്ന് ക്ഷേത്രത്തിൻെറയും, വെള്ളാട്ടങ്ങാടിയെന്ന അങ്ങാടിപ്പുറത്തിൻെറയും പരിസരപ്രദേശങ്ങളായ പുഴക്കാട്ടിരി-കടുങ്ങപുരം-കട്ടിളശ്ശേരി-കരിഞ്ചാപ്പാടി പ്രദേശത്ത് അവർ താവളമുറപ്പിച്ചു. കരുവായൂർ മൂസ്സത്മാർ പുഴക്കാട്ടിരിയിലും കടുങ്ങപുരത്തുമായി വാസമുറപ്പിച്ചു. മുതൽപുരേടത്തുകാർ കട്ടിളശ്ശേരിയിലും വെങ്കിട്ട മുസ്ലിം തറവാട്ടുകാർ പുണർപ്പയിലും. വള്ളുവക്കോനാതിരിയുടെ ഭരണ കാര്യങ്ങളിൽ മൂസ്സതിന് രണ്ടാം പദവി നൽകപ്പെട്ടിരുന്നു; പ്രധാനമന്ത്രിസ്ഥാനം മൂസ്സതിന്തന്നെയായിരുന്നു. ആദ്യകാലത്ത് വൻകാട്ടുപ്രദേശമായിരുന്ന ഈ പ്രദേശമെല്ലാം ബ്രിട്ടീഷ് ഭരണകാലത്ത് നായാട്ടു വിനോദത്തിന് ഉപയോഗിച്ചിരുന്നു. ആ സ്ഥലമാണ് പിന്നീട് ഇന്ത്യാചരിത്രത്തിൻെറതന്നെ ഗതി നിർണ്ണയിച്ച ചരിത്ര നായകൻമാരുടെ ഗ്രാമഭൂമിയായിത്തീർന്നത്.

രാജ്യത്താകമാനം അലയടിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യസമരകാഹളത്തിൻെറ അലയൊലികൾ കേട്ടില്ലെന്നു നടിക്കാൻ പുഴക്കാട്ടിരിയിലെ ജനങ്ങൾക്കാവുമായിരുന്നില്ല. അവരുടെ ഹൃദയമിടിപ്പുകൾക്ക് നിയതമായ രൂപവും ഭാവവും നൽകിയ; വർണ്ണങ്ങൾ പകർന്നു നൽകിയ രണ്ടു മഹത് വ്യക്തികളായിരുന്നു എം. പി. നാരായണമേനോനും കട്ടിളശേരി മുഹമ്മദ് മുസ്ലിയാരും. പറമ്പോട്ട് കരുണാകര മേനോൻെറയും മുതൽപുരേടത്ത് അമ്മാളുവമ്മയുടെയും മകനായി ജനിച്ച എം. പി. നാരായണമേനോൻ മുസ്ലിം വേഷത്തിൽ മദിരാശി പ്രസിഡൻസി കോളേജിൽ ഹാജരായിരുന്നതും പിന്നീട്, പണ്ഡിതനായ കട്ടിളശ്ശേരി ആലിമുസ്ലിയാരും ഉണ്ടായിരുന്നു. ഗുരുശിഷ്യബന്ധവും, ഹിന്ദുമുസ്ലിം സൗഹാർദ്ദത്തിൻെറ ഉത്തമോദാഹരണങ്ങളാണ്. പൊന്നാനിയിലും, മെക്കയിലും, മിസറിലും (ഈജിപ്തിലും) പോയി ഉപരിപഠനം നടത്തി, കരിഞ്ചാപാടിയിൽ മണക്കാട്ട് തറവാട്ട് വീട്ടിൽ വന്ന് സ്ഥിരതാമസമാക്കിയ പണ്ഡിത ശ്രേഷ്ടനായിരുന്ന ആലി മുസ്ലിയാരുടെ മകനായിട്ടാണ് കട്ടിളശേരി മുഹമ്മദ് മുസ്ലിയാർ ജന്മം കൊണ്ടത്. എം. പി. നാരായണ മേനോൻ ഗുരുതുല്യനായി സ്നേഹിച്ചിരുന്ന ആലി മുസ്ലിയാരുടെ മകൻ മുഹമ്മദ് മുസ്ലിയാരുമായി സൗഹൃദത്തിലാവുകയും പിന്നീട് ആത്മ മിത്രങ്ങളായിത്തീരുകയും ചെയ്ത രണ്ടുപേരും കോൺഗ്രസ് പ്രസ്ഥാനത്തിലും, കോൺഗ്രസ്-ഖിലാഫത്ത് പ്രസ്ഥാനത്തിലും, കുടിയാൻ പ്രസ്ഥാനത്തിലും ഒരുമിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. ശിഥിലമായ ജന്മി കുടിയാൻ ബന്ധത്തിൻെറ ഫലമായി കർഷകർ അനുഭവിച്ചിരുന്ന കഷ്ടതകൾക്കെതിരായി കോഡൂർ പൊൻമള, കുറുവ എന്നീ പ്രദേശങ്ങളിൽ കുടിയാൻ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധേയനായിരുന്ന മുസ്ലിയാർ വള്ളുവനാട് ഖിലാഫത്ത് -കോൺഗ്രസ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പൂക്കോട്ടൂരിനടുത്ത 'എട്ടുതറ' എന്ന സ്ഥലത്ത് വമ്പിച്ച കുടിയാൻ പ്രക്ഷോഭ യോഗം സംഘടിപ്പിക്കുവാൻ മുസ്ലിയാരും എം. പി. നാരായണമേനോനും വിശ്രമമില്ലാതെ പ്രവർത്തിച്ചു. അപ്പോഴേക്കും ഗവൺമെൻറ് 144-ാം വകുപ്പു പ്രകാരം യോഗങ്ങൾ നിരോധിക്കാൻ തുടങ്ങുകയും കട്ടിളശേരിയേയും, എം. പി.യെയും അറസ്ററു ചെയ്യാനുള്ള ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ കടിളശേരി ഫ്രഞ്ചധീനപ്രദേശമായ 'പുതുശേരി'യിലേക്ക്

രക്ഷപ്പെടുകയും എം. പി. നാരായണമേനോനെ 1921 സെപ്റ്റംബറിൽ അറസ്റ്റ് ചെയ്ത് ജീവപര്യന്തം ജയിൽ ശിക്ഷക്ക് വിധേയനാക്കുകയും ചെയ്തു.

ജനങ്ങളിൽ 90 ശതമാനം നിരക്ഷരകുക്ഷികളും, അർദ്ധ പട്ടിണിക്കാരുമായിരുന്നു. ഉപജീവനത്തിന് മുഖ്യമായും കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. മുഖ്യ കൃഷി നെല്ലായിയിരുന്നു. നാടുവാഴി പ്രഭുക്കൻമാരുടെ കൈവശമുള്ള ഭൂമികളിൽ അദ്ധ്വാനിക്കുകയും അവരുടെ ഇച്ഛക്കൊത്ത് ചരിക്കുകയും ചിരിക്കുകയും ചെയ്തിരുന്ന അവർക്ക് സ്വന്തമായ ഇഷ്ടാനിഷ്ടങ്ങൾ അന്യമായിരുന്നു കീഴ്ജാതിക്കാർക്ക് അയിത്തം കൽപിക്കുകയും; അവർ നിറമുള്ള വസ്ത്രങ്ങൾ ധരിക്കുകയും മാറു മറക്കുകയും ചെയ്തിരുന്നത് പലപ്പോഴും ഏമാൻമാരുടെ അപ്രീതിക്ക് കാരണമായിത്തീരാറുണ്ടായിരുന്നു.

'കാളും വിശപ്പിലും നല്ലോണ
മുണ്ണുന്ന നാളിനെ
കർക്കിടകക്കരി വാവിൽ തെളിവുററ
ചിങ്ങപ്പുലരിയെ;
കിനാവു കാണുന്നു'—

എന്നു കവി പാടിയപോലെ, കള്ളക്കർക്കിടകമാസം അവർക്ക് ഭീതിജനകം തന്നെയായിരുന്നു. കുട്ടികളിലാരെങ്കിലും കൂടുതൽ മെലിഞ്ഞു കണ്ടാൽ 'ഇവനാണ് കർകിടകം കൂടുതൽ ബാധിച്ചത്' എന്ന് വേദനയോടെ പറയുന്ന അമ്മമാരായിരുന്നു കൂടുതലും അക്കാലത്ത്.

ആദികലാരൂപങ്ങളുടെ വിളനിലമായിരുന്ന പുഴക്കാട്ടിരിയിൽ ആദ്യകാലത്ത്. രാമപുരം ശ്രീ രാമകൃഷ്ണസ്വാമിക് ഷേത്രത്തിൽവെച്ച് നടത്തിയിരുന്ന ഏകാദശിവിളക്ക് ജാതിമത വർഗ്ഗ ഭേതമന്യേ, വിപുലമായ പരിപാടികളോടെയാണ് ആഘോഷിച്ചിരുന്നത്, അതിൻെറ ഭാഗമായിനടത്തിയിരുന്ന കഥകളിയും നാടൻകലാരൂപങ്ങളും ജനങ്ങൾക്ക് ഹരംപകരുന്നവയായിരുന്നു. വളരെ പണ്ടുമുതൽക്കേ ആഘോഷിച്ചുവരുന്ന കടുങ്ങപുരം നേർച്ചയും ഏറെപ്രസിദ്ധമാണ്. കോൽക്കളി, അർവാനമുട്ടുകളി. പരിചമുട്ടുകളി, ചെറുമക്കളി തുടങ്ങിയവയായിരുന്നു ആദികാലരൂപങ്ങൾ. വേളൂർജുമാഅത്ത്പള്ളി, കടുങ്ങപുരംജുമാഅത്ത്പള്ളി, കട്ടിളശ്ശേരിപള്ളി രാമപുരം, പുഴക്കാട്ടിരിപള്ളികൾ എന്നിവയാണ് പഴയ മുസ്ലിം ആരാധനാകേന്ദ്രങ്ങൾ. പനങ്ങാങ്ങര ശിവക്ഷേത്രം, രാമപുരം ശ്രീരാമസ്വാമിക്ഷേത്രം, പുഴക്കാട്ടിരി ശിവക്ഷേത്രം. കോട്ടുവാട് ശിവക്ഷേത്രം, മാലാപറമ്പ് അയ്യപ്പൻ കാവ്, കടുങ്ങപുരം കോവിൽ എന്നിവയാണ മുഖ്യമായ ക്ഷേത്രങ്ങൾ.

ഒരു പുരുഷായുസ്സിൻെറ മുഴുവൻ; കണ്ണീരും വിയർപ്പും ആരാൻെറ പാടത്തും പറമ്പിലും ഒഴുക്കേണ്ടിവന്നപ്പോഴാണ് അറിവ് ആയുധമാണ് എന്ന തിരിച്ചറിവിന് പഴയ തലമുറക്ക് ഏറെ കാത്തിരിക്കേണ്ടി വന്നു. അക്ഷരാഭ്യാസത്തിനുള്ള സൗകര്യം ആദ്യകാലത്ത് സമ്പന്നർക്കുപോലും അപ്രാപ്യമായിരുന്നു. 1917ൽ രാമപുരത്ത് പുളിക്കൽ അങ്ങാടിയിൽ തുടങ്ങിയ ഓത്തുപള്ളി വിദ്യാലയമാണ് ആദ്യത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനം. സ്ഥാപകൻ പലയക്കോടൻ കോയക്കുട്ടിമൊല്ലയായിരുന്നു ഉച്ചവരെ മതപാനവും, ഉച്ചക്കുശേഷം മലയാളവും കണക്കും പഠിപ്പിച്ചിരുന്ന ഈ സ്കൂളാണ് പിന്നീട് AMLP സ്കൂളായി പരിണമിച്ചത്.

1935 കാലഘട്ടത്തിൽ ജയപ്രകാശ്നാരായണൻെറ നേതൃത്വത്തിൽ അഖിലേന്ത്യാതലത്തിൽ രൂപംകൊണ്ട കോൺഗ്രസ്–സോഷ്യലിസ്റ്റ് പാർട്ടി (CSP) പ്രവർത്തകരുടെ നേതൃത്വത്തിൽ 1936–37 കാലഘട്ടത്തിൽ പുഴക്കാട്ടിരിയിൽ തുടങ്ങിയ 'മഹാത്മാ'വായനശാലയാണ് ആദ്യത്തെ വായനശാല. എം. കെ. കേശവമേനോൻ, രാമവാര്യർ, കിഴക്കേതിൽ രാഘവൻനായർ എം. പി. സുബ്രഹ്മണ്യമേനോൻ, പി. ഗോപാലപിള്ള കെ. നാരായണമേനോൻ. ബംഗ്ളാവിൽ കുട്ടൻമേനോൻ തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. മാതൃഭൂമി പത്രമായിരുന്നു സ്ഥിരമായി വായനശാലയിൽ എത്തിയിരുന്നത്. CSP യുടെ മുഖപത്രമായിരുന്ന 'പ്രഭാതം' ദൈവാരിക ഷൊർണ്ണൂരിൽനിന്നും എത്തിയിരുന്നു. 'ഉദയം'എന്നപേരിൽഒരുകയ്യെഴുത്തുമാസികയും ഇറക്കിയിരുന്നു. ബാരിസ്ററർ എ. കെ. പിള്ളയുടെ 'കോൺഗ്രസ്സും കേരളവും' സ്വാമി വിവേകാനന്ദൻെറ ജീവചരിത്രം, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എഴുതിയ 'കാർക്സിൻെറ ലഘുജീവചരിത്രം' തുടങ്ങിയ പുസ്തകങ്ങളും വായനശാലയിൽ ലഭ്യമായിരുന്നു. മഹാത്മാ വായനശാലയുടെ പതനത്തിനുശേഷം കടുങ്ങപുരത്ത് 'INA നാരായണമേനോൻ വായനശാല' ആരംഭിച്ചു. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന കെ. നാരായണമേനോൻ ജോലിതേടി സിംഗപ്പൂരിലേക്ക് പോവുകയും അവിടെവെച്ച് നേതാജിയുടെ ഇന്ത്യൻ നാഷനൽ ആർമിയിൽ ചേരുകയും

ബ്രിട്ടീഷുകാർക്കെതിരെ പൊരുതി ഇംഫാലിൽ വെച്ച് ഒരു യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്തുവെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിൻെറ ഓർമ്മക്കായിട്ടായിരുന്നു.INA നാരായണമേനോൻ വായനശാല. 1955-56 കാലത്താണ് 'INA' വായനശാല മൃതാവസ്ഥയിലാവുന്നത്. ഈ കാലഘട്ടത്തിൽതന്നെ രാമപുരത്തു പ്രവർത്തിച്ചിരുന്ന രാമപുരം വായനശാലയും എടുത്തുപറയേണ്ടതാണ്. സ്വന്തമായി കെട്ടിടമുണ്ടായിട്ടും ജീർണ്ണാവസ്ഥയിലാണ് ഈ വായനശാലയിപ്പോൾ. 1979നോടടുത്ത കാലത്ത് പുത്തൻ കളപ്പടിയിൽ തുടങ്ങിയ 'എ കെ ജി' വായനശാല തുടക്കത്തിലേ പൊലിഞ്ഞുപോയി. സർക്കാർ സഹായത്തോടുകൂടി പുഴക്കാട്ടിരി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു പൊതുജന വായനശാല പഞ്ചായത്തിലിപ്പോൾ നിലവിലുണ്ട്.

1960ൽ പുഴക്കാട്ടിരി ബ്രാഞ്ച്പോസ്റ്റോഫീസ് സ്ഥാപിതമാവുന്നതിന് മുമ്പ് അഞ്ചലോട്ടക്കാരായിരുന്നു തപാൽ വിതരണം നടത്തിയിരുന്നത്. പാതിരമണ്ണ,മണ്ണുംകുളം,കോട്ടുവാട്, പുഴക്കാട്ടിരി എന്നീപ്രദേശങ്ങളാണ് പുഴക്കാട്ടിരിബ്രാഞ്ച് പോസ്റ്റാഫീസിൻെറ പരിധിയിൽവരുന്നത്. ആദ്യത്തെ പോസ്റ്റ് മാസ്റ്റർ ശ്രീ. കെ. രാമുണ്ണിനായർ ആയിരുന്നു. രാമപുരം ബ്രാഞ്ച് പോസ്റ്റോഫീസും ഈയവസരത്തിൽ സ്മരണീയമാണ്, വൈദ്യസഹായത്തിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന ആദ്യകാലങ്ങളിൽ. നാട്ടുവൈദ്യൻമാരെയായിരുന്നു ജനങ്ങൾ മഖ്യമായും ആശ്രയിച്ചിരുന്നത്. അടുത്തുള്ള ഏകആതുര ശുശ്രൂഷാലയം പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയായിരുന്നു. 'ചെത്ത്വഴി' എന്നറിയപ്പെട്ടിരുന്ന അങ്ങാടിപ്പുറം-പടപ്പറമ്പ് റോഡ് ആദ്യകാലത്ത് കാളവണ്ടികൾക്കും ബ്രിട്ടീഷ്കാരുടെ കുതിരവണ്ടികൾക്കും പോകാൻ മാത്രം പര്യാപ്തമായ ഒന്നായിരുന്നു. കോഴിക്കോട്-മദ്രാസ് ട്രങ്ക് റോഡ് എന്നറിയപ്പെട്ടിരുന്ന രാമപുരം റോഡായിരുന്നു അക്കാലത്ത് ദൂരയാത്രക്കുള്ള ഏക ആശ്രയം. ഒന്നോ രണ്ടോ ചെറിയ പീടികയും ഒരു ചായക്കടയുംകൊണ്ട് നഗരസങ്കൽപങ്ങൾക്ക് വിരാമമിടുന്ന അക്കാലത്ത് പുഴക്കാട്ടിരിയിൽവെച്ച് നടത്തിയിരുന്നഞായറാഴ്ച ചന്ത മറക്കാവുന്നതല്ല.

മലബാർ ഡിസ്ട്രിക്ടു ബോഡിൻെറ കീഴിലായിരുന്ന പുഴക്കാട്ടിരി 1961 ലാണ്പുഴക്കാട്ടിരി പഞ്ചായത്തായി രൂപംകൊള്ളുന്നത്. 1969ൽ ഇപ്പോഴുള്ള സ്വന്തമായകെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്തിലെ ആദ്യത്തെ ഭരണസമിതി നിലവിൽ വരുന്നത് 1964 ലാണ് ആദ്യ പ്രസിഡണ്ട് ചരിത്രംനിയോഗംപോലെ ജനകീയാസൂത്രണ പദ്ധതികൾക്കും നേതൃത്വം നൽകാൻ തിരഞ്ഞെടുക്കപ്പെട്ട ശ്രീ പാലോളിമുഹമ്മദ്കുട്ടി യായിരുന്നു. ആൽപ്പാറ ചക്കപ്പുണ്ണി. കെ. പി. കമ്മത്ഹാജി, മാമ്പ്ര അബ്ദുള്ളഹാജി, കെ. പി. കുഞ്ഞിക്കോയ, കല്ലറാംകുന്നത്ത് ചാത്തു, (നോമിനി), എം. ദേവകി (നോമിനി) കക്കാട്ടിൽ മുഹമ്മദ്കുട്ടി എന്നിവരായിരുന്നു മററു ഭരണസമിതിയംഗങ്ങൾ. ഇവരിൽ പാലോളി പ്രസിഡൻറ്സ്ഥാനം രാജിവെക്കുകയും തുടർന്ന് ആൽപ്പാറ ചക്കപ്പുണ്ണി പ്രസിഡണ്ടാവുകയും ചെയ്തു, അദ്ദേഹത്തിൻെറ രാജിയെതുടർന്ന് കെ. പി. കുഞ്ഞിക്കോയയെ പ്രസിഡൻറായിതിരഞ്ഞെടുത്തു. കെ. പി. കമ്മദ്ഹാജി മെമ്പർ സ്ഥാനം രാജിവെച്ചതിനെ തുടർന്ന് പകരം കെ. ടി. തെയ്യുമാസ്ററെ തിരഞ്ഞെടുക്കപ്പെട്ടു.

1979ൽ അധികാരമേററ രണ്ടാമത്തെബോർഡിൻെറ പ്രസിഡണ്ട്, കാലം ഒരുപുതിയ കാഹളത്തിന് കാതോർത്തിരിക്കുന്ന ഈയവസരത്തിലും പ്രസിഡൻറായിരിക്കുന്നശ്രീസി.കെ. അബുവായിരുന്നു. പരിയാരത്ത്മുഹമ്മദ് (വൈസ്പ്രസിഡൻറ്) കെ. ടി. അബു, കെ. അബൂബക്കർ, പറോട്ടിൽ മുഹമ്മദ്മൗലവി, പി ആയിഷ, സി. കടുങ്ങൻ, കെ. പി. കമ്മദ്ഹാജി എന്നിവരായിരുന്നു മററുഭരണസമിതിയംഗങ്ങൾ 84-88 കാലത്ത് ബോർഡ് നിലവിലില്ലാത്തതു കാരണം പഞ്ചായത്ത് ഭരണം സ്പെഷ്യൽ ഓഫീസറുടെ കീഴിലായിരുന്നു തുടർന്ന് 1988ൽ അധികാരമേററ മൂന്നാമത്തെ ബോർഡ് പ്രസിഡണ്ട് ശ്രീ എം. അഹമ്മദ്ഹാജി യായിരുന്നു. എം കൃഷ്ണൻ, കെ. ടി. അബു വൈസ്. പ്രസിഡണ്ട്, രാമകൃഷ്ണൻ, കല്ലിങ്ങൽമൈമൂനത്ത്, കെ പി കുഞ്ഞിമുഹമ്മദ്, കെ. ടി. തെയ്യുമാസ്ററർ, പി. കരീം എ ആയിഷ എന്നിവരായിരുന്നു ഭരണസമിതിയംഗങ്ങൾ.

ഇപ്പോഴത്തെ ഭരണസമിതി 4.10.1995ൽ അധികാരമേററു. (പ്രസി. ശ്രീ. സി. കെ. അബു സി. ശശികുമാർ, വി. നഫീസ, സി. കുഞ്ഞുണ്ണി. പരിയാരത്ത് മുഹമ്മദ്, ആറതോടൻ സൽമ[വൈ പ്രസി.], കെ. പി. കമ്മദ് എന്ന വാപ്പു, കെ. പി. ഫാത്തിമ്മ, എം. സൂപ്പി, എ. ശാന്തകുമാരി എന്നിവരാണ് മററു മെമ്പർ

മാർ. ഈ ഭരണ സമിതി മുതൽ 10 മെമ്പർമാരാണ് പഞ്ചായത്തിനുള്ളത്.

പുതു തലമുറയുടെ പഠനങ്ങൾക്കും വിചിന്തനങ്ങൾക്കും കാതോർത്തുകൊണ്ട് ഈ ചെറു കുറിപ്പിന് ഇവിടെ വിരാമമിടുന്നു.

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം !

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10% മാത്രമെ പട്ടിക ജനവിഭാഗമായുള്ളു. 194 പട്ടികജാതികുടുംബങ്ങൾ 15കോളനികളിലായി കഴിയുന്നു. അറുപത്തിയഞ്ചോളം കുടുംബങ്ങൾ ഇടകലർന്ന് ജീവിക്കുന്നവരാണ്. പട്ടികവർഗ്ഗക്കാർ നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നില്ല.

സാമൂഹ്യ ചരിത്രഗതിയിൽ പിൻതള്ളപ്പെട്ടുപോയ പട്ടികജാതി വിഭാഗങ്ങൾക്ക് നമ്മുടെ സാമൂഹ്യരംഗത്ത് നിർണായകമായ സ്ഥാനം കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഭൂപരിഷ്കരണ നിയമത്തിലൂടെ കുടികിടപ്പവകാശം ലഭിച്ചെങ്കിലും, വിദ്യാഭ്യാസ; വരുമാനമാർഗ്ഗങ്ങളിൽ സംവരണം നിലവിൽവന്നിട്ടുണ്ടെങ്കിലും; ഉചിതമായ പുരോഗതിയാതൊന്നിലും നേടിയെടുക്കുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസം:

പട്ടികജാതി വിഭാഗങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിലധികം നേടിയിട്ടുള്ള വർവളരെകുറവാണ്, സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൻെറ ഭാഗമായി കോളനികളെ കേന്ദ്രീകരിച്ച്; നിരവധി സാക്ഷരതാക്ലാസുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞുവെങ്കിലും ഇന്നും നിരക്ഷരർ ഭാഗികമായി പലഭാഗങ്ങളിലും നിലനിന്നുപോരുന്നുമുണ്ട്. 1996-97 വർഷങ്ങളിൽ പഞ്ചായത്തിലെവിവിധ സ്കൂളുകളിലായി 302 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 1995-96 ൽ പഠനം നിർത്തിയവർ 6 പേരാണ്. അതിൽ 4 പേർ ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ കേവലം ഇരുപതിനു താഴെയെവരുന്നുള്ളു.

## തൊഴിൽ:

പട്ടികജാതി വിഭാഗത്തിൽ കൂടുതൽ പേരും അടുത്തകാലംവരെ കാർഷികതൊഴിലാളികളായിരുന്നു. എന്നാൽ ഇന്നത്തെ കെട്ടിടനിർമ്മാണതൊഴിലാളികിളൽ ഏർപ്പെട്ടിട്ടുള്ളവരിൽ ഭൂരിപക്ഷവും മുൻ പറഞ്ഞ കർഷകത്തൊഴിലാളകളിൽനിന്നുമാണ്. കാർഷികതൊഴിലാളികളിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന് ഇന്ന നിലവിലുള്ള കൂലി 100 രൂപയും; സ്ത്രീക്ക് 60 രൂപയുമാണ്. ഇതിനു പുറമെ പരമ്പരാഗത തൊഴിലുകളായ കൊട്ടമെടയിൽ, പരമ്പ്, പായ മുതലായവയുടെ നെയ്ത്തു തൊഴിലുകൾ തുടങ്ങിയവയിൽ ഉപജീവനം തേടുന്നവരുണ്ട്. ഇവർക്കാവശ്യമായിട്ടുള്ള മുള, ഈററ, മുതലായവയുടേയും മററും ലഭ്യതകുറഞ്ഞുവരുന്നതുകാരണം, പ്രസ്തുത തൊഴിൽ മേഖലയും നശിച്ച് വരുകയാണ്. അസംസ്കൃത പദാർത്ഥങ്ങൾ യഥാസമയം കിട്ടിക്കൊണ്ടിരിക്കാനുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതും; ആസന്നമായിക്കൊണ്ടിരിക്കുന്ന തകർച്ചയിൽ നിന്നും സംരക്ഷിച്ച്വരേണ്ടതുമാണ്.

## പാർപ്പിടം;

സ്വന്തമായി പാർപ്പിട സൗകര്യങ്ങളില്ലാത്ത പട്ടികജാതി കുടംബങ്ങൾ നമ്മുടെ പഞ്ചായത്തിലില്ലെന്നുതന്നെപറയാം. വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പാർപ്പിടപദ്ധതികൾ ഇതിന് സഹായകരമായിട്ടുണ്ട്. ഓടിടാത്ത വീടുകൾ കോളനികളിൽ വിരളമാണ്. എന്നാൽ പാർപ്പിടപദ്ധതികളുടേതായി ചില നിബന്ധനകൾ, പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന വീടുകൾക്ക് വിഘ്നതങ്ങളുണ്ടാക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. കൈവശഭൂമിയുടെ പരിധി കുറവായതുകാരണം സ്വന്തമായി ഭവനനിർമ്മാണത്തിനു താൽപര്യമുള്ള കുടുംബങ്ങൾക്ക്പോലും അതിനുകഴിയാതെ വരുന്നുമുണ്ട്.

പലകോളനികളിലും 'കക്കൂസു'കളില്ല. പഞ്ചായത്തിൻെറ സാമ്പത്തിക ബാദ്ധ്യതകളിൽ നിന്നുകൊണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മാണാർത്ഥം തുക അനുവദിച്ചിട്ടുണ്ടെങ്കിലും അത് പരിമിതവുമാണ്. അക്കാരണത്താൽ തന്നെ തുക കൈപ്പററാത്ത അവസ്ഥയുമാണ്. ശുചിത്വത്തെകുറിച്ചുള്ള ബോധവൽക്കരണകുറവും ഇതിനൊരു കാരണമാകാം. ആരോഗ്യ രംഗത്തെ പ്രവർത്തകരുടെശ്രദ്ധയും;

പ്രവർത്തനവും അനിവാര്യവുമാണ്.

**പ്രശ്നങ്ങൾ:**

1) കോളനികളിൽ വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഹൈസ്കൂൾതലത്തിൽ അധികവുമാണ്.

2) കാർഷിക പരമ്പരാഗത മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുപോകുന്നു. അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

3 പട്ടികജാതി കോളനികളിൽ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു.

4) ഒററപ്പെട്ടു താമസിക്കുന്ന ഹരിജൻ കുടുംബങ്ങളെ പ്രത്യേകം പരിഗണിക്കുന്നില്ല.

5 ശുചിത്വ ബോധവൽക്കരണവും മററും നടക്കുന്നില്ല.

6 ക്ഷേമ പ്രവർത്തനങ്ങളിൽ കാലവിളംബമുണ്ടാകുന്നു.

**സാദ്ധ്യതകൾ:**

* പട്ടികജാതി വിഭാഗത്തിലെ തൊഴിലില്ലായ്മ; പാർപ്പിട സൗകര്യം; കുടിവെള്ളക്ഷാമം; വൈദ്യുതീകരിക്കൽ എന്നിവ പരിഹരിക്കേണ്ടതിനുവേണ്ട നടപടികൾ ഉണ്ടാകണം.

* ഒററപ്പെട്ട്താമസിക്കുന്ന ഹരിജൻകുടുംബങ്ങൾക്ക് പ്രത്യേക ധനസഹായവും മററും നൽകേണ്ടതാണ്.

* പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ഈററ, മുള എന്നിവയും മററും ലഭിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കണം,

* ഹരിജൻസൊസൈററികളും മററും രൂപീകരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കേണ്ടതിന്നു വേണ്ട നടപടികൾ ഉണ്ടാക്കണം

* ഹരിജന വിഭാഗത്തിൽപെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് കാലതാമസംകൂടാതെ കർഷക തൊഴിലാളിപെൻഷൻ അനുവദിക്കുന്നതിനുള്ള തീരുമാനമുണ്ടാകണം.

* പട്ടികജാതി വിഭാഗങ്ങൾക്ക് വിവാഹം; മരണം തുടങ്ങിയ കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത്മുഖേന പ്രത്യേക ധനസഹായങ്ങൾ ലഭ്യമാക്കണം.

* ശുചീകരണകാര്യത്തിൽ പ്രത്യേകബോധവൽക്കരണം കോളനികളെ കേന്ദ്രീകരിച്ച് നടത്തണം.

* കോളനികളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾക്ക് പ്രത്യേക പരിഗണനനൽകണം.

* പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധനൽകണം.

* പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യ വൈദ്യസഹായം ലഭ്യമാക്കണം.

* വ്യവസായ പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ചവർക്ക് വ്യവസായംതുടങ്ങുവാനുള്ള സ്വയം തൊഴിൽവായ്പാ സൗകര്യങ്ങൾ നൽകുകയും ചെയ്യുക.

* വീട് പുതുക്കുന്നതിന്നും മററും പലിശരഹിത വായ്പകൾ അനുവദിക്കുക.

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് തെക്കേ അതിർത്തിയായ മാലാപറമ്പിൽനിന്നു തുടങ്ങി വടക്ക് കണ്ടപറമ്പ്, കുഴാറമ്പ് വരെയും കിഴക്ക് ചെരക്കാപറമ്പ് അരിപ്രമുതൽ പടിഞ്ഞാറ് ചൊവ്വാണ നാറാണത്ത് വരെയും വിസ്തൃതമായികിടക്കുന്ന ഭൂവിഭാഗമാണ്. അമ്മിനിക്കാട് മലയിൽനിന്നും ഉദ്ഭവിച്ച് കടലുണ്ടി പുഴയിൽചേരുന്നതും, പഞ്ചായത്തിൻെറ മദ്ധ്യത്തിലൂടെ ഒഴുകുന്നതുമായ ചെറുപുഴയാണ് കാർഷിക ജലസേചനത്തിൻെറ മുഖ്യ ഉപാധി. പ്രധാനമായും മണിക്കേററ് കടവ്, കക്കാട്ടിലെപ്പടി കടവ്, കോന്നംവല്ലം കടവ്, കോതരപ്പുഴ കടവ്, കട്ടക്കുണ്ട് കടവ്, വെള്ളിക്കടവ്, ഉടുമ്പാനശേരി തിരുണ്ട് കടവ്, പൂളക്കുണ്ട് കടവ് വെള്ളിയംപുറത്ത്കടവ് ചൊവ്വാംകുണ്ട് കടവ് തുടങ്ങിയ കടവുകൾ ഈ പ്രദേശത്തെ ജനങ്ങൾക്കും കന്നുകാലികൾക്കും ഉപയോഗ്യമാണ്.

ഈ പ്രകൃതിയനുസരിച്ച് 5 ആയി തിരിക്കാം.

1. കുന്നിൻ പ്രദേശം.
2. ചെറുചെരിവ്.
3. താഴ്വരകൾ.
4. സമതലം.
5. ചെറുതോടുകൾ.

പഞ്ചായത്തിൽ ഏററവും ഉയരംകൂടിയ പ്രദേശം പാലൂർ കോട്ടയാണ്. വെള്ളൂപറമ്പ്, ചെമ്മീൻപറമ്പ്, കണ്ടംപറമ്പ് എന്നിവയാണ്

# അധികാരം ജനങ്ങൾക്ക്

അധികാര വികേന്ദ്രീകരണം വഴി

ജനകീയവും ശാസ്ത്രീയവുമായ

ഗ്രാമതല ആസൂത്രണം.

9–ാം പദ്ധതി ജനകീയ പദ്ധതി.

40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്.

വികസനപ്രക്രിയ അഴിമതിരഹിതമാകുന്നു.

ബഹുജന സഹകരണം അനിവാര്യം.

മററ് ഉയരമുള്ള പ്രദേശങ്ങൾ. ചെങ്കൽമണ്ണാണ് പ്രധാനമായും കണ്ടുവരുന്നത്.

**ജനപ്രകൃതി:**

1991 ലെ സെൻസസ് കണക്ക് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21966 ആയിരുന്നു. ഇതിൽ 10594 പുരുഷൻമാരും 11372 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 778 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4835 എണ്ണമാണ് ഇപ്പോഴുള്ളത്. ജനസാന്ദ്രത ചതുരശ്ര മൈലിന് 2946 ആണ്. ആകെ ജനങ്ങളിൽ 93.5% പേർ സാക്ഷരരാണ്. എന്നാൽ 1990 ലെ സാക്ഷരതാ പ്രവർത്തനത്തിനു നടത്തിയ സർവ്വേപ്രകാരം 20% നിരക്ഷരരാണ്. ഇതിൽ 13.5%പേരെസാക്ഷരരാക്കാൻസാധിച്ചു. വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിൽ ഇടത്തരം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണിത്.

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലേ ഇതിനു പരിഹാരമുള്ളൂ. പ്രധാന വരുമാനമാർഗ്ഗമായിരുന്നകാർഷികവൃത്തി ആദായകരമാകാത്തതുകൊണ്ട് ജനങ്ങൾ മററ് തൊഴിൽ മേഖലയിലേക്ക് കടന്നുകയററം വ്യാപകമാക്കി. പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്തേക്കാണ് ജനങ്ങൾ ആകർഷിക്കുന്നത്. നല്ലൊരു ശതമാനം ജനങ്ങളും വിദേശങ്ങളിൽ ജോലിനോക്കുന്നവരാണ്. വിദേശവരുമാനത്തിന്റെ മുഖ്യഭാഗവും കെട്ടിടനിർമ്മാണ രംഗത്താണ് വിനിയോഗിക്കപ്പെടുന്നത്.

**ജലപ്രകൃതി:**

അമ്മിനിക്കാട് മലയിൽ നിന്നുദ്ഭവിച്ച് കൂട്ടിലങ്ങാടിയിൽ വെച്ച് കടലുണ്ടി പുഴയിൽ ചേരുന്ന ഒരു ചെറുപുഴ പഞ്ചായത്തിന്റെ ഏകദേശം മധ്യത്തിലൂടെ ഒഴുകുന്നു. പഞ്ചായത്തിലെ എല്ലാ തോടുകളും ഈ പുഴയിൽ ചേരുന്നു. ഈ പുഴക്ക് ഉടുംബനാശേരി, ചൊവ്വാണ എന്നിവിടങ്ങളിൽ ചിറകൾ ഉണ്ട്. തോടുകളിൽ പ്രധാന ചിറ അടങ്ങൻ ചിറയാണ്. നിലവിൽ 6 കുളങ്ങളാണ് പ്രധാനപ്പെട്ടവ.

| | പ്രധാനകുളങ്ങൾ | വാർഡ് |
|---|---|---|
| 1. | വലിയകുളം | 7 |
| 2. | കളത്തിൽകുളം | 4 |
| 3. | കായൽകുളം | 1 |
| 4. | എരുകുളം | 2 |
| 5. | മാന്ദാററുകുളം | 10 |
| 6. | കടുങ്ങൻചിറകുളം | 3 |

കച്ചൂരിചോല, പാലൂർകോട്ട ചോല, ചോലപ്പാറ തുടങ്ങിയ ചോലകൾ പ്രസിദ്ധമാണ്. എന്നാൽ വേനൽകാലങ്ങളിൽ (ഏപ്രിൽ, മെയ്) കുടിവെള്ളത്തിന് പ്രയാസം അനുഭവപ്പെടുന്ന വളരെയേറെപ്രദേശങ്ങൾ ഉണ്ട്.

**വിഭവസമാഹരണം:**

നമ്മുടെ പഞ്ചായത്ത് നേരിടുന്ന മുഖ്യ പ്രശ്നം വ്യവസായ മേഖലയുടെ അപര്യാപ്തതയാണ്. വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ നമ്മുടെ ഗ്രാമത്തിലില്ല. ചെറുകിട വ്യവസായങ്ങളാകട്ടെ പേരിനുണ്ടെങ്കിലും, വിഭവസമാഹരണ രംഗത്ത് നിർണ്ണായക സ്വാധീനമുണ്ടാക്കുന്ന വിധത്തിൽ ഇതുവരെയും വളർച്ച പ്രാപിച്ചിട്ടില്ല.

കാർഷിക രംഗത്തെ ആശ്രയിച്ചാണ് നാം നിലനിന്നുപോരുന്നതെങ്കിലും, ആ മേഖലയിലെ മുരടിപ്പ് നമ്മെ തളർത്തികൊണ്ടിരിക്കുകയാണ്. നെൽകൃഷിയുടെ വ്യാപ്തി മററു പല കാരണങ്ങളാൽ കുറഞ്ഞുകൊണ്ടുവരികയും ഉൽപാദനക്ഷമത കൈവരാതിരിക്കുകയും ചെയ്യുന്നു. കാർഷിക വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉൽപാദന മേഖല വൈപുല്യപ്പെടുത്തിയല്ലാതെ പുതിയ വിഭവ സമാഹരണം കണ്ടെത്താൻ നമുക്ക്കഴിയുകയില്ല.

സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചുകൊണ്ടാണ് ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവ

ർത്തനങ്ങളടക്കം മററു വികസന പ്രവർത്തനങ്ങൾ ഇവിടെ മുന്നോട്ടുപോകുന്നത്. അവ തന്നെ യഥാസമയം ലഭിക്കുന്നതിനുതടസ്സമുണ്ടാകുന്നതായാണ് നമ്മുടെ അനുഭവം. മററു വരുമാന മാർഗ്ഗങ്ങളായി നമ്മുടെ പഞ്ചായത്തിനുള്ളത് കെട്ടിടനികുതിയും, തൊഴിൽ നികുതിയുമാണ്. ജനങ്ങളുടെപ്രധാന വരുമാനം കൂലി വേലയിൽ നിന്നുകിട്ടുന്നതുമാത്രമാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണം വളരെ കുറവാണ്. ഗൾഫ്മേഖലയിൽ മൊത്തം ജനസംഖ്യയുടെ 4% ത്തോളം പേരുണ്ടാകുമെങ്കിലും, അവരുടെ വരുമാനത്തിന്റെ നല്ലൊരുഭാഗവും നിക്ഷേപിക്കപ്പെടുന്നത് ഉൽപാദനപരമല്ലാത്ത മേഖലകളിലാണ്. വിനോദ നികുതിയിൽ നിന്നുള്ള വരുമാനവും നമ്മുടെ പഞ്ചായത്തിന് ഇതുവരെ ഉണ്ടായിട്ടില്ല.

1995-96 വർഷത്തിൽ പഞ്ചായത്തിനുലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടനികുതി | 98626.95 |
| ലൈബ്രററി സെസ് | 4862.95 |
| തൊഴിൽ നികുതി | 84850.00 |
| ലൈസൻസ് ഫീസ് | 6051.25 |
| സ്ററാമ്പ് ഡ്യൂട്ടി 75% | 169675.00 |
| ,, 24% | 13984.00 |
| മററുള്ളവ | 21439 40 |
| വിഹിതം | 1000.00 |
| നിക്ഷേപം | 8170.00 |
| ആകെ | 408659.55 |

## കെട്ടിടനികുതി:

കെട്ടിടനികുതി ഈടാക്കുന്നതിലെ അശാസ്ത്രീയത മാററിയെടുക്കേണ്ടതുണ്ട്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണവും, ആഡംബര സംവിധാനങ്ങളും കണക്കാക്കി നികുതി ചുമത്തേണ്ടതായുണ്ട്. നികുതി സമ്പ്രദായത്തിൽ സ്ലാബ് സമ്പ്രദായം കൊണ്ടുവരുന്നത് ഈ രംഗത്തെ ധൂർത്ത്നിരുൽസാഹപ്പെടുത്തുന്നതിന്സഹായകരമാണ്. നികുതി ചുമത്തുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു അസസ്സ്മെന്റ് കമ്മററി ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. കൃത്യമായി നികുതി പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ ഒരു സമ്പ്രദായം ആലോചിക്കാവുന്നതാണ്.

## തൊഴിൽനികുതി:

നമുക്ക് തൊഴിൽ നികുതി ലഭിക്കുന്നത് സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നുമാണ്. പഞ്ചായത്തിനുള്ളിലെ സർക്കാർ-എയ്ഡഡ് അദ്ധ്യാപകർ, ഗവൺമെൻറു സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നുമാണ് തൊഴിൽനികുതി ലഭിച്ചുവരുന്നത്. മററു തൊഴിൽ മേഖലകളിൽ ജോലിയെടുക്കുന്നവരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ഗുണപരമാവുമെങ്കിൽ ആലോചിക്കാവുന്നതാണ്.

## വിനോദ നികുതി:

നമ്മുടെ പഞ്ചായത്തിൽ ഇതുവരെയും സിനിമാ തിയേററർ തുടങ്ങിയ സ്ഥാപനങ്ങളില്ലാത്തതുകൊണ്ട് വിനോദ നികുതിയിൽ നിന്നുള്ള വരുമാനം ലഭ്യമായിട്ടില്ല. എന്നാൽ പുഴക്കാട്ടിരി ആശുപത്രിക്ക് സമീപം പണി തീർന്നുകൊണ്ടിരിക്കുന്ന സിനിമാ തിയേററർ വരുന്നതോടെ ആ ഇനത്തിലുള്ള വരുമാനവും പ്രതീക്ഷിക്കാവുന്നതാണ്.

## ഖനനം:

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഖനനങ്ങൾ കരിങ്കല്ല്, ചെങ്കല്ല് എന്നിവയുടെ ഖനനവുമായി ബന്ധപ്പെട്ടതാണ്. കോറികൾ തുടങ്ങുന്നതിനുള്ള ലൈസൻസ് നൽകുവാനും, നികുതി ഈടാക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിനു നൽകുന്ന സംവിധാനം വരണം. യാതൊരു തത്വദീക്ഷയുമില്ലാതെ പരിസ്ഥിതിപ്രശ്നങ്ങളുണ്ടാക്കുന്ന വിധത്തിൽ നാം മാറുന്നത് നിയന്ത്രിക്കുന്നതിനുള്ള അധികാരവും നമുക്ക് ആവശ്യമാണ്.

# ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ രാമപുരം കനറാബാങ്ക്, സർവ്വീസ് സഹകരണബാങ്കിന്റെ രാമപുരം, പുഴക്കാട്ടിരി ശാഖകൾ അങ്ങാടിപ്പുറം സഹകരണബാങ്കിന്റെ കടുങ്ങപുരം ശാഖ തുടങ്ങിയവയാണ്. ഈ സ്ഥാപനങ്ങൾക്ക് നമ്മുടെ സാമ്പത്തിക വിക

സന രംഗത്ത് പ്രത്യേക പങ്കുവഹിക്കാനുണ്ട്. പഞ്ചായത്തിൽ നിന്നു സമാഹരിക്കുന്ന തുക യുടെ 80–90 ശതമാനമെങ്കിലും പഞ്ചായത്തിൽ വായ്പയായി വിതരണം ചെയ്യുവതായിട്ടുണ്ട് ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കുവാൻ ബാങ്കി കളെ ബാധ്യസ്ഥമാക്കുന്ന നിയമം ഉണ്ടാവേണ്ടു യിരിക്കുന്നു.

### ചെലവുകൾ

വളരെ ദരിദ്രമായ പഞ്ചായത്തായത്കൊണ്ട് പ്രത്യുൽപാദന പരമായ കാര്യങ്ങൾക്ക് പണം ചെലവഴിക്കാൻ സാധിക്കാതെ വരുന്നു. വരുമാനത്തിന്റെ സിംഹഭാഗവും ഉദ്യോഗസ്ഥർക്ക് ക്ക് ശമ്പളം കൊടുക്കുന്നതിനും മററുമാണ് ചെലവഴിക്കപ്പെടുന്നത്. ഭരണ ചെലവുകളി ലാകട്ടെ കാര്യമായ മാററമൊന്നും വരുത്താൻ കഴിയുകയുമില്ല. വികസന പ്രവർത്തനങ്ങളിൽ കൂടുതൽതുകയും ചെലവഴിച്ചിട്ടുള്ളത് റോഡിനാണ്. കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി ഇത്തരം പൊതുമരാമത്തു പണികൾ ചെയ്യുന്ന തിലൂടെ ലാഭകരമായ സംവിധാനം ഉണ്ടാക്കാൻ കഴിയും. വികസന സമിതികൾ രജിസ്ററർ ചെയ്തുകൊണ്ട്, ലഭിക്കുന്ന സാമ്പത്തിക സഹായം പരമാവധി ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ജനപങ്കാളിത്തം വികസനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുന്നതിന്, ചുവപ്പു നാടയെ സംബന്ധിച്ച ഭയം പാടെ മാറേറണ്ട തുണ്ട്. സന്നദ്ധസംഘടനകളെ വികസന പ്രവർത്തനങ്ങളിൽ ബോധപൂർവ്വം കണ്ണിചേർക്കേണ്ടതുണ്ട്.

മററു വിഭവസമാഹരണ മേഖലയായി നമ്മു ടെ നിർദ്ദേശിയാവാനുള്ളത്സമ്പാദ്യ പദ്ധതി യിലൂടെ പഞ്ചായത്തിനു ലഭിക്കുന്ന വരുമാന മാണ്. ഒരോ പഞ്ചായത്തിൽനിന്ന് പിരിച്ചെടു ക്കുന്ന ഇന്ദിരാ വികാസ്പത്രയുടെ 15% മുതൽ 25% വരെ പഞ്ചായത്തിനുതന്നെ കിട്ടുന്ന വ്യവസ്ഥ ഇപ്പോഴുണ്ട്. ഇത്തരം സമ്പാദ്യപദ്ധ തികളെ പരമാവധി ഉയർത്തിയെടുത്തു കൊണ്ട് വരുമാനം വർദ്ധിക്കുന്നതിനുള്ള ശ്രമങ്ങൾ നട ത്താവുന്നതാണ്.

ഗ്രാമസഭകളിൽ നിർദ്ദേശിച്ചത് പോലെ ഗ്രാമചന്തയും മത്സ്യ മാർക്കററും തുടങ്ങുക യാണെങ്കിൽ, പഞ്ചായത്തിന്റെ വരുമാനം ആ രീതിയിൽ വർദ്ധിപ്പിക്കുന്നതിനു കഴിയും. പുറമെ, ഉൽപന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിന് കർഷകർക്കും മററും സഹായകരമാവു കയും ചെയ്യും.

ചുരുക്കത്തിൽ മനുഷ്യാധ്വാനം വികസന ത്തിന്റെ വിവിധ മേഖലകളിൽ സമർത്ഥമായി പ്രയോഗിക്കപ്പെടുകയാണെങ്കിൽ ഏററവും സു പ്രധാനമായി വിഭവ സമാഹരണമെന്നത് അതുതന്നെയായിരിക്കും.

## ടൂറിസം

ചരിത്രത്തിന്റെ പുറം പോക്കിൽ അനാഥ മായി കിടക്കുവാൻ വിധിക്കപ്പെട്ട പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ തെക്കേ അററത്തു സ്ഥി തിചെയ്യുന്ന വിശാലമായ പുൽപരപ്പുംചരിത്ര പ്രാധാന്യമുള്ളപാലൂർകോട്ടയുടെ അവശിഷ്ട ങ്ങളും ചരിത്ര വിദ്യാർത്ഥികൾക്ക് പ്രയോ ജനപ്രദമാണ്. പാലൂർ കോട്ടയുടെ പരിസര പ്രദേശത്തുനിന്ന് ഉദ്ഭവിക്കുന്ന ചോല നൂറിൽ പരം അടി താഴ്ചയിലേക്ക് പതിക്കുന്നകാഴ്ച കാവ്യസങ്കൽപങ്ങൾക്കും അതീതമാണ്. പാലൂർ കോട്ടയിൽ നിന്നും നോക്കിയാൽ പെരിന്തൽ മണ്ണതാലൂക്കിന്റെ സിംഹഭാഗവും വീക്ഷിക്കാ വുന്നതാണ്. ഇവിടുത്തെ വെള്ളച്ചാട്ടം മനോഹര മായ ഒരു ദൃശ്യമാണെങ്കിലും വിനോദ സഞ്ചാരി കൾക്ക് ഈ ദൃശ്യം കാണാനും ആസ്വദിക്കാനും അവിടെ ആയാസരഹിതമായി എത്തിപ്പെടാനും ഇപ്പോഴും സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാ എന്നത് നമ്മുടെ ശാപമാണ്. പുഴക്കാട്ടിരി പഞ്ചായ ത്തിന്റെ മധ്യഭാഗത്തു സ്ഥിതിചെയ്യുന്നതും ഉയർന്നപ്രദേശവുമായ വെള്ളൂപറമ്പിൽ നിന്നും നോക്കിയാൽ കാണുന്ന അനന്തമായ പച്ചപ്പ് ചേതോഹരമായ ഒരു കാഴ്ചയാണ്. ചൊവ്വാണ ക്കടവിലെ ചിറയും താഴെയുള്ള മണൽ തുരു ത്തും ചിറയിലെ പൂന്തോട്ടവും സായാഹ്നങ്ങ ളിൽ ധാരാളം ആളുകളെ ആകർഷിച്ചുവരുന്നു. പഞ്ചായത്തിന്റെ മധ്യത്തിലൂടെ ഒഴുകുന്ന പുഴയും ഇരുവശങ്ങളിലെ പച്ചപ്പാടവും തെങ്ങി ൻതോപ്പുകളും പ്രകൃതിയുടെ വരദാനമാണ്. സ്വാതന്ത്ര്യ സമരസേനാനികളായ എം. പി. നാരായണമേനോന്റെയും കട്ടിളശേരി മുഹമ്മദ് മുസ്ല്യാരുടെയും ജൻമസ്ഥലമായ കട്ടിലശേ രിയും അവരുടെ ജൻമഗൃഹവും ചരിത്രതാളു കളിൽ സ്ഥാനം പിടിച്ചവയാണ്.

എം. പി. നാരായണമേനോന്റെയും കട്ടില ശേരി മുഹമ്മദ്മുസ്ല്യാരുടെയും സ്മരണ നില

നിർത്താൻ സ്മാരകം പണിയുകയും പാലൂർ കോട്ടയിൽ വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുകയും വെള്ളച്ചാട്ടദൃശ്യം അടുത്തുനിന്നുകാണാൻ അതുവരെ റോഡുസൗകര്യം ഉണ്ടാക്കുകയും വേണം.

## സംസ്കാരം

ഇന്ത്യൻ സ്വാതന്ത്ര്യസമരപോരാളികളായ കട്ടിലശേരി മുഹമ്മദ്മുസ്ലിയാർ. എം. പി. നാരായണമേനോൻ എന്നിവരുടെ ജൻമം കൊണ്ടനുഗ്രഹീതമായ ഈ പ്രദേശം സാംസ്കാരിക രംഗത്ത് എന്നും ഉന്നത നിലവാരം പുലർത്തിപോന്നിട്ടുണ്ട്. ഇവരുടെ സ്മരണക്കുവേണ്ടി ഒരു സാംസ്കാരിക സംഘടന രൂപീകരിച്ച് വർഷം തോറും എൻഡോവ്മെൻറ് നൽകപ്പെടുന്നുണ്ട്. നാടൻ കലാരൂപങ്ങളായ കോൽക്കളി, ചെറുമക്കളി. അറവാനമുട്ട്, പരിചമുട്ട് മുതലായവ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ കുറെയൊക്കെകാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രന്ഥാലയങ്ങളുടെ കുറവ് വളരെയേറെയുണ്ട്. സാംസ്കാരികനിലയങ്ങളുടെ എണ്ണക്കുറവും ശ്രദ്ധേയമാണ്. കലാസാംകാരിക സംഘടനകളൊക്കത്തന്നെ സാമ്പത്തിക പരാധീനതമൂലം പ്രതിസന്ധിയിലുമാണ്.

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിൽ ഒരു ഗ്രന്ഥാലയം പോലുമില്ല. രാമപുരം 8-ാം വാർഡിൽ ഉണ്ടായിരുന്ന വായനശാല കെട്ടിടം തകർന്ന്പോയിരിക്കയാണ്.

2. രണ്ടാംഘട്ട സാക്ഷരതാപ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്.

3. പ്രാചീന കലാരൂപങ്ങളായ, കോൽക്കളി, ചെറുമക്കളി, അറവാനമുട്ട്, പരിചമുട്ട് എന്നിവ പ്രോൽസാഹനം ലഭിക്കാത്തതിനാൽ നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു.

4. കടുങ്ങപുരം ജി. എച്ച്. എസ് ഒഴികെ മററു സ്കൂളുകളിൽ ലൈബ്രറികൾ നിലവിലില്ല.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും**

1. പഞ്ചായത്തിലെ ഓരോ വാർഡിലും ചുരുങ്ങിയത് ഓരോ ഗ്രന്ഥാലയങ്ങൾസ്ഥാപിക്കുക.

2. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജന വിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

3. പ്രാചീന കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്ന് പഞ്ചായത്ത് തലത്തിൽ ഒരുകമ്മററി രൂപീകരിക്കുക.

4. പ്രൈമറി സ്കൂളുകളിൽ പാഠ്യേതര ഗ്രന്ഥ ശേഖരങ്ങൾ സ്ഥാപിക്കുക.

5. സാംസ്കാരിക നിലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. ഒരു വാർഡിന്ന് ഒന്ന് എന്നതോതിൽ സാംസ്കാരികനിലയങ്ങൾഉണ്ടാവേണ്ടതാണ്. ടി. വി., റേഡിയോകളുടെ എണ്ണം വർദ്ധിപ്പിക്കുകയുംനിലവിലുള്ളവ കൂടുതൽ സൗകര്യപ്രദമായ രീതിയിൽ സ്ഥാപിക്കുകയും ചെയ്യുക.

6 കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 4-ാം വാർഡിലും 5-ാം വാർഡിലും പുതിയ കളി സ്ഥലങ്ങൾ നിർമ്മിക്കുകയും, 6.ാം വാർഡിലെ U P സ്കൂൾ ഗ്രൗണ്ട് 3 അടി ഉയർത്തി നിർമ്മിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതുമാണ്.

7. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുകത്തുകയും മയക്കുമരുന്നിനും മററുസാമൂഹിക തിൻമകൾക്കുമെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

## കുടിവെള്ളവും പൊതുജനാരോഗ്യവും

സമൂഹത്തിൻെറ ആരോഗ്യത്തെ സ്വാധീനിക്കുന്നഘടകങ്ങളാണല്ലോ ശുദ്ധവായു, ശുദ്ധമായവെള്ളം, പോഷകാഹാരം, ശുചിത്വമുള്ള പാർപ്പിടം എന്നിവ. സമൂഹത്തിലെ മുഴുവൻ ആളുകൾക്കും ശുദ്ധമായ കുടവെള്ളവും, കക്കൂസും, പരിസര ശുചിത്വബോധവും ലഭ്യമായാൽ

പകരുന്ന രോഗങ്ങളിൽ 80%ത്തോളവും തടയാവുന്നതാണ്. വായു മലിനീകരണം നടത്തുന്ന ഫാക്ടറികൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ ജനങ്ങളിൽ 90%പേരും ആശ്രയിക്കുന്നത് കിണറുകളെയാണ്. എന്നാൽ ആകെയുള്ള കിണറുകളിൽ 90%വും വേനൽക്കാലങ്ങളിൽ വററിപ്പോവുന്നവയാണ്. 10% കിണറുകളിൽ നിന്നാണ് എന്നും വെള്ളം ലഭിച്ച്കൊണ്ടിരിക്കുന്നത്. കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്ന വേനൽക്കാലങ്ങളിൽ തോടുകളിലും, പുഴകളിലും ചെറിയ കുഴികൾ ഉണ്ടാക്കി അവയിൽനിന്നും വെള്ളം ശേഖരിക്കുന്ന ചുരുക്കം ചില കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. കേരള വാട്ടർ അതോറിട്ടിയുടെ നാല് ചെറിയ ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ടെങ്കിലും അതിൻെറ പ്രയോജനം അനുഭവിക്കുന്ന 10%പേർ മാത്രമാണ്. വാട്ടർ അതോറിട്ടിയുടെ ടാപ്പുകളിൽ എല്ലാ ദിവസവും വെള്ളം എത്താറില്ല. ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മൂന്നോ നാലോ മണിക്കൂർ സമയം മാത്രമേ വെള്ളം കിട്ടാറുള്ളൂ. ജനങ്ങളിൽ ചെറിയൊരു വിഭാഗം ആശ്രയിക്കുന്നത് കുഴൽ കിണറുകളെയാണ്. ഗതാഗത സൗകര്യം ഇല്ലാത്തത് കാരണം ജലദൗർലഭ്യം ആനുഭവപ്പെടുന്ന ഉയർന്ന പ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കാൻ കഴിഞ്ഞിട്ടില്ല. വേനൽക്കാലത്ത് പരമാവധി 2 കി. മീ. സഞ്ചരിച്ചാണ് ചില ആളുകൾ വെള്ളം ശേഖരിക്കുന്നത്.

മേൽ പ്രശ്നങ്ങളെല്ലാം തന്നെ ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിൻെറ രൂക്ഷതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വേനൽ കാലത്ത് വററാത്തത്. | വേനൽകാലത്ത് വററുന്നവ | വേനൽകാലത്ത് വററാത്തത് | വേനൽകാലത്ത് വററിപോവുന്നവ | | |
| 2 | 17 | 215 | 1939 | 93 | 2266 |

പട്ടിക-2

KWA പദ്ധതികൾ

| പദ്ധതിയുടെ പേര് | പൊതു ടാപ്പുകളുടെ എണ്ണം | സ്വകാര്യ കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1. രാമപുരം ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി.<br>2. മഞ്ഞളാംകുഴി ഹരിജൻകോളനി ശുദ്ധലജ വിതരണ പദ്ധതി.<br>3. ചെറുകുന്നത്ത് ഹരിജൻ കോളനി ശുദ്ധജലവിതരണ പദ്ധതി.<br>4. കടുങ്ങപുരം കുഴൽകിണർ ശുദ്ധജലവിതരണപദ്ധതി. | 133 | 167 |

വിശേഷാൽ ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വന്ന കുടിവെള്ളപ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ പട്ടികയിൽ ചേർത്ത പ്രകാരമാണ്.

പട്ടിക-3

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ. |
|---|---|---|
| 1 | A അമ്പലപ്പടി. കോട്ടുവാട്, ലക്ഷംവീട് പ്രദേശം, മണ്ണും കുളത്തിന്റെ ചിലഭാഗങ്ങൾ | ആൽകുളത്തിന് ചേർന്ന് ഒരു കിണർ കുഴിച്ച് കൂരലാട് എന്ന സ്ഥലത്ത് ടാങ്ക് സ്ഥാപിച്ച് വിതരണക്കുഴലുകൾ മുഖാന്തിരം ജലവിതരണം നടത്തുക. |
| | B അംഗൻവാടി പരിസരം, മണ്ണും കുളം കോട്ടക്കുന്ന് പ്രദേശം | കുഴൽകിണർ കുഴിക്കുക. |
| | C കണക്കൻതൊടി. | പൊതു കിണർ കുഴിക്കുക. |
| 2 | പാണർകുന്ന്, കുന്നത്ത്പറമ്പ്, ബാലിയിൽ പറമ്പിന്റെ സമീപ പ്രദേശം, പള്ളിക്കുളമ്പ് | എരുകുളത്തിൽ കിണർ കുഴിച്ച് പലകപ്പറമ്പ് കുന്നിന്റെ ചരുവിൽ ജലസംഭരണി സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടുക. |

| | | |
|---|---|---|
| 3 | നടുക്കായി. നേമത്ത്കുഴി കോളനി ചെറുകുന്നത്ത് പറമ്പ് കോളനി | എരുകുളത്തിൽ കിണർ കുഴിച്ച് പമ്പ്സെററും ജലസംഭരണിയും സ്ഥാപിച്ച് ടാപ്പുകൾ മുഖാന്തിരം ജല വിതരണം നടത്തുക, |
| | മൈലാടി | കുഴൽ കിണറും പമ്പ്സെററും ഉപയോഗിച്ച് ടാപ്പുകൾ മുഖേന കുടിവെള്ള വിതരണം നടത്തുക. |
| 4 | കലകപ്പാറ ഹരിജൻ കോളനി, കട്ടിലശേരി പള്ളിക്കുളമ്പ് പ്രദേശവും സമീപപ്രദേശങ്ങളും | 1 കിഴക്കേക്കരപ്പടിക്കൽ കിണർ കുഴിച്ച് വെള്ളൂപറമ്പിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക.<br>2 കോളനിയിൽ നിലവിലുള്ള കിണർ ആഴം കൂട്ടി വൃത്തിയാക്കുക. |
| | തെററയിൽപ്പടി | നിലവിലുള്ള പൈപ്പ് ലൈൻ ഇങ്ങോട്ട് ദീർഘിപ്പിക്കുക. |
| | ചൊവ്വാണ ജി എൽ പി സ്ക്കൂൾ പരിസരപ്രദേശങ്ങൾ | ചൊവ്വാണപ്പുഴയിൽ കിണർ കുഴിച്ച് സ്ക്കൂളിനടുത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |
| | കട്ടിലശേരി പള്ളികുളമ്പ്, വാരിയത്തൊടികുളമ്പ്, കുട്ടിക്കുഞ്ഞൻ നായർപടി കളത്തുംപാറ, മുത്തങ്ങാപറമ്പ് കോളനി, പറയൻകുഴി മൊയ്തീൻഹാജിയുടെ വീടിന്റെ സമീപപ്രദേശം, വള്ളിയാംപുറത്ത് കുളമ്പ് | കുഴൽ കിണർ സ്ഥാപിക്കുക. |
| 5 | മധുരംകുന്നത്ത്, വെള്ളൂപറമ്പിന്റെ കിഴക്കെ ചരിവ്, പാതിരമണ്ണ കിഴക്കേതല, പാണറമ്പ് കണ്ണംപറമ്പ്, പുഴക്കാട്ടിരി അങ്ങാടി, പാതിരമണ്ണ സ്ക്കൂൾ പരിസരം | വാർഡിന്റെ വടക്ക് ഭാഗത്തുകൂട്ടി ഒഴുകുന്ന പുഴയിലെ കല്ലാംകുത്ത്കടവിൽ കിണറും കണ്ണംപറമ്പിൽ ജലസംഭരണിയും സ്ഥാപിച്ച് ടാപ്പുകൾ മുഖാന്തിരം ജലവിതരണം നടത്തുക. |
| | പൈതൽപടി, വാർഡിന്റെ ഉയർന്ന പ്രദേശങ്ങളായ വാകടിപ്പാറ, പൊല്ലുന്ന് എന്നീ പ്രദേശങ്ങൾ | കുഴൽ കിണറുകൾ സ്ഥാപിക്കുക. |

| | | |
|---|---|---|
| 6 | മണ്ണാറമ്പ്, മഞ്ഞളാംകുഴി ഹരിജൻ കോളനിയും അതിൻെറ പരിസരപ്രദേശങ്ങളും | KWA-യുടെ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതി കാര്യക്ഷമമല്ലാത്തതിനാൽ കൂടുതൽ കുതിരശക്തിയുള്ള പമ്പ്സെററ് സ്ഥാപിക്കുകയും വാർഡിൻെറ ഏററവും ഉയർന്ന പ്രദേശത്ത് ജലസംഭരണി സ്ഥാപിക്കുകയും ചെയ്യുക. |
| | ചെരിപുറം കുളമ്പ്, കല്ല്വെട്ടി കുളമ്പ്, മാനേങ്ങാട് റോഡ് ഭാഗം | കുഴൽ കിണറുകൾ കുഴിക്കുക. |
| 7 | ഹരിജൻ കോളനികളായ കല്ലറംകുന്ന്, മേലേപ്പാട്ട്, ചെകിടിപ്പറമ്പ് എന്നീ പ്രദേശങ്ങളും ഇവയുടെ പരിസര പ്രദേശങ്ങളും | ചൊവ്വാണച്ചിറക്ക് താഴെ തോട്ടത്തൊടിക്കടിപ്പടി എന്ന സ്ഥലത്ത് കിണർ കുഴിച്ച് ഉയർന്ന പ്രദേശമായ കല്ലറംകുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |
| | മച്ചിങ്ങൽ പറമ്പ് | കുഴൽ കിണർ സ്ഥാപിക്കുക. |
| | മേലേച്ചോല കുളമ്പ് | ചോല വൃത്തിയാക്കി സമീപ പ്രദേശങ്ങളിലുള്ളവർക്ക് വെള്ളമെത്തിക്കുക. |
| | രാമപുരം വലിയ കുളത്തിൻെറ സമീപ പ്രദേശങ്ങൾ | വലിയ കുളം വൃത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. |
| 8 | എട്ടാം വാർഡിലെ എല്ലാപ്രദേശങ്ങളും | മാമ്പററക്കുന്നിൽ ജലസംഭരണി സ്ഥാപിച്ച് അതിലേക്ക് തോട്ടത്തൊടി കിണററിലെ വെള്ളം പമ്പ്സെററ് ഉപയോഗിച്ച് നിറക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. |
| | അരീക്കരക്കുന്ന്, അംഗൻവാടിക്ക് സമീപം | കുഴൽ കിണർ കുഴിക്കുക. |
| 9 | യാറത്തിങ്ങൽ, കൊടിയംനിരപ്പ്, കല്ലിടുമ്പൻപടി ചോലപ്പാറ പ്രദേശം | 6-ാം വാർഡിലെ ജലപ്രശ്ന പരിഹാരത്തിന് നിർദ്ദേശിച്ച മാർഗ്ഗം. |
| | കൊടക്കാട്ടിൽ കുളമ്പ് ചോലപ്പാറ, രാമപുരം എ. എം. എൽ. പി. സ്ക്കൂളിന് സമീപം | കുഴൽകിണറുകൾ കുഴിക്കുക. |

| | | |
|---|---|---|
| 10 | പുഴക്കാട്ടിരി മുതൽ കടുങ്ങപുരം ഹൈസ്ക്കൂൾ വരെയുള്ള പ്രദേശം, തൈക്കാടൻ കുളമ്പ്, കടുങ്ങപുരം നേർച്ച പള്ളിഭാഗം, വളാങ്കോട് പാടം, വെട്ട്കാട്, അകായിലപ്പടി | ഉയർന്ന പ്രദേശമായ പാലൂർ കോട്ടയിലെ മുക്കാൽഏക്ര വിസ്തീർണ്ണമുള്ള കുളം മണ്ണെടുത്ത് നാലുവശവും മതിൽകെട്ടി വൃത്തിയാക്കി ഗ്രാവിററി (പമ്പ്സെററ് കൂടാതെ) മുഖാന്തിരം ജലവിതരണം നടത്തുക. |
| | കുറുങ്കാട്, കാസാവും കുന്ന് വഴിക്കടവ്, പുതിയംകോട് | കുഴൽ കിണറുകൾ കുഴിക്കുക. |

## പഞ്ചായത്തിൽ പൊതുവെ നടത്താവുന്ന കുടിവെള്ള പ്രശ്നപരിഹാരങ്ങൾ:

1 പഞ്ചായത്തിലെ 1, 2, 3, 10 എന്നീ നാലു വാർഡുകൾ ഉൾപ്പെടുന്ന മണ്ണുംകുളം, പുഴക്കാട്ടിരി, കോട്ടുവാട്, കുറുങ്കാട് കടുങ്ങപുരം എന്നീ പ്രദേശങ്ങളിൽ പൊതുവെ വെള്ളമെത്തിക്കാൻ ആൽകുളം, പാലൂർകോട്ട, എരുകുളം എന്നീ മൂന്ന് ജലസ്രോതസ്സുകൾ ഉപയോഗിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ 4, 5 എന്നീ രണ്ട് വാർഡുകൾ ഉൾപ്പെടുന്ന കട്ടിലശേരി, പാതിരമണ്ണയുടെ തെക്കേപ്രദേശങ്ങൾക്കായി കിഴക്കേക്കരപ്പടി, കട്ടാംകുത്ത് എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും പാതിരമണ്ണയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്.

3. 6, 7, 8, 9 എന്നീ നാല് വാർഡുകൾ ഉൾപ്പെടുന്ന പനങ്ങാങ്ങര, രാമപുരം നാറാണത്ത് പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കാൻ ഈ പ്രദേശത്ത്കൂടി ഒഴുകുന്ന പുഴയിലെ കോന്തം വല്ലംകിണർ, തോട്ടത്തൊടി കിണർ ഒരു ജലവിതരണ പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ഏററവും വലിയ രണ്ട് ജലസ്രോതസ്സുകളാണ് മേൽപറഞ്ഞ കിണറുകൾ.

## K W A യുടെ സമഗ്ര പദ്ധതികൾ:

**Comprehensive Rural Watter Supply Scheme C R W S S)**

മങ്കട, മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, കൂട്ടിലങ്ങാടി, മക്കരപ്പറമ്പ് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്താനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

## മററ് നിർദ്ദേശങ്ങൾ:

കുടിവെള്ള വിതരണ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പംതന്നെ താഴെ പറയുന്ന കാര്യങ്ങളും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1. കുടിവെള്ളം പാഴാക്കികളയുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

2. കുടിവെള്ള വിതരണ സംവിധാനം ഉപയോഗിച്ച്, കൃഷിയിടങ്ങൾ നനക്കുക, വാഹനങ്ങൾ കഴുകുക, വസ്ത്രങ്ങൾ കഴുകുക, കാലികളെ കുളിപ്പിക്കുക എന്നീ പ്രവണതകൾ നിരോധിക്കുക.

3. കുടിവെള്ള വിതരണ സംവിധാനത്തിലെ തകരാറുകൾ (പൈപ്പ് പൊട്ടുക, മോട്ടോർ കേടുവരിക, ടാപ്പുകൾക്കും, ടാങ്കുകൾക്കുമുള്ള ചോർച്ച) എന്നിവ അപ്പപ്പോൾ തീർക്കുക.

4. ജലജന്യരോഗങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

5, കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന പൊതു കിണറുകളുടെ സമീപത്ത് അലക്കുന്നതും കുളിക്കുന്നതും മററ്രീതികളിൽ കിണർ മലിനപ്പെടുത്തുന്നതുംകർശനമായിനിരോധിക്കുക.

# ആരോഗ്യം

പുഴക്കാട്ടിരി പഞ്ചായത്തിലെ ഏക ആശുപത്രിയായ പുഴക്കാട്ടിരി പ്രാഥമികാരോഗ്യ കേന്ദ്രം (P H C ) ഗവ: റൂറൽ ഡിസ്പെൻസറി (GRD) എന്ന രൂപത്തിൽ 10-9-1972 ൽ പഞ്ചായത്ത് ഓഫീസിന് മുൻവശത്തുള്ള ഒരു താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. അതിന് മുമ്പുവരെ ചികിൽസക്കായി നാട്ടുകാർ ആശ്രയിച്ചിരുന്നത്, പാരമ്പര്യ നാട്ടു ചികിൽ-സാരീതികളും പെരിന്തൽമണ്ണ, മലപ്പുറം, മഞ്ചേരി എന്നീ സ്ഥലങ്ങളിലെ ഗവ: ആശുപത്രികളെയും അവിടത്തന്നെയുള്ള സ്വകാര്യ അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി ഡോക്ടർമാരെയും ആയിരുന്നു കൂടാതെ, ലോകപ്രശസ്തിയാർജ്ജിച്ച കോട്ടക്കൽ ആര്യവൈദ്യശാലയെയും ആശ്രയിച്ചിരുന്നു. നമുക്ക് സ്വന്തമായി PHC ഉണ്ടെങ്കിലും ഇന്നും നല്ലൊരു വിഭാഗം മേൽപറഞ്ഞ ഡോക്ടർമാരെയും സ്ഥാപനങ്ങളെയും ആശ്രയിച്ചുകൊണ്ടിരിക്കുന്നു.

പുഴക്കാട്ടിരി GRD സ്ഥാപിച്ച കാലത്ത് ചാർജ്ജെടുത്ത ആദ്യത്തെ മെഡിക്കൽ ഓഫീസർ ഡോ: ശ്രീമതി വിജയലക്ഷ്മിയായിരുന്നു. അക്കാലത്ത് ഡോക്ടർ ഉൾപ്പെടെ 6-സ്ററാഫ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് ഈ സ്ഥാപനത്തിന് സ്വന്തമായികെട്ടിടവും 4 ഉപകേന്ദ്രങ്ങളും ഉണ്ട്. ഫീൽഡ് വിഭാഗം ജീവനക്കാർ ഉൾപ്പെടെ 20-സ്ററാഫ് ഈ സ്ഥാപനത്തിൻെറ കീഴിൽ സേവനമനുഷ്ഠിക്കുന്നു. ജ്ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ൻെറയും ഫാർമസിസ്ററിൻെറയും ഓരോ തസ്തിക വീതം ഒഴിഞ്ഞ് കിടക്കുന്നു.

ഈ സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം സൗജന്യമായി നൽകിയത് ചുണ്ടയിൽ ലക്ഷ്മി എന്ന അമ്മുണ്ണി അമ്മയും റോഡിന് സ്ഥലം നൽകിയത് എം കെ അമ്മുക്കുട്ടി അമ്മയുമാണ്. ഇവരെ നാം പ്രത്യേകം സ്മരിക്കേണ്ടതാണ്,

ഇൻഡ്യാ പോപ്പുലേഷൻ പ്രൊജക്ടി (IPP) ൻെറ 10 കിടക്കകളുള്ള വാർഡും പൊതുജനപങ്കാളിത്തത്തോടെ നിർമ്മിച്ച 10 കിടക്കകളുള്ള മറെറാരു വാർഡും ഇവിടെയുണ്ട്. കൂടാതെ ഓപ്പറേഷൻ തിയേററർ, പ്രസവമുറി (Labour Room) ലബോറട്ടറി, ഒരു മെഡിക്കൽ ഓഫീസർ ഒരു സ്ററാഫ് നേഴ്സ്, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർക്ക് ഓരോ ക്വാട്ടേഴ്സ് വീതവുമുണ്ട്.

O P വിഭാഗത്തിൽ രോഗികളുടെ എണ്ണം കൂടിയതിൻെറ അടിസ്ഥാനത്തിൽ 1995 ൽ ഒരു മെഡിക്കൽ ഓഫീസറുടെ തസ്തികയും കൂടി നമ്മുടെ ആശുപത്രിക്ക് ലഭിച്ചതോട് കൂടി ഇപ്പോൾ രണ്ട് ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നു.

പട്ടിക-1

**പുഴക്കാട്ടിരി PHCയിൽ സേവനമനുഷ്ഠിച്ച ഡോക്ടർമാരുടെപേരുവിവരം.**

1. ഡോ: വിജയലക്ഷ്മി
2. ,, പൗലോസ്
3. ,, എ. മുഹമ്മദ്
4. ,, ശ്രീധരൻ
5. ,, ശങ്കരൻ
6. ,, ഭാസ്കരൻ
7. ,, കൃഷ്ണൻഇളയത്
8. ,, നാരായണൻ
9. ,, ഗോപിനാഥൻ
10. ,, എ. കെ. വേണുഗോപാലൻ
11. ,, ശ്രീദേവി
12. ,, സീമന്തിനി
13. ,, ജയൻ
14. ,, ടി. ഹുസൈൻ
15. ,, പി. പി. സുലോചന

പട്ടിക-2

പുഴക്കാട്ടിരി PHC യുടെ കീഴിലുള്ള ആരോഗ്യ ഉപ കേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥിതി ചെയ്യുന്ന വാർഡ് | പേര് |
|---|---|---|
| 1 | VII | രാമപുരം F W C സെൻറർ |
| 2 | IV | കട്ടിലശേരി I P P സെൻറർ |
| 3 | III | കടുങ്ങപുരം I P P സെൻറർ |
| 4 | I | മണ്ണുംകുളം സബ് സെൻറർ |

പട്ടിക–3

PHC യും അവയുടെ കീഴിലുള്ള ഉപകേന്ദ്രങ്ങൾ മുഖേനയും നടപ്പാക്കേണ്ട ദേശീയ ആരോഗ്യപരിപാടികൾ

1 ദേശീയ മലമ്പനി നിർമാർജ്ജനപരിപാടി
2 പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി.
3 ദേശീയ വയറിളക്കരോഗ നിയന്ത്രണ പരിപാടി.
4 ദേശീയ "ശൈശവ അതിജീവനവും സുരക്ഷിതമാതൃത്വവും" (CSSM)
5 ദേശീയ അന്ധതാ നിവാരണ പരിപാടി.
6 ദേശീയ കുഷ്ഠരോഗ നിർമാർജ്ജന പരിപാടി.
7 ദേശീയ സ്ക്കൂൾ ആരോഗ്യ പരിപാടി.
8 എയ്ഡ്സ് നിയന്ത്രണ പരിപാടി.
9 ദേശീയ മന്ത്രോഗ നിയന്ത്രണ പരിപാടി
10 ദേശീയ ഗോയിററർ നിയന്ത്രണ പരിപാടി.
11. ദേശീയ ലൈംഗിക രോഗ നിയന്ത്രണ പരിപാടി.
12. ദേശീയ പോഷകാഹാരപരിപാടി
13. ദേശീയ കുടുംബ ക്ഷേമപരിപാടി

പട്ടിക-4

കഴിഞ്ഞ നാല് വർഷത്തിൽ PHCയിൽ വന്ന് ചികിൽസ നേടിയവരും (OP) കിടത്തി ചികിൽസ ലഭിച്ചവരും (IP)

| വർഷം | IP | OP |
|---|---|---|
| 1992-93 | 353 | 16823 |
| 1993-94 | 360 | 14346 |
| 1994-95 | 352 | 18420 |
| 1995-96 | 243 | 19993 |

പണ്ട് കാലത്തുണ്ടായിരുന്നതുപോലെ കോളറയോ, വസൂരിയോ ഈപഞ്ചായത്തിൽ അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ല.

ദേശീയ മലമ്പനി നിർമാർജ്ജന പരിപാടി അനുസരിച്ച് 1995 ൽ 7-ഉം 1996 ൽ 6 ഉം മലമ്പനി രോഗികളെ കണ്ടെത്തിചികിൽസ നൽകി. ഈ രോഗികളെല്ലാം തന്നെ അന്യ സംസ്ഥാനങ്ങളിലേക്ക് ജോലി ആവശ്യാർത്ഥം പോയി രോഗംബാധിച്ച് നാട്ടിൽ എത്തിയവരായിരുന്നു. മേൽപറഞ്ഞ രോഗികളിൽ നിന്ന് മററുള്ളവരിലേക്ക് പകർന്നിട്ടുണ്ടോ എന്നറിയാൻ സർവ്വെയും രോഗ പ്രതിരോധ നടപടികളും നടത്തുകയുണ്ടായി. പഞ്ചായത്തിനകത്ത് മലമ്പനി ഒരാളിൽ നിന്നും മറെറാരാളിലേക്ക് പകർന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ രോഗത്തെക്കുറിച്ച് ഇടക്കിടക്ക് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്താറുണ്ട്. 1996 ജനുവരി 3-മുതൽ ഒരാഴ്ച വരെ മലേറിയ നിവാരണ വാരാചരണവും 1996 ജൂൺ 15 മുതൽ 21 വരെ കൊതുക് നിവാരണ വാരാചരണവും ആചരിക്കുകയുണ്ടായി.

പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) അനുസരിച്ച് 1996 ൽ നാല് ക്ഷയരോഗികളെ കണ്ടെത്തുകയും അവർക്ക് ചികിൽസനടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു.

ദേശീയ വയറിളക്ക രോഗ പരിപാടി അനുസരിച്ച് എല്ലാ അങ്കൻവാടി വർക്കർമാർ, ഹെൽപ്പർമാർ, CBNP വളണ്ടിയർമാർ മററ് സന്നദ്ധ സംഘടനകളിലെ വളണ്ടിയർമാർ എന്നിവർക്ക് കൂടെകൂടെ പാനീയ ചികിൽസയിൽ പരിശീലനം കൊടുത്തുവരുന്നു. കൂടാതെ എല്ലാ അങ്കൻവാടികളിലും വിളിച്ചുകൂട്ടുന്ന മാതൃസംഗമങ്ങളിൽ പാനീയ ചികിൽസ (ORT) യെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർമാരും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരും നടത്തിവരാറുണ്ട്. അടുത്ത കാലത്തൊന്നും ഈ പഞ്ചായത്തിൽ വയറിളക്ക മരണം ഉണ്ടായിട്ടില്ല.

CSSM പരിപാടിയുടെ ഭാഗമായി എല്ലാ ഗർഭിണികൾക്കും ടെററനസിനെതിരെയുള്ള കുത്തിവെപ്പും, ആറ് മാരക രോഗങ്ങൾക്കെതിരെയുള്ള കുത്തിവെപ്പ് കുട്ടികൾക്കും നൽകികൊണ്ടിരിക്കുന്നു. ജീവകം A യുടെയും ഇരുമ്പ് സത്തിന്റെയും വിതരണം ഈ പരിപാടിയുടെ ഭാഗമാണ്.

ദേശീയ സ്കൂൾ ആരോഗ്യപരിപാടി അനുസരിച്ച് 1996-ൽ 2655 പ്രൈമറി സ്കൂൾ വിദ്യാർത്ഥികളെ വൈദ്യ പരിശോധനക്ക് വിധേയരാക്കി. രോഗികളായി കണ്ടെത്തിയ കുട്ടി

കൾക്ക് വേണ്ട ചികിൽസയും നിർദ്ദേശങ്ങളും കൊടുക്കുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികളിൽ കൂടുതലായി കണ്ടെത്തിയത് ദന്തരോഗങ്ങളെയാണ്.

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി 3 കുഷ്ഠരോഗികളെ മാത്രമെ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. കുഷ്ഠരോഗം ഈ പഞ്ചായത്തിൽ ഒരു ആരോഗ്യ പ്രശ്നമല്ല.

20-ാം നൂററാണ്ടിലെ മഹാരോഗം എന്നറിയപ്പെടുന്ന എയിഡ്സ് ഈ പഞ്ചായത്തിൽ ഉണ്ടായതായി റിപ്പോർട്ടില്ല. എയിഡ്സ് കൺട്രോൾ പ്രോഗ്രാമിൻെറഭാകമായി കഴിഞ്ഞവർഷം ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറും നടത്തി.

ഈ പഞ്ചായത്തിൽ മന്തുരോഗം ഉള്ള ഒരാൾ പോലും ഇല്ല.

അയഡിൻെറ കുറവുകൊണ്ടുണ്ടാവുന്ന രോഗമാണല്ലോ ഗോയിററർ അഥവാ തൊണ്ടമുഴ. നമ്മുടെ പഞ്ചായത്തിൽ അയഡിൻെറ കുറവ് ആരിലും അനുഭവപ്പെടുന്നില്ല.

ലൈംഗിക രോഗികൾ എത്രപേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്ന് വ്യക്തമല്ല. ഈ രോഗത്തെ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്.

ഈ വർഷം (1996 ൽ) ജപ്പാൻ ജ്വരം കേരളത്തിൽ ഉണ്ടായപ്പോൾ നമ്മുടെ പ്രഥമ ഗ്രാമസഭാ യോഗങ്ങളിൽ എല്ലാം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

ഈ പഞ്ചായത്തിൻെറ ജനസംഖ്യ 25784 ആണ്. പ്രത്യുൽപാദനശേഷിയുള്ള ദമ്പതിമാർ 3543 ആണ്. ഇവരിൽ വിവിധ ഗർഭ നിരോധന മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക-5

ദമ്പതിമാരുടെ ജീവിച്ചിരിക്കുന്ന കുട്ടികളുടെഎണ്ണത്തിൻെറ അടിസ്ഥാനത്തിൽ (1996 ഏപ്രൽ വരെ)

| ക്രമനമ്പർ | ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം | ദമ്പതിമാരുടെ ആകെ എണ്ണം | വാസക്ടമി (പുരുഷവന്ധീകരണം) | സ്ത്രീവന്ധ്യംകരണ ശസ്ത്രക്രിയ ചെയ്തവർ | IUD സ്വീകരിച്ചവർ | നിരോധ് ഉപയോഗിക്കുന്നവർ | ഗർഭനിരോധനഗുളിക ഉപയോഗിക്കുന്നവർ | ആകെ കുടുംബാസൂത്രണം സ്വീകരിച്ചവർ | ആകെ കുടുംബാസൂത്രണം നടത്താത്തവർ |
|---|---|---|---|---|---|---|---|---|---|
| 1 | 0 | 395 | - | - | – | 98 | - | 98 | 297 |
| 2 | 1 | 725 | 4 | 9 | 74 | 151 | 86 | 324 | 401 |
| 3 | 2 | 752 | 6 | 159 | 65 | 155 | 78 | 463 | 289 |
| 4 | 3 | 726 | 6 | 285 | 40 | 113 | 64 | 508 | 218 |
| 5 | 4 | 501 | 7 | 254 | 31 | 90 | 57 | 439 | 62 |
| 6 | 51 | 444 | 2 | 264 | 1 | 85 | 19 | 371 | 73 |
| | ആകെ | 3543 | 25 | 971 | 211 | 692 | 304 | 2203 | 1340 |

ദേശീയ പോളിയോ നിർമാർജ്ജന യജ്ഞം ഒന്നാംഘട്ടത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 1995 ഡിസംബർ 9-ാം തീയതി 0-3 വയസ്സ് ഗ്രൂപ്പിൽപ്പെട്ട 1629 കുട്ടികൾക്കും 1996 ജനുവരി 20-ാം തീയതി 1667 കുട്ടികൾക്കും പിള്ളവാതത്തിനെതിരെയുള്ള തുള്ളിമരുന്ന് (OPV) കൊടുക്കയുണ്ടായി. ഈ പദ്ധതി വിജയമായിരുന്നുവെന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഒരു കുട്ടിക്ക് പോലും പിള്ളവാതം ഉണ്ടായിട്ടില്ലയെന്നത് ഈ പരിപാടിയുടെ നേട്ടമാണെന്ന് പറയാം. 1996-97 ൽ അഞ്ച് വയസ്സിന് താഴെ പ്രായമുള്ള 2500 കുട്ടികൾക്ക് പോളിയോ ഡ്രോപ്സ് കൊടുക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. 2000-മാണ്ടോടു കൂടി പിള്ളവാതത്തെ ഭൂമുഖത്ത് നിന്നും തുടച്ച് മാററുക എന്ന ലക്ഷ്യത്തിന്റെ ഭാഗമാണിത്.

## പ്രശ്നങ്ങൾ:

''രോഗപ്രതിരോധം രോഗചികിൽസയെക്കാൾ പ്രധാനം'' എന്ന ധാരണ ഈ പഞ്ചായത്തിലെ ജനങ്ങളിൽ പൊതുവെ കുറവാണ്. അധ്വാനിച്ച് കിട്ടുന്ന കാശിന്റെ നല്ലൊരുഭാഗം ചികിത്സക്കായി ചിലവഴിക്കുന്നു, രോഗികളെ കൊണ്ട് നിറഞ്ഞ ആശുപത്രി നല്ല ആശുപത്രിയെന്നും, ഒരു രോഗിയെ കൂടുതൽനേരം പരിശോധിക്കുകയും ധാരാളം മരുന്നുകൾ കുറിച്ചു കൊടുക്കുകയും ചെയ്യുന്ന ഡോക്ടർ നല്ല ഡോക്ടർ എന്ന സങ്കൽപം മിക്കജനങ്ങളിലുമുണ്ട്. എല്ലാ ആരോഗ്യ സ്ഥാപനങ്ങളും രോഗപ്രതിരോധത്തിനുള്ള സ്ഥാപനങ്ങളായി മാറേണ്ടതാണെന്ന സങ്കൽപം ജനങ്ങളിൽ കുറവാണ്.

പഞ്ചായത്തിനകത്തുള്ള എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളിലും ഡോക്ടറെ നിയമിക്കുകയും ഉപകേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ആശുപത്രികൾ സ്ഥാപിക്കുകയും രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം എല്ലാവിശേഷാൽ ഗ്രാമ സഭായോഗങ്ങളിലും പൊന്തിവന്നത് മേൽ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിലാണ്.

ഗ്രാമ സഭായോഗങ്ങളിൽ ഉയർന്നുവന്ന ആവശ്യങ്ങൾ.

1 എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളിലും മാസത്തിൽ ഒരു തവണയെങ്കിലും രോഗപ്രതിരോധ കുത്തിവെയ്പ് സംഘടിപ്പിക്കുകയും ഡോക്ടർ രോഗികളെ സെന്ററിൽ വെച്ച് പരിശോധിക്കുകയും വേണം.

2 രണ്ടാംവാർഡിലെ ഒരു ആരോഗ്യ കേന്ദ്രം അനുവദിക്കുക

3 എല്ലാവാർഡിലെയും ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ അത്യാവശ്യമരുന്നുകൾ ലഭ്യമാക്കണം.

4 മൂന്നാംവാർഡിൽ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

5 പഴക്കാട്ടിരി PHC യിൽ ഡോക്ടർമാരുടെ മുഴുവൻസമയ സേവനം ലഭ്യമാക്കണം.

6 ആശുപത്രി ക്വാട്ടേഴ്സിൽ താമസിച്ച് സേവനം കൊടുക്കാൻ തയ്യാറുള്ള ഒരുലേഡി ഗൈനക്കോളജിസ്ററിനെ നിയമിക്കണം.

7 PHCയിലെ ലാബററ്ററിസൗകര്യങ്ങൾ വിപുലപ്പെടുത്തുകയും എക്സ്റെ യൂണിററ് സ്ഥാപിക്കുകയും വേണം.

8 4ഉം, 5ഉം വാർഡുകളിൽ ഓരോ ഹോമിയോ ഡിസ്പെൻസറിയും കിടത്തി ചികിൽ-സിക്കാൻ സൗകര്യമുള്ള ഒരു ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കണം,

9 പകർച്ച വ്യാധികൾക്കുള്ള മരുന്നു സൗജന്യമായി കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം.

10 നമ്മുടെ പഞ്ചായത്തിന്റെ 6, 7, 8, 9 എന്നീ നാലുവാർഡുകൾ ഉൾപ്പെടുന്ന രാമപുരം, പനങ്ങാങ്ങര, നാരായണത്ത് പ്രദേശത്തെ ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് രാമപുരത്ത് ഒരു ആയൂർവ്വേദ ആശുപത്രിയും ഒരു ഹോമിയോഡിസ്പൻസറിയും സ്ഥാപിക്കുക.

## പരിസര മലിനീകരണം:

ആരോഗ്യമുള്ള ഒരു ജനതയുടെ നിലനിൽപിന് പരിസര ശുചിത്വം അത്യാവശ്യമാണല്ലോ. പരിസര മലിനീകരണം കൊണ്ട് ജലസ്രോതസ്സുകൾ രോഗാണുക്കളെകൊണ്ട് നിറയുകയും ഈച്ച, കൊതുക് എന്നീപ്രാണികൾ പെരുകികയും മൂലം പലതരം പകർച്ചവ്യാധികൾ പിടുപെടുന്ന ആളുകളുടെ എണ്ണം കൂടുകയും അത് വഴി സമൂഹത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. അത്കൊണ്ട് പരിസര ശുചീകരണത്തിൽ ഓരോ വ്യക്തിയും, സ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളും ശ്രദ്ധിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ പരിസര മലിനീകരണത്തിന് കാരണമായി ജനങ്ങൾ ചൂണ്ടിക്കാണിച്ച കാരണങ്ങളും പരിഹാരങ്ങളും താഴെ പട്ടിക രൂപത്തിൽകൊടുക്കുന്നു.

പട്ടിക–6

| ക്രമ നമ്പർ | മലിനീകരണ പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| 1 | പഞ്ചായത്തിൽ 1166 കുടുംബങ്ങൾക്ക് കക്കൂസില്ല ആകെയുള്ള കക്കൂസുകളിൽ 172 എണ്ണം റിപ്പയർചെയ്യേണ്ടവയാണ്. | കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും സാനിററി ടൈപ് കക്കൂസുകൾ ഉണ്ടാക്കി കൊടുക്കുകയും, കക്കൂസ് ഉപയോഗിച്ചാൽ നിയന്ത്രിക്കാവുന്ന രോഗങ്ങളെകുറിച്ച് ബോധവൽകരിക്കുകയും ചെയ്യുക. |
| 2 | പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ എല്ലിൻകുഴികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ ഈച്ചകളുടെ ഉറവിടമായും അസഹ്യമായ ദുർഗന്ധം വമിപ്പിക്കുന്നവയായും വർത്തിക്കുന്നു. | ജനവാസം ഇല്ലാത്ത സ്ഥലങ്ങളിൽ എല്ലുകൾ ശരിയായ രീതിയിൽ സംഭരിക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ കൊടുക്കുകയും അംഗീകരിപ്പിക്കുകയും ചെയ്യുക. |
| 3 | തുകൽ പുരകളിൽ ഉപയോഗിക്കുന്ന ഉപ്പ് ഭൂമിയിലേക്ക് ഊർന്നിറങ്ങി സമീപ പ്രദേശങ്ങളിലെ കിണറുകളെ മലിനപ്പെടുത്തുന്നു 8–ാം വാർഡിലെ AHLP സ്കൂളിന് പിൻവശമുള്ള തുകൽപ്പുരഇതിനുദാഹരണമാണ്. 7–ാം വാർഡിലെയും 8–ാം വാർഡിലെയും തുകൽപുരയ്ക്ക് സമീപമുള്ളചില കിണറുകളിലെ വെള്ളത്തിന് ഉപ്പ് രസമാണ് അത്കൊണ്ട് ഈ വെള്ളം ഉപയോഗിക്കാറില്ല. | കുടിവെള്ളസ്രോതസ്സുകളിൽ നിന്നും ജനവാസമുള്ള പ്രദേശങ്ങളിൽ നിന്ന് വളരെ ദൂരെ ഇത്തരം തുകൽപ്പുരകൾ മാററി സ്ഥാപിക്കുന്നതിന് നിയമംമൂലം നടപടിയെടുക്കുക. |
| 4 | പുഴക്കാട്ടിരി രാമപുരം പനങ്ങാങ്ങര എന്നീ അങ്ങാടികളിലെ മത്സ്യ മാംസാദികളുടെ വിൽപന മൂലം ദുർഗന്ധവും, അവയുടെ അവശിഷ്ടങ്ങൾ കാക്കകൾ കിണറുകളിലേക്കെത്തിക്കുകയും മൂലം ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ട്, | ഇതിനായി പഞ്ചായത്തിൽ പ്രത്യേക സ്ഥലങ്ങൾ നിർണ്ണയിക്കുകയും കച്ചവടക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. |

| | | |
|---|---|---|
| 5 | അങ്ങാടികളിലെ അഴുക്കുചാലുകളിൽ മലിനജലം കെട്ടിനിൽക്കുന്നത്മൂലം ദുർഗ്ഗന്ധം വമിക്കുകയും കൊതുക് ഈച്ച തുടങ്ങിയ പ്രാണികൾ പെരുകുകയും ചെയ്യുന്നു. | അഴുക്കുചാലുകൾ കുററമററതാക്കുക. അങ്ങാടികളിലെ ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സ്ഥിരമായി സ്ററാഫിനെ നിയമിക്കുക. |
| 6 | ഇറച്ചിക്കോഴി കച്ചവടക്കാർ കോഴികളുടെ അവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ തുറസ്സായ സ്ഥലങ്ങളിൽ അലക്ഷ്യമായി തള്ളുന്നത് കാരണം അന്തരീക്ഷം ദുർഗ്ഗന്ധപൂരിതമാവുകയും. അവയുടെ തൂവലുകൾ സമീപ പ്രദേശങ്ങളിലെ കിണറുകളിലേക്ക് കാററിൽ പറന്ന് വീഴുകയും വെള്ളം മലിനമാക്കുകയും ചെയ്യുന്നു. | എല്ലാ കോഴികച്ചവടക്കാരോടും കോഴി അവശിഷ്ടങ്ങൾകുഴിച്ച് മൂടുന്നതിന്കോഴിസ്ററാളിനോടനുബന്ധിച്ച് സൗകര്യം ഏർപ്പെടുത്താൻ നിർദ്ദേശിക്കയും ലൈസൻസ് എടുപ്പിക്കയും ചെയ്യുക. |
| 7 | ചില ആളുകൾ ഓലചീയിക്കുന്നതിന് പുഴയിലെ വെള്ളത്തിൽ അവ നിക്ഷേപിക്കുന്നു. ഇതുകാരണം കുളിക്കുന്നതിന് ജനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. | നിയമംമൂലം ഈ പ്രവണത തടയുക. |

# കൃഷിജലസേചനം

80 ശതമാനത്തിലേറെപേർ കാർഷിക വൃത്തിയിൽ ഏർപ്പെട്ട്കൊണ്ട് ഇരിക്കുന്ന ഒരു കാർഷികപ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. അതിൽ അധികപങ്കും കൃഷിയിൽനിന്നുള്ളവരുമാനം ജീവിതമാർഗ്ഗമായി സ്വീകരിച്ചവരാണ്. അതുകൊണ്ടു തന്നെ കൃഷിയിടങ്ങളിൽ നിന്നുള്ള ഉൽപ്പാദനം ഉയർത്തികർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമെ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര പുരോഗതി ഉറപ്പുവരുത്താൻ കഴിയൂ.

മൂർക്കനാട്, പുലാമന്തോൾ പഞ്ചായത്തുകളുടെ തെക്കുഭാഗം അതിർത്തി മുതൽ പടിഞ്ഞാറ് കുറുവ പഞ്ചായത്തിന്റെ അതിർത്തിവരെ ഉയർന്ന് കിടക്കുന്ന മാലാപറമ്പ്, പാലൂർകോട്ട എന്നീമലനിരകളാലും വടക്കുഭാഗം മക്കരപറമ്പ് പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന കരിമ്പനക്കുന്ന് മേലേചോല, തോൽക്കാട്, കൊങ്ങം പാറ, കണ്ടംപറമ്പ്, ചുള്ളിപാറ ചെമ്മീൻ പറമ്പ്, എന്നീകുന്നിൽ ചെരുവുകളാലും, കിഴക്ക് ചെറിയ കുന്നിൻ പ്രദേശത്താലും, പടിഞ്ഞാറ് കുറുവ, മക്കരപറമ്പ്, പഞ്ചായത്തുകളിൽപെട്ട കുന്നിൻ ചെരുവുകളാലും ഈ പഞ്ചായത്ത് അതിരിടുന്നു. പൊതുവെ പറഞ്ഞാൽ നാലുഭാഗവും ഉയർന്ന പ്രദേശങ്ങളാൽ ചുറ്റപെട്ടുകിടക്കുന്ന ഒരു ഭൂപ്രകൃതിയാണ്. ഈ പഞ്ചായത്തിനുള്ളത്.

അരനൂറ്റാണ്ട് മുൻപുവരെ പഞ്ചായത്തിന്റെ പ്രാധാന കൃഷി നെല്ലായിരുന്നു. പ്രധാനമായും മഴയെ അശ്രയിച്ചാണ് കൃഷിനടത്തിയിരുന്നത് കുടാതെതോടുകൾ കുളങ്ങൾ പുറമെ പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തിൽ കൂടി ഓഴുകുന്നു 'ചെറുപുഴ' എന്ന പുഴയെയും കൃഷിക്കുവേണ്ടി കൃഷിക്കാർ ആശ്രയിച്ചിരുന്നു.

ജലക്ഷാമം നേരിടുന്ന കാലങ്ങളിൽ തോടുകളിലും പുഴയിലും ചെറകെട്ടിയും 'ഏത്തം' ഉപയോഗിച്ച് തേവിയും നെൽകൃഷിചെയ്തിരുന്ന വയലുകൾ ആയിരുന്നു. നാടൻ വിത്തുകൾ ആയ ആര്യൻ, ചെമ്പാവ്, ചെങ്കഴിവ, തെക്കൻചീര, തവളക്കണ്ണൻ, വെള്ളക്കഴവ, ആറ്റകഴവ, കറുത്ത ചോടൻ, നെയ് ചീര, വെള്ളരി, ഉറവപാണ്ടി, തെക്കൻ, ചിറ്റേനി, നവര, തോട്ടച്ചീര, മുതലായവയാണ് ഇവിടെ കൃഷിചെയ്തു വന്നിരുന്നത് പുഴയുടെ ഇരുകരകളിലും ജലം ലഭ്യമായ പ്രദേശങ്ങളിലും മൂന്നു വിളകളും കൃഷി എടുത്തിരുന്നു.

പള്ളിയാൽ ഭൂമികളിൽ ചാമയും, നെല്ലും, മുതിരയും കൃഷി ചെയ്തിരുന്നു. പറമ്പുകളിൽ മോടൻ, റാകി, എള്ള്, ഇഞ്ചി, എന്നിവയും കൃഷിചെയ്തിരുന്നു.

ആ കാലഘട്ടത്തിൽ ദീർഘകാലവിളകളിൽ പ്രാധാന്യം കമുകിനായിരുന്നു. കുറഞ്ഞതോതിൽ തെങ്ങ് കൃഷിയും ഉണ്ടായിരുന്നു. കൂട്ടത്തിൽ നാടൻ കുരുമുളകിനങ്ങളും കശുമാവ് കൃഷിയും ഉണ്ടായിരുന്നു. സ്വന്തം ആവശ്യത്തിന് മാത്രമായി പയർ, വെള്ളരി, മുളക്, തുടങ്ങിയ നാടൻ വാഴകളും, കൃഷിചെയ്തിരുന്നു.

കാടുകളിൽ നിന്ന് സമൃദ്ധിയായി കിട്ടിയിരുന്ന പച്ചില വളവും, കന്നുകാലി വളവും, മാത്രമായിരുന്നു കൃഷിക്ക് ഉപയോഗിച്ചിരുന്നത്. അന്നത്തെകാലത്ത് ഏക്കറിന് 1000 കിലോനെല്ല് എങ്കിലും ഉൽപ്പാദനം ലഭിച്ചിരുന്നു. എന്ന് പഴമക്കാർ പറയുന്നു. ആകാലഘട്ടത്തിൽ മിക്കവാറും പുരയിടങ്ങളിലും മാവും, പ്ലാവും, നട്ടുവളർത്തിയിരുന്നു. കർഷക തൊഴിലാളികൾക്ക് കൂലി നെല്ലായിരുന്നു നല്കിയിരുന്നത്.

1960 കളിൽ നൈനാൻ കൃഷിയോടെ അത്യുൽപാദനശേഷിയുള്ള വിത്തുകളുടെ കൃഷി ആരംഭിച്ചു. അരിയുടെ മോശമായ ഗുണനിലവാരം കാരണം പ്രസ്തുത കൃഷി പരാജയപ്പെട്ടു. പിന്നീട് IR.8, ജയ, തുടങ്ങിയ പുതിയ വിത്തിനങ്ങളുടെയും , കൃഷി ആരംഭിച്ചതോടെ രാസവളങ്ങളുടെയും കീടനാശികളുടെയും, ഉപയോഗവും തുടങ്ങി ദീർഘകാലവിളകളുടെ തോട്ടം അടിസ്ഥാനം ആക്കിയുള്ള കൃഷിയുടെ വ്യാപനത്തോടെ, കാടുകൾ അപ്രത്യക്ഷമായിതുടങ്ങി. മേച്ചിൽ സ്ഥലങ്ങളുടെ അഭാവത്തിൽ കാലി വളർത്തലും കുറഞ്ഞുവരുന്നു. ഇതോടെ ജൈവവളങ്ങൾക്ക് ക്ഷാമം അനുഭവപ്പെട്ടുതുടങ്ങി. കൃഷിക്കാർ രാസവളങ്ങളെ കൂടുതലായി - ആശ്രയിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ തന്നെയുണ്ടായ ഭക്ഷ്യക്ഷാമവും തുടർന്ന് നെല്ലിനുണ്ടായ വിലക്കയറ്റവും നെൽകൃഷിയിലേക്ക് കൂടുതൽ പേരെ ആകർഷിച്ചു. തോട്ടങ്ങൾ വെട്ടിമാറ്റിയും പറമ്പുകൾ കിളച്ച് നികത്തിയും നെൽകൃഷി ചെയ്യുവാൻ കാർഷകർ താൽപര്യം കാട്ടി. പുതിയ വിത്തിനങ്ങൾ എല്ലാവരും കൃഷിചെയ്യുവാൻ ആരംഭിച്ചു. നിർദ്ദേശിച്ചതിൽ അധികമുള്ള രാസവളങ്ങളുടെ ഉപയോഗവും അശാസ്ത്രീയമായ കൃഷി രീതികളും കീടരോഗങ്ങൾ നെൽകൃഷിയുടെ കൂടപ്പിറപ്പുകൾ ആക്കിമാറ്റി. ഇക്കാരണത്താൽ ഭൂമിയുടെ ഉൽപ്പാദനശേഷി കുറഞ്ഞുവരാൻ തുടങ്ങി. തൊഴിലാളികളുടെ മറ്റ് മേഖലകളിലേക്കുള്ള കുടിയേറ്റവും, മറ്റു ഉൽപ്പാദനവും കാരണം നെൽകൃഷിയിൽ കർഷകരുടെ താൽപര്യം കുറയാൻ തുടങ്ങി. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടെ ലഭ്യത ഉറപ്പായതും, വീട് വെയ്ക്കുന്നതിനും, ദീർഘകാല വിളവുകൾ കൃഷിചെയ്യുന്നതിനും നെൽകൃഷിചെയ്തു വരുന്ന പ്രദേശങ്ങൾ നികത്തി എടുക്കാൻ ആരംഭിച്ചതും നെൽകൃഷിയുടെ

ഉൽപ്പാദനതോത് കുറയ്ക്കാൻ കാരണമായി ഇന്ന് തീർത്തും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ മാത്രമായി നെൽകൃഷി ഒതുങ്ങി. മൂന്ന് വിള എടുക്കുന്ന സമ്പ്രദായം തീരെ ഇല്ല എന്ന് തന്നെ പറയാം.

ഭൂഉടമസ്ഥതയിൽ ഉണ്ടായ മാറ്റങ്ങളും കേരളത്തിന്റെ തെക്കു ഭാഗങ്ങളിൽ നിന്നുള്ള കർഷകരുടെ കുടിയേറ്റവും തോട്ടകൃഷിയുടെ ആരംഭംകുറിച്ചു. കാടുകൾ മുറിച്ചുമാറ്റി 'മരച്ചീനിയും, തെങ്ങും, റമ്പരും, കർഷകർ വളർത്തി എടുക്കാൻ തുടങ്ങി. ഇന്ന് ഇവ നമ്മുടെ പഞ്ചായത്തിലെ പ്രധാനകാർഷിക വിളകൾ ആണ്.

ജലസേചനത്തിനുള്ള അപരിയാപ്തയും പരിചരണത്തിന്റെ കുറവും അടുത്ത കാലങ്ങളിൽ വ്യാപകമായി ഉണ്ടായ കാർഷികരോഗങ്ങളും നിശ്ചിതമല്ലാത്ത വില നിലവാരവും കാരണം തോട്ടവിളകളുടെ ഉൽപ്പാദനം കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്

കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, തോടുകൾ, എന്നിവ സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്ക് മാറ്റം ഉണ്ടായി. ഇപ്പോൾ ഉള്ളവ മണ്ണിടിഞ്ഞ് തൂർന്ന് നാമാവശേഷം ആയിക്കൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ, തോടുകളോ ചോലകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. കോട്ടുവാട് പ്രദേശത്ത് കയൽ കുളം, രാമപുരംഭാഗത്ത് വലിയകുളം, മണ്ണും കുളത്ത് ആലിക്കുളം, മുതലായ ഒരുപാട് കുളങ്ങൾ നശിച്ചുകൊണ്ടിരിക്കയാണ്.

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2246 ഹെക്ടർ ആണ്. ഇത് കുന്നിൻ പ്രദേശം, താഴ്‌വര, സമതലം, പുഴ, റോഡ്, തോട്, എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പഞ്ചായത്തിന്റെ മുക്കാൽഭാഗവും ചുവന്ന വെട്ടുകൽ മണ്ണ് (ലാറ്ററേറ്റ്) ബാക്കി ചളിമണ്ണും ചരൽ മണ്ണും കലർന്നതാണ്. പൊതുവെ മണ്ണ് അളവ് സ്വഭാവം ഉള്ളതാണ് മണ്ണിന്റെ ജൈവാംശത്തിന്റെ അളവ്, 6മുതൽ 105വരെആണ് ഭാവകത്തിന്റെ അളവ്, ഹെക്ടറിന് 30 മുതൽ 60 കിലോവരെയും ക്ഷാരത്തിന്റെ അളവ് 200 മുതൽ 400 വരെ കിലോയും ആണ്.

### ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | കുന്നിൽ പ്രദേശം | 295 ഹെക്ടർ | 13.14 |
| 2 | താഴ്‌വര | 1300 " | 57.89 |
| 3 | സമതലം | 600 " | 26.70 |
| 4. | റോഡ്, പുഴ, തോട് മുതലായവ | 51 " | 2.27 |
| | ആകെ. | 2246 " | 100% |

### ഭൂവിനിയോഗത്തെ കുറിച്ചുള്ള പട്ടിക

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 445 ഹെക്ടർ | 19.81 |
| 2 | തെങ്ങ് | 490 | 21.81 |
| 3 | കവുങ്ങ് | 125 | 5.56 |
| 4 | റബ്ബർ | 115 | 5.12 |
| 5 | കശുമാവ് | 130 | 5.79 |
| 6 | പുഴ | 12 | 54 |
| 7 | കുരുമുളക് | 50 | 2.22 |
| 8 | കൃഷിക്കനുയോജ്യമായി തരിശ് ഭൂമി | 85 | 3.78 |
| 9 | മിശ്രവിളകൾ | 638 | 28.41 |
| 10 | പുറമ്പോക്ക് | 56 | 2.51 |
| 11 | പുര, കെട്ടിടങ്ങൾ ആരധനാലയങ്ങൾ | 100 | 4.45 |

ആകെ വിസ്തീർണ്ണത്തിന്റെ 21.8 ശതമാനം ഭൂവിഭാഗത്തിലും തെങ്ങ് ആണ് കൃഷിചെയ്യുന്നത് താഴ്ന്ന പ്രദേശങ്ങളിൽ സമതലം നെല്ലും കൃഷിചെയ്യുന്നു മലൻചെരുവുകളിൽ കുന്നിൻ പ്രദേശങ്ങളിലും രബ്ബർ കൃഷിചെയ്തുവരുന്നവർ പ്രത്യേകിച്ച് മണ്ണും കുളം, കോട്ടുവാട് മാലാപറമ്പ്, പാലൂർ കോട്ട, പടപ്പറമ്പ്, എന്നീഭാഗങ്ങളിൽ ഈ കൃഷിധാരാളം ചെയ്തുവരുന്ന, ഇടവിളകളായി വാഴ, പയർ,എള്ള്, പച്ചക്കറി,ഇഞ്ചി മുതലായവ പലയിടങ്ങളിലും ഭാഗികമായികൃഷി ചെയ്യുന്നുണ്ട് എങ്കിലും പൂർണ്ണമായും കൃഷിചെയ്യാനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

1990 ൽ ആദ്യമായി മൾബറികൃഷിആരംഭിച്ചു എങ്കിലും പൂർണ്ണമായി പരാജയപ്പെട്ടു കൊക്കൂണിന്റെ വിപണ സാദ്ധ്യത കുറഞ്ഞതാണ് പ്രധാനകാരണം

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉൽപ്പാദനക്ഷമത തെങ്ങ് ഒന്നിന് 30 നാളികേരം എണ്ണം ആണ് വിത്ത് തിരഞ്ഞെടുക്കുന്നതിന്റെ അപാകത ജലസേചനത്തിന്റെ കുറവ്, രോഗങ്ങൾ അശാസ്ത്രീയമായ വളപ്രയോഗം, എന്നിവതെങ്ങ് കൃഷിയുടെ പ്രശ്നങ്ങളിൽപെടുന്നു.

നെല്ലിന്റെ ശരാശരിഉൽപ്പാദനം ഹെക്ടറിന് 1930 കിലോ ആണ് ജൈവവളങ്ങളുടെ അഭാവം, രോഗകീടങ്ങളുടെ ആക്രമണം, ജലസേചന അസൗകര്യങ്ങൾ, അശാസ്ത്രീയ കൃഷി സമ്പ്രദായം, മണ്ണിന്റെ ഗുണം ഇല്ലായ്മ മുതലായവകാരണങ്ങളാൽ നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞുവരുന്നു.

ദ്രുതവാട്ടം കാരണം കുരുമുളകിന്റെ ഉൽപ്പാദനം കുറഞ്ഞുവരുന്നു.

മഹാളിരോഗം, കൂമ്പ് ചീച്ചിൽ, മുതലായവ കവുങ്ങ് കൃഷിയുടെ ഉൽപ്പാദനത്തിൽ കുറവ് വരുത്തുന്നു.

പ്രായമായ തോട്ടങ്ങളും പരിചരണമാർഗ്ഗങ്ങളുടെ അഭാവവും, കീടരോഗങ്ങളുടെ, അക്രമണവുംകാരണം കശുവണ്ടിയുടെ ഉൽപ്പാദനം കുറഞ്ഞുവരുന്നു.

വാണിജ്യഅടിസ്ഥാനത്തിൽ 80ഹെകടർ സ്ഥലത്ത് പച്ചക്കറികൃഷിയും 30 ഹെക്ടർ സ്ഥലത്ത് നേന്ത്രവാഴകൃഷിയും 80ഹെക്ടർ സ്ഥലത്ത് മരച്ചീനിയും 10 ഹെക്ടർ സ്ഥലത്ത് മധുരകിഴങ്ങും കൃഷിചെയ്യുന്നു പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വളരെ വികസന സാദ്ധ്യതയുള്ള കൃഷികൾ ആണ് ഇവ ഒക്കെ.

### വളം

സഹകരണമേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ മൂന്നും ഉൾപ്പെടെ നാല് വളം പിപണനകേന്ദ്രങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത് ജൈവവളത്തിന്റെ അഭാവം മൂലം 85 ശതമാനം രാസവളങ്ങൾ ആണ് കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത് 1993 മുതൽ 1996വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ ഉപയോഗിക്കപ്പെട്ട വള വിൽപ്പനയുടെ പട്ടിക താഴെ ചേർക്കുന്നു

### കീടനാശിനികൾ

പ്രധാനമായും പച്ചക്കറികൾ നെല്ല്, വാഴ എന്നീവിളകൾക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത് കൃഷിക്കാരുടെ അറിവില്ലായ്മകാരണം കീടനാശിനി ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളും ശാസ്ത്രീയമായരീതികളൊ പരിഗണിച്ചുകാണാറില്ല

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ പഞ്ചായത്തിൽ ഉപയോഗിച്ച കീടനാശിനികളുടെ വിവരം താഴ പട്ടികയിൽ ചേർക്കുന്നു.

### വളത്തിന്റെ ഉപയോഗം

| ക്രമനമ്പർ | വർഷം | നൈട്രജൻ[N] | ഫോസ്ഫേറ്റ്[P] | പൊട്ടാഷ് [K] |
|---|---|---|---|---|
| 1 | 1993-94 | 25 ടൺ | 8 ടൺ | 10 ടൺ |
| 2 | 1994-95 | 20 | 7 | 12 |
| 3 | 1995-96 | 22 | 7.5 | 15 |

| ക്രമ നമ്പർ | വർഷം | ചുരുഡാൻ | മെറ്റാസിഡ് | മോണോ ക്രോട്ടോഫോസ് | റോഗർ | എൻട്രോ സൾഫ് | മലാത്തിയോൺ | BH.C 10/50 |
|---|---|---|---|---|---|---|---|---|
| | 1994, 95 | 580kg | 125ലിറ്റർ | 160 ലിറ്റർ | 60 ലിറ്റർ | 142 ലിറ്റർ | 75 ലിറ്റർ | 260 കിലോ |
| | 1995, 96 | 6 % kg | 160 ലിറ്റർ | 140 ലിറ്റർ | 70 ലിറ്റർ | 92 ലിറ്റർ | 80 ലിറ്റർ | 205 kg |

### കാർഷികോപകരണങ്ങൾ

കൃഷി ഭവൻ മുഖാന്തിരം പാടശേഖരസമതികൾക്ക് 5 റോക്ക് സ്പയർ കർഷകർക്ക് 248 നാപ്പ്സ്ററാക്ക് സ്പേയർ, 4 തെങ്ങ് കയറ്റയന്ത്രവും, അണ് കാർഷിക യന്ത്രങ്ങളായി നൽകപ്പെട്ടിട്ടു ള്ളത് ഏകദേശം 80 ജോടി ഉഴവുമാടുകൾ ഈ പഞ്ചായത്തിൽ ഉണ്ട് പഞ്ചായത്തിന് സ്വന്തമായി ഒരു ടാക്ടർ ഇല്ലെങ്കിലും സമീപ പഞ്ചായത്തിൽ നിന്നും ടാക്ടർ കൃഷിക്കും വേണ്ടി ഉപ യോഗിക്കാറുണ്ട് നാടൻ കാർഷികോഉപകരണങ്ങൾ ഇപ്പോഴും കൃഷിക്ക് ഉപയോഗിച്ചുവരുന്നു

### പാടശേഖരസമിതികൾ

കർഷകരെ, കൂട്ടിയോജിപ്പിച്ചുകൊണ്ട് കൃഷിഭവന്റെ ആഭി മുഖ്യത്തിൽ പാടശേഖരസമതികൾ നിലവിൽ ഉണ്ട് പലതും വേണ്ടത്ര ഫലപ്രദമായരീതിയിൽ അല്ല പ്രവർത്തിക്കുന്നത്.

### കൂലിനിരക്ക്

പലകാരണങ്ങൾ കൊണ്ടും കാർഷികമേഖലയിലെ തൊഴി ലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ശരാശരി കൂലിനി രക്ക് പു. 100, സ്ത്രീ. 75 രൂപയും. ഇതൊരു ഏകീകൃത കണക്ക് അല്ല.

### കാർഷികവായ്പ

രണ്ട് സഹകരണസ്ഥാപനങ്ങൾ അടക്കം 4 ബാങ്ക് ആണ് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ളത്. വർഷംതോറും ബാങ്കു കൾ കാർഷിക ലോണുകൾ നൽകാറുണ്ട്. ഏകദേശം 56 ലക്ഷം രൂപ ഈ ഇനത്തിൽ വിനിയോഗിച്ചതായി ബാങ്ക് കണ ക്കുകൾ സൂചിപ്പിക്കുന്നു. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ മിക്കപ്പോഴും മറ്റു ആവശ്യങ്ങൾക്കു വേണ്ടിയാണ് ഉപയോഗിച്ചുവരുന്നത്.

### കൃഷിഭവൻ

1987 സെപ്റ്റംബർ 1ന് ആണ് പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിച്ചത്. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാ രുടെ പോസ്റ്റ് നിലവിൽ ഉണ്ടെങ്കിലും 2 അസിസ്റ്റന്റമാർ മാത്രമേ ഉള്ളൂ. വളരെ അധികം ആക്ഷേപങ്ങൾ കൃഷിഭവന്റെ പ്രവർത്ത നത്തെ സംബന്ധിച്ച് ഉണ്ടെങ്കിലും കൃഷിക്കാരുടെ ഇടയിൽ ആശാവഹമായ ഒരു സ്ഥാപനമായി കൃഷിഭവൻ നിലകൊ ള്ളുന്നു.

### ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് ആണ് പഞ്ചായത്തിൽ കൃഷി നടക്കുന്നത്. മാറി മാറി വരുന്ന കാലവർഷത്തിനും തുലാ വർഷത്തിനും ശേഷം കൃഷിനടത്താൻ കർഷകർ പ്രകൃ തിദത്ത ജലസേചന ശ്രോതസ്സുകളിലും കിണറുകളേയും കുള ങ്ങളെയും ആശ്രയിക്കുന്നു.

### തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം ഏക ദേശം 10 കി.മീറ്ററോളം വരും. ഇതിൽ ചാത്തൻതോട്, വാര്യ ത്ത്പടി തോട്, പുളിയക്കുത്ത് തോട്, തോട്ടുമുഖം തോട്, തോട്ടുപുഴ കാരേങ്ങൽപടി തോട്, കണ്ടൻചിറ തോട്, കാരാറ്റി തോട് എന്നിവ പ്രധാനപ്പെട്ടതാണ്.

### പാടശേഖരസമതിയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| നമ്പർ | പാടശേഖരസമിതിയുടെ പേര് | വാർഡ് നമ്പർ | ഏരിയ നമ്പർ | കൃഷിക്കാരുടെ എണ്ണം | രജി: നമ്പർ |
|---|---|---|---|---|---|
| 1. | മണ്ണും കുളം പാടശേഖരം | 1 | 40 ഹെക്ടർ | 114 | 134/92 |
| 2. | കോട്ടുമാട് | 1+10 | 50 | 87 | 63/92 |
| 3. | കടുങ്ങപുരം | 2 | 30 | 52 | 969/91 |
| 4. | പൊട്ടിപ്പാറ | 3 | 25 | 85 | 1076/91 |
| 5. | രാമപുരം | 8 | 50 | 112 | 9/92 |
| 6. | പനങ്ങാങ്ങര | 9 | 10 | 35 | 197/92 |
| 7. | പനങ്ങാങ്കര | 6 | 20 | 41 | 202/92 |
| 8. | പാതിരമണ്ണ | 5 | 10 | 27 | 1067/97 |
| 9. | കിഴക്കേശ്ശേരി | 6 | 20 | 35 | 1105/91 |
| 10. | പാതിരമണ്ണ – യെട്ടോംപാടം | 5 | 10 | 26 | 1052/91 |
| 11. | കട്ടിലശ്ശേരി | 4 | 40 | 107 | 663/92 |

## കുളങ്ങൾ

ചെറുതും വലുതുമായി 150 ഓളം കുളങ്ങൾ ഇവിടെ ഉണ്ട്. മുൻകാലങ്ങളിൽ നെൽകൃഷിക്കും പച്ചക്കറി കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗിച്ചിരുന്ന പല കുളങ്ങളും യഥാവിധി സംരക്ഷിക്കപ്പെടാത്തതുകൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്.

## പ്രധാനപ്പെട്ട കുളങ്ങൾ

വ. 1. കായൽകുളം, ആൽക്കുളം, പാർലിക്കുളം , കാങ്കേള്ളിക്കുളം, കാരമനീലംകുളം

വ. 2. ഏരുകുളം

വ. 3. പുതുകുളം, കടുങ്ങൻചിറ, പുതംകോട്ട് കുളം, പുളിയംക്കുത്ത് കുഴി

വ. 4. കളത്തിൽ കുളം, പടിഞ്ഞാറെക്കര കുളം

വ. 5.

വ. 6. മുരിക്കൻതാറ് കുളം

വ. 7. വലിയകുളം

വ. 8.

വ. 9.

വ. 10. പാലൂർകോട്ട കുളം, പുഞ്ചക്കുഴി കുളം

## ചോലകൾ

പ്രകൃതിയാൽ ഉള്ള ജലസംഭരണികൾ ആണ് ചോലകൾ. പല ചോലകളുടെയും ഇന്നത്തെ അവസ്ഥ മാറ്റി എടുത്താൽ ജലക്ഷാമത്തിന് ഒരു പരിധി വരെ അറുതി വരുത്താൻ കഴിയും.

## പ്രധാനപ്പെട്ട ചോലകൾ

കയ്യൂരി ചോല, അരണചോല, മേലെചോല, മാണിയാർ ചോല മുതലായവ പഞ്ചായത്തിലെ പ്രധാനപ്പെട്ട ചോലകൾ ആണ്. ഇതിനു പുറമെ പേരില്ലാത്ത ചെറുതും വലുതും ആയ ചോലകൾ നിരവധി ഉണ്ട്.

## പുഴ

പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന 5 കിലോമീറ്ററിൽ അധികം വരുന്ന ഒരു ചെറുപുഴ 5-ാം വാർഡിനെയും 8-ാം വാർഡിനെയും 6-ാം വാർഡ്, 4-ാം വാർഡ് എന്നിവ സ്പർശിച്ചുകൊണ്ട് കിഴക്ക് നിന്നും പടിഞ്ഞാറേക്ക് ഒഴുകുന്നു. ആ പുഴക്ക് 2 സ്ഥലങ്ങളിൽ ചിറ കെട്ടിയിട്ടുണ്ട്. രൂക്ഷമായ മണ്ണൊലിപ്പ് മൂലം പുഴയുടെ ഇരുഭാഗവും ഇടിഞ്ഞ് പുഴ തൂർന്ന്കൊണ്ടിരിക്കുകയാണ്. അങ്ങിങ്ങായി ചില സ്ഥലത്ത് പാർശ്വ ഭിത്തി കെട്ടിയിട്ടുണ്ടെങ്കിലും പുഴയുടെ ഇരുവശം മുഴുവനും പാർശ്വഭിത്തി കെട്ടേണ്ടതാണ്.

## പ്രശ്നങ്ങൾ

ജല ദൗർലഭ്യത പ്രധാനമായും കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പുഴക്ക് കുറുകെയുള്ള നിലവിലുള്ള ചിറകൾ സംരക്ഷിക്കാത്തതിന്റെ അഭാവം മൂലം വേണ്ട അളവിൽ ഉള്ള ജലം കൃഷിക്ക് ഉപയോഗപ്പെടാതെ പാഴായി പോകുന്നു പ്രകൃതി ജല ശ്രോതസ്സുകളായ ചോലകളും തോടുകളും മനുഷ്യനിർമ്മിതമായ കുളങ്ങളും ധാരാളം ഉണ്ടെങ്കിലും വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതുകൊണ്ട് കൃഷിയെ ഇവ സാരമായി ബാധിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ എണ്ണക്കുറവും ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും ഉൽപ്പാദന ചിലവ് വർദ്ധിച്ചതും കാലവർഷ വ്യതിയാനങ്ങളും നെൽകൃഷി ഉൽപ്പാദനം കുറക്കുവാൻ കാരണമായി.

പഞ്ചായത്തിലെ മുഖ്യകൃഷിയായ തെങ്ങ് 490 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഉൽപ്പാദന ക്ഷമത വളരെ കുറവാണ്. ജലസേചനത്തിനുള്ള അപര്യാപ്തതയും പരിചരണത്തിന്റെ കുറവും വർദ്ധിച്ചു വരുന്ന പാർപ്പിടപ്രശ്നങ്ങളും നാളികേരത്തിന്റെ വിലക്കുറവും തെങ്ങ് ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇടവിളകളായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറികളും വാഴയും മരച്ചീനിയും പലയിടങ്ങളിലും ഭാഗികമായി മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. അശാസ്ത്രീയമായ കൃഷിരീതികളും അമിതമായ രാസവളപ്രയോഗവും വിപണന സൗകര്യം ഇല്ലായ്മയും ഈ കൃഷികളെ സാരമായി ബാധിച്ചിട്ടുണ്ട്.

മൊത്തം വളപ്രയോഗത്തിന്റെ 85 ശതമാനം രാസവളങ്ങൾ ആണ് ഉപയോഗിക്കുന്നത്. ഇത് മണ്ണിന്റെ ജൈവസ്വഭാവം നഷ്ടപ്പെടുത്തിയിരിക്കുന്നു. 1979ൽ ആരംഭിച്ച് 1983ൽ പൂർത്തിയായ ലോൺ സ്കീം പ്രകാരം 29 കുടുംബങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ മാലാപറമ്പ് ഭാഗത്ത് 580.5 ഹെക്ടർ സ്ഥലത്ത് 167270 രൂപ ചിലവഴിച്ച് മണ്ണ് സംരക്ഷണപദ്ധതി ഉണ്ടായി എങ്കിലും, പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് പദ്ധതിവ്യാപിപ്പിക്കാത്തതും കാലാകാലങ്ങളിൽ നടത്തേണ്ട മണ്ണ് പരിശോധന നടത്താൻ ഉള്ള അസൗകര്യവും, മണ്ണിന്റെ ജൈവസ്വഭാവം നിർണ്ണയിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഇത് ഫലപ്രദമായ രാസവളപ്രയോഗത്തെയും ആരോഗ്യകരമായ കീടനാശിനിപ്രയോഗത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

## പ്രധാമായും കൃഷിക്ക് കണ്ടു വരുന്ന രോഗങ്ങൾ

നെല്ലിന് - മുത്തരോഗം, പോളരോഗം, തണ്ട്തുരപ്പൻ രോഗം, വെള്ളക്കുല എന്നിവയും തെങ്ങിന് - കൂമ്പ് ചീയൽ, ചെന്നീർ ഒലിപ്പ് കുരുമുളകിന്- ദ്രുതവാട്ടം വാഴക്ക് - കുമ്പടയൽ, കൊക്കാൽ സിഗാട്ടോഗ എന്നിവയാണ് പ്രധാനപ്പെട്ട രോഗങ്ങൾ.

കാർഷിക ജോലികൾക്ക് അവശ്യമായ ഉഴവുമാടുകളുടെ അഭാവവും പകരം നിൽക്കേണ്ട യന്ത്ര സാമഗ്രികളുടെ അഭാവവും കൃഷിയുടെ തളർച്ചക്കുള്ള മുഖ്യകാരണമായി നിലനിൽക്കുന്നു. മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനിൽക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ചിറകൾ സംരക്ഷിക്കുന്നതിനും തക്കസമയത്ത് ചിറയും ബണ്ടും കെട്ടാൻ ഉള്ള സ്ഥിരമായ സംവിധാനം വേണം. വിദൂര പാടശേഖരങ്ങളിലേക്ക് വെള്ളം കൊണ്ടുപോകാൻ കനാലുകൾ നിർമ്മിക്കേണ്ടതാണ്.

2. മുൻകാലങ്ങളിൽ സംരക്ഷിച്ചിരുന്നതും നിലവിലുള്ളതുമായ പൊതുകുളങ്ങൾ കർഷകരുടെ സഹായത്തോടെ സംരക്ഷിക്കുകയും നശിച്ച്പോയവ പുനരുദ്ധീകരിക്കുന്നതിന് വേണ്ട സാമ്പത്തികസഹായവും മറ്റും നൽകേണ്ടതാണ്.

3. കൂടാതെ നിലവിലുള്ള പല തോടുകൾക്കും നേരത്തെ ഉണ്ടായിരുന്ന ചിറകളുടെ ചീർപ്പുകൾ പല കാരണവശാലും നശിക്കുകയോ പൂർണ്ണമായും കേട് വരുകയോ ചെയ്തിട്ടുണ്ട്. ഇവ നന്നാക്കി എടുക്കണം. രണ്ടാം വിളക്ക് ശേഷവും പുഴയിലെ വെള്ളം സ്ഥിരമായി നിലനിർത്തണം.

4. നിലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരപ്പിൽതോട് കനാൽ യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തണം. തൂർന്ന് കിടക്കുന്ന ചോലകൾ മണ്ണെടുത്ത് ഉപയോഗയോഗ്യമാക്കണം. ഡ്രിപ്പ് ഇറിഗേഷൻ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തണം.

5.വാണിജ്യ അടിസ്ഥാനത്തിൽ വേനൽക്കാല പച്ചക്കറി കൃഷി ചെയ്യാൻ ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും കൃഷിഭവൻ വഴി നടപ്പിൽ വരുത്തണം.

6. രാസവള വിപണന കേന്ദ്രങ്ങൾ ആവശ്യമായ അത്ര പഞ്ചായത്തിൽ നിലവിൽ ഉണ്ടെങ്കിലും ജൈവവള അഭാവം നികത്താൻ വേണ്ടി ജൈവവേലികൾ പ്രോത്സാഹിപ്പിക്കുകയും കമ്പോസ്റ്റ് കുഴി പ്രോത്സാഹിപ്പിക്കുകയും പ്രധാന അങ്ങാടികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാലിന്യങ്ങൾ നീക്കി കമ്പോസ്റ്റ് വളങ്ങൾ ആക്കുകയും വേണം. പരിസര മലിനീകരണം ഒരു പരിധി വരെ ഇതുകൊണ്ട് തടയുവാൻ സഹായകമാവുകയും ചെയ്യും. അമിതമായ രാസവളപ്രയോഗം നിരുത്സാഹപ്പെടുത്തണം.

7. ഉൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും പ്രാദേശികമായി വിത്ത് ഉൽപ്പാദിപ്പിക്കുവാൻ പാടശേഖര സമിതികളെ നിയോഗിക്കുകയും വേണം.

8. നല്ലയിനം തെങ്ങിൻതൈകൾ, കമുങ്ങ്, റബ്ബർ, കുരുമുളക് വള്ളികൾ, കശുമാവിൻ തൈകൾ എന്നിവ വളർത്തുന്നതിന് ആവശ്യമായ നഴ്സറികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ ധാരാളം വിപണന സാധ്യതകൾ ഉള്ള ഫ്ളോട്ടികൾച്ചർ, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, ഫലവൃക്ഷങ്ങൾ എന്നിവ നഴ്സറിയുടെ സഹായത്തോടെ പഞ്ചായത്തിൽ നടപ്പിൽ വരുത്തണം.

9. ശരിയായ സുരക്ഷാസംവിധാനങ്ങളോടെയും ശരിയായ അളവിലും കീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. കൂടാതെ കൃഷിഭവന്റെ കീഴിലുള്ള മരുന്ന് തളിക്കൽ യന്ത്രങ്ങൾ റിപ്പയർ ചെയ്യുകയും പഞ്ചായത്തിലെ കർഷകർ വേഗത്തിൽ ലഭ്യമാകുന്ന രീതിയിൽ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ലഭിക്കാൻ വേണ്ട സൗകര്യം ചെയ്യണം.

10. കൃഷിക്ക് ആവശ്യമായ പവർചില്ലർ, ട്രാക്ടർ, കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, പമ്പുസെറ്റ്, തെങ്ങ് കയറ്റ യന്ത്രം എന്നിവ കുറഞ്ഞ ചിലവിൽ സബ്സിഡിയോടു കൂടി ലഭ്യമാക്കണം.

11. കൃഷിയെ സംരക്ഷിക്കുന്നതിനും കാർഷികമേഖലക്ക് ആവേശം പകരുന്നതിനും വിളവുകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം ഏർപ്പെടുത്തണം. അതോടൊപ്പം കൃഷിക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കുകയും ജലസേചനത്തിനുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും വേണം.

12. നാണ്യവിളകൾക്ക് ആവശ്യമായ വിപണന സൗകര്യങ്ങൾ സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കുകയും കേര കർഷകരെ പ്രോത്സാഹിപ്പിക്കാൻ കേര സംസ്കരണ യൂനിറ്റുകളും എണ്ണ ആട്ട് യന്ത്രങ്ങളും പഞ്ചായത്തിൽ ഉണ്ടാക്കേണ്ടതാണ്.

13. തരിശു ഭൂമികളിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുകയും വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

14. പഞ്ചായത്തിന്റെ കീഴിലുള്ള കൃഷിഭവന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും കൃഷിഭവന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കുകയും സാങ്കേതിക പ്രവർത്തനങ്ങൾക്ക് ഒരു വർക്ക് ഷാപ്പ് നിർമ്മിക്കുകയും കൃഷിഭവന്റെ കീഴിലുള്ള വിവിധ പദ്ധതികളെക്കുറിച്ച് കൃഷിക്കാർക്ക് വിവരം നൽകാൻ ആവശ്യമായ വാർത്താ വിനിമയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

കാർഷിക മേഖലയിൽ ഒരു വമ്പിച്ച കുതിച്ച് ചാട്ടത്തിന് സാദ്ധ്യതകളുള്ള പുഴക്കാട്ടിരി പഞ്ചായത്തിന്റെ പുരോഗതിക്ക് വേണ്ടി ചില നിർദ്ദേശങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഒരു പുതിയ കാർഷിക വികസന പുരോഗതിക്ക് കർഷകരെ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

## സഹകരണ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനം | നിക്ഷേപങ്ങൾ | സംഖ്യ | |
|---|---|---|---|
| 1. രാമപുരം സർവ്വീസ് സഹകരണബാങ്ക് | സ്ഥിരം നിക്ഷേപം | 3,55,09,697 | |
| | ഹ്രസ്വകാലം | 1,30.23,906 | |
| | | 4,85,33,603 | |
| 2. അങ്ങാടിപ്പുറംസർവ്വീസ് സഹകരണബാങ്ക് | സ്ഥിരം | 24,02,599 | 4,85,33,603 |
| | ഹ്രസ്വകാലം | 11,72,036 | 35,74,635 |
| ബ്രാഞ്ച് - കടുങ്ങപുരം | | 35,74,635 | 5,21,08,238 |

## നൽകിയിട്ടുള്ള വായ്പകൾ

| | കാർഷികം | കാർഷികേതരം |
|---|---|---|
| 1. രാമപുരം സർവ്വീസ് സഹകരണബാങ്ക് | 23,73,435 | 5,31,32,555 |
| | 1,21,482 | 27,80, 777 |
| | 24,94,917 | 5,59,13,332 |
| 2. അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | 1,87,050 | 15,66,296 |
| കടുങ്ങപുരം ബ്രാഞ്ച് | | 27,47,270 |
| | | 43,13,566 |
| 3. ഹൗസിങ്ങ് സഹ: സംഘം | | 4,27,000 |
| പെരിന്തൽമണ്ണ | | 1,00,000 |
| | | 5,27,000 |

## ഈ പഞ്ചായത്തിൽ കാർഷിക വികസന ബാങ്ക് നൽകിയ വായ്പകൾ

| | |
|---|---|
| ഭൂവികസനം | 12,24,700 |
| ചെറുകിട ജലസേചനം | 29,48,600 |
| തെങ്ങ്, കവുങ്ങ്, റബ്ബർ മുതലായവക്ക് | 14,23,560 |
| ചെറുകിടവാഹനങ്ങൾക്ക് | 3,84,200 |
| കാർഷികേതര വായ്പ | 1,40.700 |
| ഭവനനിർമ്മാണം | 1,65,000 |
| ആകെ | 62,86,760 |

# വ്യവസായം

വ്യവസായ മേഖലയിൽ പുഴക്കാട്ടിരി പഞ്ചായത്തിന് കാര്യമായ നേട്ടം കൈവരിക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. ഇട ത്തരം വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. രണ്ട് പതിറ്റാണ്ടിനുമുമ്പ് പ്രവർത്തനമാരംഭിച്ച സ്വകാര്യമേഖലയിലുള്ള ചകിരിനാരുൽപ്പാദന മില്ല്, മൂന്നാണ്ടുകൾക്ക് മുൻപ് നിർമ്മാണമാരംഭിച്ച അലോപ്പതി മരുന്നു നിർമ്മാണ യൂനിറ്റ് എന്നിവയാണ് എടുത്തു പറയാവുന്ന വ്യവസായസംരംഭങ്ങൾ, ഇതുകൂടാതെ ധാന്യം പൊടിക്കുന്ന മില്ലുകൾ, എണ്ണമില്ലുകൾ, നെല്ലുകുത്തുമില്ല്, അവിൽമില്ല് ജനറൽ എഞ്ചിനിയറിംഗ് വ്യവസായ യൂനിറ്റുകൾ. ഓട്ടോ മൊബൈൽ വർക്ക് ഷാപ്പുകൾ, കളിമൺ, സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറികൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ രംഗങ്ങളിലും ചെറുകിട വ്യവസായ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

രാമപുരത്ത് പട്ടികജാതിക്കാർക്ക് പ്രത്യേകമായി രൂപീകരിച്ച രാമപുരം ബാംബു വർക്കേഴ്സ് വ്യവസായ സഹകരണ സംഘം രണ്ടുവർഷത്തോളമായി പ്രവർത്തന രഹിതമാണ്. ......അംഗങ്ങളുള്ള ഈ സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്.

പഞ്ചായത്തിൽ ഒട്ടാകെ ഏഴ് അറവുശാലകളും ഒരു തുകൽ സംഭരണ കേന്ദ്രവും നിലവിൽഉണ്ട്. ഒരു യാന്ത്രവൽകൃതക്രഷറും. ഒരു ചെരുപ്പു നിർമ്മാണ യൂനിറ്റും, രണ്ട് പപ്പട നിർമ്മാണ യൂനിറ്റും ഉണ്ട്.

അറുപത്താറ് കേന്ദ്രങ്ങളിലായി ടൈലറിംഗ് റെഡിമെയ്ഡ് നിർമ്മാണം നടന്നുവരുന്നു.

പഞ്ചായത്തിനകത്ത് ജോലി ചെയ്യുന്ന....... സ്ത്രീകളും......പുരുഷന്മാരും ഉണ്ട്.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1ൽ

ചെറുകിട വ്യവസായ യൂനിറ്റുകളെ സംബന്ധിച്ച വിവരം പട്ടിക 2ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പരമ്പരാഗത മേഖലയിൽ മുള ഉൽപ്പന്നങ്ങളും തഴപ്പായ നിർമ്മാണവും മാത്രമാണ്. നിലവിലുള്ളത് മുഖ്യമായും പട്ടികജാതി കോളനികളിലെ ആളുകളാണ് ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. മുള ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നുണ്ടെങ്കിലും തഴപ്പായ നിർമ്മാണം ചില സീസണുകളിൽ മാത്രമേ കാര്യമയാ തോതിൽ നടക്കുന്നുള്ളൂ.

ടൈലറിംഗ് & റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് കൂടുതൽ സ്ത്രീകളാണ് തൊഴിൽ നേടിയിട്ടുള്ളത്.

**പട്ടിക 1**

| ക്രമ നമ്പർ | വിഭാഗം | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം സ്ത്രീ | പു | ആകെ | ശതമാനം |
|---|---|---|---|---|---|---|
| 1 | കയർ മേഖല | 1 | 20 | 15 | 35 | പായനെയ്ത്ത് ചെറുകുന്ന്,നേമത്ത്കുഴി, മുത്തങ്ങ, കലകപ്പാറ, ചോലക്കപറമ്പ, മഞ്ഞളാം കുഴി, അള്ളാളത്തിൽ, ചകിടിപറമ്പ് വാരിയം പറമ്പ, തടിയങ്കോട്ട് എന്നീ കോളനികളിൽ |
| 2 | ചെറുകിട വ്യവസായം | 48 | 25 | 55 | 80 | |
| 3 | പരമ്പരാഗത കുടിൽ വ്യവസായം | | | | | |
| | 1 തഴപ്പായ | | 50 | | 50 | |
| | 2 കൊട്ട, മുറം | | 45 | 35 | 80 | |
| 4 | ഭക്ഷ്യസംസ്കരണം<br>1 ധാന്യം പൊടിക്കൽ<br>2 അവിൽ നെല്ല്കുത്ത് | 36 | | 43 | 43 | |
| 5 | മറ്റു വ്യവസായങ്ങൾ | 33 | 29 | 134 | 163 | |

## പട്ടിക 11

### ചെറുകിട വ്യവസായ യൂനിറ്റുകളുടെ എണ്ണം

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ |
| 1 | തടിവ്യവസായം | 21 | 65 | | 65 |
| 2 | എഞ്ചിനിയറിംഗ് | 8 | 32 | | 32 |
| 3 | ടൈലറിംഗ് & റെഡിമെയ്ഡ്സ് | 36 | 26 | 40 | 66 |
| 4 | മരുന്ന് | | | | |
| | 1. അലോപ്പതി | 1 | 5 | 1 | 6 |
| | 2. ആയുർവ്വേദം | 1 | 2 | 1 | 3 |
| 5 | കയർ | 1 | 20 | 15 | 35 |
| 6 | നാളികേരം | 4 | 30 | | 30 |
| 7 | അച്ചടി | 2 | 3 | 7 | 10 |
| 8 | ഭക്ഷ്യ സംസ്കരണം | | | | |
| | 1 റൈസ് & ഫ്ളോർമിൽ | 24 | 24 | | 24 |
| | 2 അവിൽമില്ല് | 3 | 3 | | 3 |
| | 3 പാൽ ഉല്പന്നം | 1 | 2 | | 2 |
| | 4അറവു ശാല | 7 | 14 | | 14 |
| 9 | ചെരിപ്പ് നിർമ്മാണം | 1 | 2 | | 2 |
| 10 | തുകൽ സംഭരണം | 1 | 2 | | 2 |
| 11 | ക്രഷർ | 1 | 10 | 5 | 15 |
| 12 | മറ്റുള്ളവ | 4 | 7 | 5 | 13 |

## പട്ടിക III

### വ്യവസായ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സ്ഥലം | ഇനം | മെമ്പർമാർ | തൊഴിലാളികളുടെ എണ്ണം | | | ലാഭം/നഷ്ടം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ | | |
| 1 | രാമപുരം | മുള ഉൽപന്നങ്ങൾ | 27 | 10 | 17 | 27 | നഷ്ടം | രണ്ടുവർഷമായി പ്രവർത്തന രഹിതം |

## പട്ടിക IV

### പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| 1 | മുള ഉൽപ്പന്നങ്ങൾ കൊട്ട, മുറം | 35 | 45 | 80 |
| 2 | തഴപ്പായ കൈതോല, തെങ്ങോല | ,, | 50 | 50 |

പ്രാഥമിക മേഖലയിലെ കാർഷിക ഉൽപന്നങ്ങളായ മരം, നാളികേരം, ധാന്യങ്ങൾ എന്നിവയെ ആശ്രയിച്ചാണ് ഭൂരിപക്ഷം വ്യവസായ യൂനിററുകളും പ്രവർത്തിക്കുന്നത്.

## പ്രശ്നങ്ങൾ

14 ചതുരശ്ര കിലോമീററർ വിസ്തീർണ്ണവും 25784 ജനസംഖ്യയും 3477 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ ഉപഭോഗവസ്തുക്കളുടെ ഉൽപാദനം തുലോം അവഗണനീയമാണ്. പ്രാദേശികമായി ആവശ്യമായ ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്ന വ്യവസായ ശാലകൾ നിലവിൽ വരാത്തതിൻെറ കാരണങ്ങൾ വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്.

വ്യവസായത്തിന്നാവശ്യമായ വൈദ്യുതി, ഭൂമി, ഗതാഗതസൗകര്യം എന്നിവയുടെ അപര്യാപ്തത മുഖ്യ പ്രശ്നങ്ങളാണ്. ഇതുകൂടാതെ താഴെ എഴുതിയ കാരണങ്ങളും പ്രസക്തമാണ്.

1 പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ വ്യവസായികമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഉദാ: നാളികേരം, റബ്ബർ, മരച്ചീനി, ഏത്തപ്പഴം, കശുവണ്ടി അടക്ക മുതലായവ.

2 നിർമ്മാണ തൊഴിൽ രംഗത്ത് ലഭിക്കുന്ന വർദ്ധിച്ച കൂലിനിരക്ക് വ്യവസായമേഖലയിൽകിട്ടുന്നില്ല.

3 ആവശ്യമായ രംഗങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെ അഭാവം.

4 ധനസാഹായം നൽകാനുള്ള ഏജൻസികളുടെ വൈമുഖ്യം.

5 വൻകിട വ്യവസായങ്ങളിലെ ബ്രാൻറ് ഉൽപന്നങ്ങളുമായി വിപണിയിൽ മത്സരിക്കാൻ ചെറുകിട ഉൽപന്നങ്ങൾക്ക് കഴിയുന്നില്ല.

6 സാഹസം ഏറെറടുക്കാനുള്ള വ്യവസായ സംരംഭകരുടെ വിമുഖത വ്യവസായ സംരംഭകർക്ക് സമൂഹത്തിലുള്ള അംഗീകാരകുറവ്.

7 വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവും വ്യവസായിക ബോധവൽക്കരണത്തിൻെറ കുറവും.

8 വ്യവസായം മൂലം പരിസര മലിനീകരണം ഉണ്ടാകുമെന്നുള്ള സമീപവാസികളുട ഭയം. അതുമൂലമുള്ള എതിർപ്പുകൾ.

9 വ്യാപാരരംഗത്തോടുള്ള ജനങ്ങളുടെ പ്രത്യേക താൽപര്യം.

## സാദ്ധ്യതകൾ

1 അടിസ്ഥാന ഘടകങ്ങളായ ഭൂമി, വൈദ്യുതി എന്നിവയുടെ അഭാവമാണ് വ്യവസായ വൽക്കരണത്തിന് വിഘാതമായി നിൽക്കുന്ന പരമപ്രധാന പ്രശ്നങ്ങൾ. പഞ്ചായത്തിൻെറ ഉടമസ്തതയിൽ കടുങ്ങപുരത്ത്...സർവ്വേനമ്പറിലുള്ള 50സെൻറ് സ്ഥലം ഉപയോപ്പെടുത്തി അനുയോജ്യമായി ഉൽപന്നങ്ങൾക്ക് വേണ്ടി ഒരു ചെറുകിട വ്യവസായ എസ്റേററ് സ്ഥാപിക്കുക. ഇതിനാവശ്യമായ സൗകര്യങ്ങൾ വ്യവസായവകുപ്പ്, സിഡ്കോ. ഖാദിബോർഡ് എന്നിവയും ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്താവുന്നതാണ്.

2 പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഭൂമിവിലക്കെടുത്ത് 'വ്യവസായ വികസന ഏരിയ' കളായി പ്രഖ്യാപിച്ച് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അർഹരായ സംരംഭകർക്ക് വ്യവസായ നടത്തിപ്പിനായി ഈ സ്ഥലം ആവശ്യാനുസരണം പതിച്ച് കൊടുക്കുകയോ ഹയർ പർച്ചേഴ്സ് വ്യവസ്ഥയിൽ ലഭ്യമാക്കുകയോ ചെയ്യുക.

3 സ്ത്രീകൾക്ക് പ്രത്യേകഊന്നൽ നൽകി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും തയ്യൽ പരിശീലനവും നടത്തുന്ന ഇൻസ്ററിററ്യൂട്ടുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക. (വ്യവസായ സഹകരണ സംഘം)

4 കറിപൗഡറുകൾ, അച്ചാറുകൾ എന്നിവ നിർമ്മിക്കാനായ് പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

5 പഞ്ചായത്തിൽഅനുയോജ്യമായ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് അഭ്യസ്ഥ വിദ്യരായ തൊഴിൽ രഹിതർക്ക് വേണ്ടി പ്രിൻറിംഗ്, ബുക്ക്ബൈൻറിംഗ് യൂനിററുകൾ സ്ഥാപിക്കുക.

6 പ്രാദേശികമായി നാളികേരംസംഭരിച്ച് കൊപ്ര സംസ്കരണവും വെളിച്ചെണ്ണ ഉൽപാദനവും, നടത്തുവാനായി ഒരു സഹകരണ സംഘം സ്ഥാപിക്കുക.

7 വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ റിപ്പയറിംഗ് സർവ്വീസിങ്ങ് എന്നിവ നടത്താൻ ഉതകുന്ന ഓട്ടോമൊബൈൽ വർക്ക് ഷാപ്പ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.

8 ചിലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രീകളായ കോൺക്രീററ്, കട്ടില, ജനൽ, ഇഷ്ടിക എന്നിവയുടെ നിർമ്മാണത്തിന് യൂനിററുകൾ സ്ഥാപിക്കുക.

9 നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവസായ ഉൽപന്നങ്ങളായ കുട്ട, മുറം, തഴപായ എന്നിവക്ക് മിതമായ വില കിട്ടത്തക്കവിധം വിപണി സൗകര്യം ഏർപ്പെടുത്തുക. ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

10 പഞ്ചായത്തിലെ 4-ാം വാർഡിലുൾപ്പെട്ട വെള്ളുവോപറമ്പ്, 10-ാംവാർഡിലുള്ള പാലൂർകോട്ട എന്നീ സ്ഥലങ്ങളിൽ തരിശായി കിടക്കുന്ന ഭൂമി വ്യവസായ വകുപ്പിൽ നിലവിലുള്ള പദ്ധതി പ്രകാരം വിലകൊടുത്ത് നബാർഡിൻെറ നിലവിലുള്ള പദ്ധതിയിൽ നിന്നും ധനസഹായത്തോടുകൂടി വ്യവസായ വളർച്ചാകേന്ദ്രം സ്ഥാപിക്കുക.

11 കയർബോഡിൻെറ നിലവിലുള്ള പദ്ധതി ഉപയോഗപ്പെടുത്തി അഭ്യസ്ഥ വിദ്യരായ തൊഴിൽരഹിതർക്ക് യന്ത്രവൽകൃത, കയർറാട്ട നൽകുക.

12 രാമപുരത്ത് പൂട്ടികിടക്കുന്ന ബാംബൂവർക്കേഴ്സ് വ്യവസായ സഹകരണ സംഘം പുതിയ സ്കീം തയ്യാറാക്കി കൂടുതൽ പേർക്ക് തൊഴിൽ നൽകത്തക്ക രൂപത്തിൽ പുനജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുക.

## മററ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 തീപ്പെട്ടി നിർമ്മാണം

2 കരിങ്കൽ ക്വാറി

3 ഖാദി വസ്ത്ര നിർമ്മാണം

4 മരപ്പേട്ട സ്ഥാപിക്കുക

5 സോപ്പുഫാക്ടറി

6 പപ്പട നിർമ്മാണം

7 അടക്ക, തേങ്ങ, സംസ്കരണ യൂണിററ്

8 അവിൽമില്ല്

9 ഇഷ്ടിക നിർമ്മാണം

# വിദ്യാഭ്യാസം

ചരിത്രാതീതകാലം മുതൽ വള്ളുവനാട് താലൂക്കിലെ പുകഴ്പ്പെററ ഒരു പേരാണ് പുഴക്കാട്ടിരി. സ്വാതന്ത്ര്യസമര സേനാനികളും സാമൂഹ്യപ്രവർത്തകരുമായിരുന്ന എം. പി. നാരായണമേനോന്റെയും കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരുടെയും പ്രവർത്തന കേന്ദ്രമായിരുന്ന പുഴക്കാട്ടിരി. കൊളോണിയലിസത്തിനും സാമ്രാജ്യത്വത്തിനുമെതിരെ രണോത്സുകരായി പൊരുതിയ പിതാമഹന്മാർ ബ്രിട്ടീഷുകാർ ഇവിടെ പ്രചരിപ്പിച്ച വിദ്യാഭ്യാസത്തിനുനേരെ മുഖം തിരിച്ചുനിന്നു. ബ്രിട്ടീഷ് വിരോധം കാരണം ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമാണെന്നവരെ പ്രചരിപ്പിക്കപ്പെട്ടു. മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസത്തിൽ ഇടത്തരം നില്ക്കുന്ന ഒരു പഞ്ചായത്താണ് ഇത്.

1917ൽ രാമപുരം പുളിക്കൽ അങ്ങാടിയിൽ പലയക്കോടൻ കോയക്കുട്ടിമൊല്ലാക്കയാരംഭിച്ച ഓത്തുപള്ളിക്കൂടമാണ് പ്രഥമ ഔപചാരിക വിദ്യാലയം. ഈ സ്കൂൾ പിന്നീട് രാമപുരം എ.എം.എൽ.പി. സ്കൂൾ എന്ന പേരിൽ മാററി സ്ഥാപിച്ചു. പിന്നീട് രാമപുരം ഹിന്ദുസ്കൂൾ, പനങ്ങാങ്ങര. എ.എം. എൽ.പി. സ്കൂൾ, പാതിരമണ്ണ എൽ. പി. സ്കൂൾ എന്നിവയും സ്ഥാപിതമായി.

| നമ്പ്ര് | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു. | സ്ത്രീ | ആകെ |
| 1 | എ എച്ച് എൽ പി എസ്, രാമപുരം | | 143 | 137 | 280 | | | 9 |
| 2 | എ എം എൽ പി എസ്, രാമപുരം | | 121 | 110 | 231 | | | 9 |
| 3 | എ. എം. എൽ. പി., പനങ്ങാങ്ങര | | 167 | 140 | 307 | | | 10 |
| 4 | എ. എൽ. പി. എസ് പാതിരമണ്ണ | | 136 | 139 | 275 | | | 10 |
| 5 | എ. എൽ പി. എസ് പുഴക്കാട്ടിരി | | 200 | 176 | 376 | | | 12 |
| 6 | ജി. എച്ച്. എസ്. കട്ടുങ്ങപുരം LP | | 259 | 237 | 496 | | | 10 |
| | UP | | 511 | 432 | 943 | | | 21 |
| | HS | | 438 | 476 | 914 | | | 23 |
| 7 | ജി. യു. പി. എസ്. പനങ്ങാങ്ങര | | 365 | 322 | 687 | | | 19 |
| 8 | പി. കെ. എച്ച്. എം. എ. എൽ. പി.എസ്. പടപ്പറമ്പ | | 121 | 144 | 265 | | | 10 |
| 9 | ജി. എൽ. പി. എസ്. പലകപ്പറമ്പ് | | 104 | 102 | 206 | | | 5 |
| 10 | ജി. എൽ. പി. എസ് ചൊവ്വണ | | 97 | 92 | 189 | | | 7 |

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്താണ് പറയത്തക്ക വിദ്യാഭ്യാസ പുരോഗതിയുണ്ടായത്. കട്ടങ്ങപുരം ഗവ: ഹൈസ്കൂരം, പനങ്ങാങ്ങര യു.പി.സ്കൂരം, ചൊവ്വണ എൽ. പി. സ്കൂരം എന്നീ പുതിയ വിദ്യാലയങ്ങരം ഉണ്ടായി. ആദ്യകാലങ്ങളിൽ സ്ത്രീകരം ക്ക് വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരാൻ വൈമുഖ്യം കാണിച്ചിരുന്നു. പഞ്ചായത്തിലെ LP. UP. HS. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ആകെ വിദ്യാർത്ഥികരം | LP ആൺ | പെൺ | UP ആൺ | പെൺ | HS ആൺ | പെൺ |
|---|---|---|---|---|---|---|
| 5171 | 1348 | 1279 | 876 | 754 | 438 | 476 |

സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരുടെ നേതൃത്വത്തിൽ പ്രോത്സാഹനം നൽകി പോന്നിരുന്നു.

പട്ടിക വർഗ്ഗ – പട്ടികജാതി – വിദ്യാർത്ഥികളുടെ കണക്ക്.

| | LP | UP | HS | ആകെ |
|---|---|---|---|---|
| ആകെ | 135 | 93 | 64 | 292 |

ഈ പഞ്ചായത്തിൽ പട്ടിക ജാതിയിൽ പെട്ട ഹരിജനങ്ങരം താഴ്ന്ന ജീവിത നിലവാരത്തിലുള്ളവരാണെങ്കിലും വിദ്യാഭ്യാസ രംഗത്തേക്ക് കടന്ന് വരാൻ വൈമുഖ്യം കാണിക്കാറില്ല. എങ്കിലും തുടർന്ന് പഠിക്കാൻ അവരുടെ സാമ്പത്തിക പരാധീനത അനുവദിക്കുന്നില്ല.

സാമ്പത്തികസാമൂഹിക കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികരം ഇടക്ക് വെച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞു പോയവരുടെ പട്ടിക.

പഠനം നിർത്തിയവരുടെ കണക്ക്

| SC ST ആൺ | പെൺ | ആകെ | മററുള്ളവർ ആൺ | പെൺ | ആകെ | ആകെ |
|---|---|---|---|---|---|---|
| 4 | 2 | 6 | 45 | 32 | 77 | 33 |

ആകെയുള്ള സ്ക്കൂളുകളിൽ 4 എണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്.

ഗവ. സ്ക്കൂളുകളുടെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

| ആകെ അദ്ധ്യാപകർ | 4 ഗവ.ഹൈസ്ക്കൂരം അദ്ധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്ക്കൂരം വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 145 | 85 | 5171 | 3485 |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിക്കുന്നു. പഞ്ചായത്തിൽ തന്നെയുള്ള ഇംഗ്ലീഷ്മീഡിയം നഴ്സറി സ്ക്കൂളിലേയും വിദൂരങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേയും ധാരാളം രക്ഷിതാക്കരം ആകൃഷ്ടരായി വരുന്നു. ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലെ പഠനപ്രവർത്തനമാണ് മികച്ചതെന്ന് എന്ന ധാരണ മാററിയെടുത്ത് പൊതുവിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്തികൊണ്ടുവരണം.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിലില്ല.

പെരിന്തൽമണ്ണ PTMഗ: കോളേജ്, ഗ: കോളേജ് മലപ്പുറം P S M തിരൂരങ്ങാടി മണ്ണാർക്കാട് M E S, പോളിടെക്നിക് പെരിന്തൽമണ്ണ എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കാണ് വിദ്യാർത്ഥികളെ അയക്കുന്നത്.

പഞ്ചായത്തിലെ ഏകഹൈസ്ക്കൂളായ G H S കടുങ്ങപുരം, വിജയ ശതമാനം വളരെ കുറവാണ്. ഭൗതിക സൗകര്യങ്ങളുടെ കുറവുകാരണം സെഷനൽ സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. വിജയിക്കുന്നവരുടെ മാർക്ക് കുറവായതിനാൽ അഫിലിയേററഡ് കോളേജുകളിൽ ചെറിയ ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളൂ. അത്കൊണ്ട് നല്ലൊരു ശതമാനം വിദ്യാർത്ഥികൾ പ്രൈവററ് സ്ഥാപനങ്ങളെ ആശ്രയിക്കുന്നു.

ഗൾഫ് പണത്തിൻെറ സ്വാധീനം വിദ്യാർത്ഥികളുടെ ശ്രദ്ധ പഠനത്തിൽനിന്നും മാറി ക്ലാസ്മുറിക്ക് വെളിയിലേക്ക് നയിക്കുന്നു. പ്രായ പൂർത്തിയായാൽ കടൽ കടക്കാൻ വ്രതമെടുക്കുന്ന ഓരോ വിദ്യാർത്ഥിയും പഠന പ്രവർത്തനങ്ങളിൽനിന്നും അകന്ന് പോകുന്നു മിക്ക കുട്ടികളുടെയും രക്ഷിതാക്കൾ വിദേശങ്ങളിലായതിനാൽ കുട്ടികളുടെ പഠന കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു.

1990-ൽ നടന്ന സാക്ഷരതാ യജ്ഞം പൂർണ്ണമായും വിജയിച്ച പഞ്ചായത്തുകളിൽ ഒന്നാണിത്. എന്നാൽ ആ ആവേശം നിലനിർത്താൻ കഴിയാതെ പോയത്കൊണ്ട് നവസാക്ഷരർ ക്രമേണ നിരക്ഷരരായി മാറിയ ദുഃഖസത്യം നാം മറന്നുകൂട.

## ഭൗതിക സാഹചര്യങ്ങൾ

| സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| എ.എം.എൽ.പി. പുഴക്കാട്ടിരി | 376 | 12 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| എ.എച്ച്.എൽ.പി. രാമപുരം | 280 | 9 | 1 | ,, | ,, | ഉണ്ട് |
| എ.എം.എൽ.പി. പനങ്ങാങ്ങര | 307 | 10 | 1 | ,, | ,, | ഇല്ല |
| എ.എൽ.പി.എസ്. പാതിരമണ്ണ | 275 | 10 | 1 | 1 | ,, | ,, |
| പി.കെ.എച്ച്.എം. എൽ.പി.എസ്. പടപ്പറമ്പ | 265 | 10 | 2 | 2 | ,, | ,, |
| ജി.എൽ.പി.എസ്. പലകപ്പറമ്പ് | 206 | 5 | 2 | 2 | ,, | ,, |
| ജി.എൽ.പി.എസ്. ചൊവ്വണ | 189 | 7 | 1 | ഇല്ല | ,, | ,, |
| ജി.എച്ച്.എസ്. കടുങ്ങപുരം | 2353 | 54 | 1 | 1 | ,, | ഉണ്ട് |
| ജി.യു.പി.എസ്. പനങ്ങാങ്ങര | 687 | 19 | 2 | 1 | ,, | ഉണ്ട് |
| എ.എം.എൽ.പി. രാമപുരം | 231 | 9 | 1 | ഇല്ല | ,, | ഇല്ല |

പത്ത് ഗ്രാമസഭകളിൽ നിന്നുള്ള ചർച്ചകളിൽ നിന്നും വിദ്യാഭ്യാസ പുരോഗതിക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1 നിലവിലുള്ള പനങ്ങാങ്ങര ജി. യു. പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.

2 ചൊവ്വാണ എൽ. പി. യു. പി. ആയി അപ്ഗ്രേഡ് ചെയ്യുക.

3 പലകപ്പറമ്പ് ജി. എൽ. പി. സ്ക്കൂൾ യു. പി. ആയി ഉയർത്തുക.

4 പാതിരമണ്ണ എ. എം. എൽ. പി. യു. പി. സ്ക്കൂളാക്കുക.

5 പടപ്പറമ്പ് എ. എം. എൽ. യു. പി. ആക്കുക.

6 രാമപുരം എ. എം എൽ പി യു പി സ്ക്കൂളായി ഉയർത്തുക.

7 എ. എം എൽ പി സ്ക്കൂൾ പുഴക്കാട്ടിരി യു പി. സ്ക്കൂളാക്കുക.

## പുതുതായി അനുവദിക്കേണ്ട സ്ക്കൂളുകൾ

1 പൊട്ടിപ്പാറ (കടുങ്ങപുരം) എൽ. പി. സ്ക്കൂൾ

2 മണ്ണുംകുളത്ത് എൽ. പി. സ്ക്കൂൾ

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കടുങ്ങപുരം ജി.എച്ച്.എസ് 1974 ലാണ് ഹൈസ്ക്കൂളായി ഉയർത്തിയത്. ഇപ്പോൾ 18 ക്ലാസ് മുറികളിലായി 2353 വിദ്യാർത്ഥികൾ പഠിക്കുന്നു. ഷിഫ്റ്റ് ആയി നടത്തിയിട്ട് പോലും ഒരോ ഡിവിഷനിലും 90 ഉം അതിലധികവിദ്യാർത്ഥികളും പഠിക്കുന്നു. ഇത് കാരണം S. S. L. C. പൊതു പരീക്ഷയിൽ വിജയ ശതമാനം കുറയുന്നു. 35 ക്ലാസ്മുറികൾ ഉണ്ടെങ്കിലെ സുഗമമായ അധ്യാപനം സാദ്ധ്യമാവുകയുള്ളു. പ്രൈമറി വിഭാഗം ഹൈസ്ക്കൂളിൽ നിന്നും വേർപ്പെടുത്തേണ്ടതും S. S. L. C. വിജയിച്ച വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ സൗകര്യത്തിനായി ഇവിടെ വൊക്കേഷണൽ ഹയർ സെക്കൻററി ക്ലാസുകൂടി അനുവദിക്കേണ്ടതുമാകുന്നു.

എസ് എസ് എൽ സി വിജയിച്ച വിദ്യാർത്ഥികൾക്ക് ഉന്നത പഠന സൗകര്യങ്ങൾ പഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതുമാണ്. ഒരു അദ്ധ്യാപക പരിശീലന കേന്ദ്രം ഒരു ടെക്നിക്കൽ സ്ക്കൂൾ I T I എന്നിവ അനുവദിക്കേണ്ടതാണ്.

ഭൗതിക സൗകര്യങ്ങളുടെ ശോചനീയാവസ്ഥ പരിഹരിച്ച് പി. ടി. എ യും മാതൃ സംഗമങ്ങളും, ജനപ്രതിനിധികളും ഒത്തൊരുമിച്ച് ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായി ശ്രമിക്കാം.

# ഗതാഗതം

ഒരു നാടിന്റെ വികസനത്തെ പ്രധാനമായും ആശ്രയിരിച്ചിരിക്കുന്നത് അവിടത്തെ ഗതാഗത സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ്. അതു കൊണ്ട് തന്നെ പുരാതനകാലം മുതൽക്കെ ചെറുഇട വഴികൾ റോഡാക്കിയും നിലവിലുള്ളവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ഗതാഗതത്തിന്റെ വലിയ ഒരു പങ്ക് നിർവ്വഹിച്ചു പോന്നിട്ടുണ്ട്. പഴയ വള്ളുവനാട് താലൂക്കിൽപ്പെട്ട ഈ പഞ്ചായത്ത് ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ നിർമ്മിക്കപ്പെട്ട മദ്രാസ് കാലിക്കററ് ട്രങ്ക്റോഡ് രാമപുരം പനങ്ങാങ്ങര എന്നീ പ്രദേശങ്ങളിലൂടെ കടന്ന്പോവുന്നു. തുടക്കത്തിൽ മൺറോഡും പിന്നീട് മെററൽചെയ്ത റോഡുമായി വളരെക്കാലം നിലനിന്നു. നാലുഭാഗങ്ങളും കുന്നുകളാൽ ചുററപ്പെട്ട് കിടക്കുന്ന പുഴക്കാട്ടിരി പഞ്ചായത്ത് സമാന്തരമായിപോവുന്ന പ്രധാന രണ്ട് റോഡുകളാണ് ഉള്ളത് ഒന്ന് മദ്രാസ്-കലികററ് റോഡ് മറേറത് അങ്ങാടിപ്പുറം ചെറുകുളമ്പ റോഡ്, പുഴക്കാട്ടിരി, കടുങ്ങപുരം എന്നീ പ്രദേശങ്ങളിലൂടെയും കടന്നുപോവുന്നു. ഈ രണ്ട് റോഡുകളും രണ്ടോ മൂന്നോ കി. മീററർ അകലത്തിൽ സമാന്തരമായാണ് കടന്നുപോവുന്നത് എങ്കിലും ഉപയുക്തമായ ലിങ്ക്റോഡുകൾ ഇന്നും വേണ്ടത്ര നിലവിലില്ലാത്തതിനാൽ ഈ പഞ്ചായത്ത് രണ്ട് മേഖലകളായി നിലകൊള്ളുന്നു അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്ന് ശ്രദ്ധേയമാണ്.

ഈ വ്യത്യസ്ത മേഖലയിലുള്ളവർ തമ്മിൽ ബന്ധപ്പെടുന്നതിനേക്കാൾ കൂടുതൽ സൗകര്യപ്രദമായി കാണുന്നത് തൊട്ടടുത്ത പഞ്ചായത്ത് പ്രദേശങ്ങളെയാണ്.

മുൻകാലങ്ങളിൽ വടക്കൻ മേഖലയിലെ രാമപുരം പനങ്ങാങ്ങര എന്നീ പ്രദേശങ്ങളിലുള്ളവർ ഏററവും ദൂരം കുറഞ്ഞ വഴി കണ്ടെത്തി കടുങ്ങപുരം പാങ്ങ്എന്നീ പ്രദേശങ്ങളിൽകൂടിനടന്ന് കാടാമ്പുഴ ക്ഷേത്രത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഈ സൗകര്യം ഇന്ന് അടുത്ത പഞ്ചായത്തായ മക്കരപറമ്പിൽ നിന്ന് പുറപ്പെട്ട് പാങ്ങ്വഴി ഒരു ലിങ്ക് റോഡ് നിർവഹിക്കുന്നുണ്ടെങ്കിലും പുഴക്കാട്ടിരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇന്നും അത് ഒരു ജലരേഖയാണ്.

വികസനബ്ലോക്കിന്റെ ആവിർഭാവത്തിനു ശേഷം പല പദ്ധതികളിലായി വളരെയധികം ഗ്രാമീണറോഡുകൾ നിർമ്മിക്കപ്പെട്ടുവെങ്കിലും പലതും ഇന്നും വെളിച്ചം കാണാതെ കിടക്കുകയാണ്. കാലാകാലങ്ങളിൽ ചെയ്യേണ്ട അററകുററപണികൾ യഥാസമയം നിർവ്വഹിക്കപ്പെടാത്തതിനാലും ചെയ്യുന്ന പ്രവൃത്തികൾതന്നെ തികച്ചും ശാസ്ത്രീയമായി ചെയ്യുവാൻ കഴിയാത്തതുമൂലവും റോഡുകളുടെ നിലവാരം വളരെ മോശമാണ്.

റോഡ് കടന്നുപോവുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾ ചെറുകിടക്കാരയതുകൊണ്ടും സൗജന്യമായി ലഭിക്കുന്ന സ്ഥലത്ത് നിർമ്മിക്കുന്ന പലറോഡുകളും തുടക്കത്തിൽ വളവുകൾ തീർത്ത് ഉന്നത നിലവാരം പുലർത്താൻ കഴിയുന്നില്ല. ഇവയെല്ലാം പിന്നീട് അത്യാവശഭാഗങ്ങളിൽ സ്ഥലം വിലകൊടുത്ത് ശാസ്ത്രീയമായി വികസിപ്പിക്കേണ്ടതാണ്.

ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ മനുഷ്യശക്തി വിനിയോഗ പദ്ധതിപ്രകാരം രണ്ട്മേഖലകളെയും ബന്ധിച്ച് നിർമ്മിച്ചതിൽ ഏററവും പ്രധാനമായ പനങ്ങാങ്ങര-പുഴക്കാട്ടിരി പുത്തനങ്ങാടി റോഡ് പിൽക്കാലത്ത് P W D ഏറെറടുത്ത് M L A റോഡ് സ്കീമിൽ പ്പെടുത്തി പരിഷ്കരിച്ചെങ്കിലും കാര്യമായ വളവുകൾ ലഘൂകരിക്കാൻ വേണ്ടത്ര സാധിച്ചിട്ടില്ല. മാത്രമല്ല ഒരു ബസ്റൂട്ട് സൗകര്യം ഇന്നേവരെ നിലവിൽവന്നിട്ടില്ല. ഇതുപോലെതന്നെ നിലവിൽവരേണ്ട അതിപ്രധാനമായ ലിങ്ക്റോഡാണ് രാമപുരം-കടുങ്ങപുരം- പാലൂർകോട്ട എരുമതടം റോഡ്. പ്രസ്തുത റോഡിനെ സംബന്ധിച്ചടത്തോളം മൂന്ന് P W D റോഡുകളെ ബന്ധിച്ച് കൊണ്ട് പുഴക്കാട്ടിരി പഞ്ചായത്തിലെ വ്യത്യസ്തമേഖലകളെ ഒന്നാക്കിതീർക്കുന്നു. അതുകൊണ്ട്തന്നെ വികസനരംഗത്ത് പ്രാമുഖ്യം നൽകേണ്ടത് പ്രസ്തുത റോഡിനാണ്.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള റോഡുകളെ വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നാലായി തരംതിരിക്കേണ്ടതാണ്.

1 ടാർ ചെയ്ത റോഡുകൾ.
2 മെററൽ ചെയ്ത റോഡുകൾ
3 മൺ റോഡുകൾ
4 പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പ്രധാനറോഡുകളിൽ പോലും യാതൊരുവിധ തത്വദീക്ഷയുമില്ലാതെ ഇലക്ട്രിസിററി ബോർഡ് ടെലഫോൺസ്, വാട്ടർ അതോററിട്ടി മുതലായ വ്യത്യസ്ത വകുപ്പുകളുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളെ വെട്ടിമുറിച്ചും കാലുകൾ നാട്ടിയും റോഡ് ദുർഘടമാക്കി തീർക്കുന്നു. ഈ വ്യത്യസ്ത വകുപ്പുകളുടെ ഏകോപിച്ചുള്ള വികസന സമിതി ഇത്തരം പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായി രൂപം നൽകുകയാണെങ്കിൽ റോഡിൻെറ ഗുണനിലവാരം ഇന്നത്തെതിലും വളരെ കുറഞ്ഞ ചിലവിൽ മെച്ചപ്പെടുത്തി നിലനിർത്താൻ സാധിക്കും.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ കണക്കിലെടുത്തും റോഡുകളുടെ നിലവിലുള്ളസ്വഭാവം പരിഗണിച്ചും വികസന പ്രവർത്തന രൂപ രേഖ തയ്യാറാക്കുന്നതിന് വേണ്ടി നാല് വിഭാഗങ്ങളായി തരം തിരിക്കുന്നു. വിശദമായി അനുബന്ധം.

1 നിലവിലുള്ള ടാറിങ്ങ്ചെയ്തറോഡുകൾ
2 ടാറിടേണ്ട റോഡുകൾ
3 അഭിവൃദ്ധിപ്പെടുത്തേണ്ടറോഡുകൾ
4 പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

## 1 നിലവിലുള്ള ടാർചെയ്തറോഡ് (പഞ്ചായത്തിലൂടെ കടന്നുപോവുന്നവ)

| ക്രമ നമ്പർ | പേരു് | ഉടമസ്ഥത | ദൂരം | ഉപരിതല സ്വഭാവം | ഗതാഗത സൗകര്യം: ബസ് | ഗതാഗത സൗകര്യം: മററുവാഹനങ്ങൾ | ഉപകാര മേഖല |
|---|---|---|---|---|---|---|---|
| 1 | കലിക്കററ്-മദ്രാസ് ട്രങ്ക് റോഡ് | PWD | 4 km | TAR | ഉണ്ട് | ഉണ്ട് | രാമപുരം, പനങ്ങാങ്ങര |
| 2 | അങ്ങാടിപ്പുറം—ചെറുകുളമ്പറോഡ് | ,, | 5 km | ,, | ,, | ,, | പുഴക്കാട്ടിരി കടുങ്ങപുരം |
| 3 | പനങ്ങാങ്ങര-പുത്തനങ്ങാടി MLA റോഡ് | ,, | 4 km | ,, | ഇല്ല | ,, | പനങ്ങാങ്ങര, പാതിരമണ്ണ, പുഴക്കാട്ടിരി, മണ്ണുംകളം |
| 4 | കുളത്തൂർ മലപ്പുറംറോഡ് | ,, | 4 km | ,, | ഉണ്ട് | ,, | പാലം പറമ്പ |
| 5 | രാമപുരം-കാളാവ് | പഞ്ചായത്ത് | 2 km | ,, | ഇല്ല | ,, | രാമപുരം, കല്ലറം കുന്ന്കോളനി |
| 6 | പനങ്ങാങ്ങര-കുഴാപറമ്പ്റോഡ് | ,, | ½ km | ,, | ,, | ,, | പനങ്ങാങ്ങര മഞ്ഞളാംകുഴി ഹരിജൻ കോളനി |

## 2 ടാറിടേണ്ട റോഡുകൾ

| ക്രമ നമ്പർ | പേരു് | ദൂരം | ആവശ്യമായ പ്രവർത്തികൾ | ഉപകാര മേഖല |
|---|---|---|---|---|
| 1 | പുഴക്കാട്ടിരി-മാലാപറമ്പ് റോഡ് | 1.800km | മെററലിംഗ്, ടാറിംഗ് | മാലാപറമ്പ്-കോട്ടവാട് |
| 2 | പരവക്കൽ-ചെറുകുന്നത്ത് കോളനിറോഡ് | 1.400km | ,, | ഹരിജൻ കോളനികൾ |
| 3 | കടുങ്ങപുരം-രാമപുരം (IstReech) | 1.50 km | ,, | കട്ടിലശ്ശേരി-രാമപുരം |
| 4 | രാമപുരം കല്ലിടുമ്പൻപടി-മേലേകുളമ്പ്റോഡ് | 2.00 km | ,, | രാമപുരം-പനങ്ങാങ്ങര |
| 5 | ലക്ഷംവീട്-പലകപറമ്പ് | 1.30 km | ,, | പൊട്ടിപ്പാറ, കടുങ്ങപുരം |

| | | | | |
|---|---|---|---|---|
| 6 | ചെട്ടിയാർ അങ്ങാടി പള്ളികുളമ്പ് | 1.400 km | ടാറിംഗ് | ചോലക്കപറമ്പ്, ചെട്ട്യാരങ്ങാടി |
| 7 | ചുള്ളിക്കോട് ഒറവക്കോട് | 1.500km | മെററലിംഗ് ടാറിംഗ് | |
| 8 | കടുങ്ങപുരം പാറോട്ടിൽപടിറോഡ് | 1.800km | ,, | കടുങ്ങപുരം |
| 9 | പനങ്ങാങ്ങര മങ്കട റോഡ് | $3\frac{1}{2}$ km | ,, | |
| 10 | കല്ലുവെട്ടി പാതിരമണ്ണ റോഡ് | 1.700km | ,, | |
| 11 | യാറം ചോലപ്പാറ റോഡ് | 2.00 km | | |
| 12 | രാമപുരം മേലേപ്പാട്ട് ഹരിജൻകോളനിറോഡ് | 3,00km | | |
| 13 | രാമപുരം വലിയകുളം റോഡ് | 1.800km | | |
| 14 | രാമപുരം സ്കൂൾപടി നാലാംപാട് റോഡ് | 2,200km | | |
| 15 | രാമപുരം റൈസ്മിൽ അംഗനവാടി റോഡ് | 1.900km | | |
| 16 | കെട്ടുങ്ങൽപടി റോഡ് മണ്ണാറമ്പ് | 2.00km | | |
| 17 | രാമപുരം വടക്കാങ്ങര റോഡ് (ചെറുകിടപറമ്പ് ഹരിജൻകോളനി) | 3.400km | | |
| 18 | പനങ്ങാങ്ങര 38 മേകുളമ്പറോഡ് | $2\frac{1}{2}$ km | | |
| 19 | പഞ്ചായത്ത്പടി-കിഴക്കേതിൽപടി റോഡ് | 2,00km | | |
| 20 | ഹൈസ്കൂൾ പടി-പലകപറമ്പ് റോഡ് | 2.100 | | |

## 3 അഭിവൃദ്ധിപ്പെടുത്തേണ്ട റോഡുകൾ

1 പോസ്റ്റ്ഓഫീസ്—മണിയേടത്ത് അമ്പലം റോഡ്
2 വടപറമ്പ്-അല്ലൂപടി റോഡ്
3 പള്ളിപ്പടി-മച്ചിങ്ങൽകുളമ്പ്‌വഴി-കല്ലറംകുന്ന് ഹരിജൻകോളനിവഴി മേലേച്ചോലകുളമ്പ് റോഡ്
4 രാമപുരം എ. എം.എൽ. പി. സ്കൂൾപടി ചെകിടിപറമ്പ് ഹരിജൻകോളനി റോഡ്
5 പുഴക്കാട്ടിരി-ലക്ഷം വീട് റോഡ്

## ഊർജ്ജം

1958-ൽ രാമപുരം പ്രദേശത്തുള്ള ഏതാനും വീടുകളിൽ കണക്ഷൻ ലഭിച്ചതോടെയാണ് പുഴക്കാട്ടിരി പഞ്ചായത്തിലേക്ക് ആദ്യമായി വൈദ്യുതി കടന്നുവന്നത്. അതിനുശേഷം 38 വർഷത്തെ നീണ്ടകാലയളവിൽ ഈ പഞ്ചായത്തിലെ മിക്കഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത ഏതാനും പ്രദേശങ്ങളും നിലവിലുണ്ട്. ഈ പഞ്ചായത്തിൽ 2500ൽ അധികം വൈദ്യുത ഉപഭോക്താക്കളും നിലവിലുണ്ട് ഇപ്പോൾതന്നെ വളരെയധികം കണക്ഷനുകളും ഉള്ളതുകൊണ്ടും ഈ പഞ്ചായത്തിൽ സ്ഥിരമായി കറണ്ട് ചാർജ്ജ് അടക്കാനുള്ള സംവിധാനത്തോടുകൂടിയ ഒരു സബ്ബ് എഞ്ചിനീയർ ഓഫീസ് അത്യാവശ്യമാണ്.

മലപ്പുറം മുണ്ടുപറമ്പിലുള്ള 110 K V സബ്സ്റ്റേഷനിൽ നിന്നുമാണ് പുഴക്കാട്ടിരി പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. ഇതിനുവേണ്ടി വലിച്ചിട്ടുള്ള 11 K V ലൈൻ മലപ്പുറം, കോട്ടക്കൽ എന്നീ വൈദ്യുതി ഓഫീസുകളുടെ പരിധികളിൽ കൂടി കടന്നുവരുന്നതുകൊണ്ട് വോൾട്ടേജ് വളരെ കുറവും കൂടെ കൂടെയുള്ള വൈദ്യുതിതടസ്സവും അനുഭവപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ മുഖ്യമായും മക്കരപറമ്പ സെക്ഷൻ ഓഫീസിന്റെ പരിധിയിലും അല്പം ചിലഭാഗം പുലാമന്തോൾ സെക്ഷൻ ഓഫീസിന്റെ കീഴിലുമാണ്. ആകെയുള്ള ഉപഭോക്താക്കളിൽ 29 എണ്ണം വ്യവസായ ആവശ്യങ്ങൾക്കും 222 എണ്ണം കാർഷിക ആവശ്യത്തിനും 265 എണ്ണം വ്യാപാരാവശ്യങ്ങൾക്കും ബാക്കി 2000 ത്തിലധികം ഗാർഹിക ആവശ്യങ്ങൾക്കുള്ളതുമാണ്.

ഇപ്പോൾ നിലവിലുള്ള പല ട്രാൻസ്ഫോർമറുകളും അധികഭാരം മൂലം കൂടുതൽ വൈദ്യുതി കണക്ഷനുകൾ കൊടുക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥയിലാണ്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് വൈദ്യുതിയുടെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. പ്രത്യേകിച്ച് വൈകുന്നേരം വിദ്യാർത്ഥികൾ പഠനത്തിന് വൈദ്യുതേതരമാർഗ്ഗങ്ങൾ ആശ്രയിക്കേണ്ടിവരുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിററിയും പട്ടികയിൽ

| നമ്പർ | കപ്പാസിററി | പേര് | നമ്പർ | കപ്പാസിററി | പേര് |
|---|---|---|---|---|---|
| 1 | 160 K V A | കടുങ്ങപുരം RL | 8 | 100 KVA | പനങ്ങാങ്ങര V I |
| 2 | 63 KVA | കടുങ്ങപുരം P H E D | 9 | 100 KVA | പനങ്ങാങ്ങര സോമിൽ |
| 3 | 100 KVA | പുഴക്കാട്ടിരി അകായിൽപടി | 10 | 63 KVA | പനങ്ങാങ്ങര 38 |
| 4 | 100 KVA | പുഴക്കാട്ടിരി V I | 11 | 100 KVA | രാമപുരം ടൗൺ |
| 5 | 63 KVA | കലകപ്പാറ ഹരിജൻകോളനി | 12 | 160 KVA | രാമപുരം പള്ളിപ്പടി |
| 6 | 63 KVA | പാതിരമണ്ണ P H E D | 13 | 100 KVA | കോട്ടുവാട് |
| 7 | 160 KVA | പാതിരമണ്ണ ചകിരിമിൽ | | | |

ഈ പഞ്ചായത്തിൽ ആകെ 13 KM 11 KV ലൈനുകളും 46 Km 3 Phone ലൈനുകളും 86 Km സിങ്കിൾ ഫേസ് ലൈനുകളുംഉണ്ട്. 48 തെരുവു വിളക്കുകളാണ് നിലവിലുള്ളത്. ഇത് മുഴുവനും സാധാരണ ബൾബുകളാണ്. പഞ്ചായത്തിൽ 5ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതീകരിക്കാത്ത ഏതാനും കോളനികൾ കൂടി ബാക്കിയുണ്ട്.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളുണ്ട്. വൈദ്യുതപ്രസരണ വിതരണ ലൈനുകളിൽ തട്ടിയുരഞ്ഞു നിൽക്കുന്ന മരച്ചില്ലകളും മററും കാലാകാലങ്ങളിൽ മുറിക്കാതിരിക്കുന്നതുകൊണ്ട് വൈദ്യുതി തകരാറ് ഒരു നിത്യ സംഭവമായി മാറുന്നു.

## സ്ട്രീററ് ലൈററുകൾ സ്ഥാപിക്കേണ്ടത്

1 പുഴക്കാട്ടിരി പൈതൽപടിമുതൽ അകായിൽ പടിരെ.
2 പുഴക്കാട്ടിരി അകായിൽപടിമുതൽ കടുങ്ങപുരം ഹൈസ്കൂൾപടിവരെ
3 കടുങ്ങപുരം ഹൈസ്കൂൾപടിമുതൽ കടുങ്ങപുരം ലക്ഷംവീട് കോളനിവരെ.
4 പുഴക്കാട്ടിരി അങ്ങാടിമുതൽ കോട്ടുപാടംവരെ
5 പരവക്കൽ അങ്ങാടി
6 വില്ലേജ്പടി വാരിയത്തൊടിറോഡിൽ
7 കല്ലുവെട്ടി പുഴക്കാട്ടിരി
8 കല്ലുവെട്ടിമുതൽ പാതിരമണ്ണവരെ
9 പാതിരമണ്ണ ചകിരിമിൽ മുതൽ പാതിരമണ്ണ AMLP സ്കൂൾപടിവരെ.
10 രാമപുരം പള്ളിപ്പടിമുതൽ ചങ്ങനാശ്ശേരികുളമ്പ്വരെയും പാണർ കോളനിവരെയും.
11 രാമപുരം അങ്ങാടിമുതൽ അള്ളാളത്ത്കോളനി വരെ.
12 രാമപുരം പുളിക്കൽ രാമപുരം AM L P സ്കൂൾ റോഡിൽ
13 പനങ്ങാങ്ങര 38 മുതൽ മണ്ണാൻതൊടികുളമ്പ് വരെ.
14 പനങ്ങാങ്ങര ടൗൺ പനങ്ങാങ്ങര മേൽകുളമ്പ് എടയ്ക്കാപറമ്പ്ലൈൻ
15 പനങ്ങാങ്ങര ടൗൺ മഞ്ഞളാംകുഴി ഹരിജൻ കോളനിവരെ.
16 പനങ്ങാങ്ങരടൗൺ തീക്കുന്നു പറമ്പഭാഗത്തേക്ക്
17 കടുങ്ങപുരം ഹൈസ്കൂൾപടി പലകപറമ്പ റോഡിൽ

## സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കേണ്ടത്

1 നാറാണത്ത് (പഞ്ചായത്ത് അതിർത്തി)
2 രാമപുരം ബ്ലോക്ക്പടി
3 രാമപുരം പള്ളിപ്പടി
4 രാമപുരം L Pസ്കൂൾ പടി
5 രാമപുരം, ടൗൺ
6 രാമപുരം പുളിക്കല്ല അങ്ങാടി
7 പനങ്ങാങ്ങര 38
8 പനങ്ങാങ്ങര കലകപ്പാറപ്പടി അങ്ങാടി
9 പനങ്ങാങ്ങര യാറത്തിങ്ങൽപടി
10 പുഴക്കാട്ടിരിപള്ളിപ്പടി
11 പുഴക്കാട്ടിരി ജംഗ്ഷൻ
12 കടുങ്ങപുരം പഴയവില്ലേജ്പടി
13 കടുങ്ങപുരം ഹൈസ്കൂൾപടി
14 പരവക്കൽ അങ്ങാടി

ഇലക്ട്രിസിററി ഓഫീസുകളിൽ ഒഴിഞ്ഞു കിടക്കുന്ന ലൈൻമാൻ, വർക്കർ തസ്തികകളിൽ നിയമനം നടത്തി ഉപഭോക്താക്കളുടെ ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. ജീവനക്കാരും പൊതുജനങ്ങളും തമ്മിൽ ഒരു നല്ല ബന്ധം സ്ഥാപിച്ചെടുക്കുകയും ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് അനുഭാവപൂർവ്വമായ നടപടികൾ ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാവുകയും വേണം.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. മണ്ണെണ്ണ, വൈദ്യുതി ഇവ ഉപയോഗിച്ച് പാചകം നടത്തുന്നവരും കുറഞ്ഞ ശതമാനം ഉണ്ട്. വിറകിൻെറ ലഭ്യതക്ക് പുരയിടങ്ങളിൽ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കാൻ ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും വിറകിന് ഉതകുന്ന വൃക്ഷതൈകൾ കൃഷിഭവൻ മുഖേനയും മററും വിതരണം നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും. മണ്ണെണ്ണ പെർമിററ് കിട്ടുന്നതിനു ഇപ്പോൾ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കുന്ന സംവിധാനം ഉണ്ടാക്കണം.

## 4 പുതുതായി നിർമ്മിക്കുന്ന റോഡുകൾ

1 മണ്ണുംകുളം–പള്ളിപ്പടി—പത്തനങ്ങാടി റോഡ്
2 അമ്പലപ്പടി—അരിക്കതടം റോഡ്
3 നായർകോട്ട റോഡ്
4 ലക്ഷംവീട് ബാലവാടി റോഡ്
5 മൂരുത്തിയാൽ-കാവുച്ചോല-വരിക്കത്തടം റോഡ്
6 കോട്ട്വാട് ഹരിജൻകോളനിറോഡ്
7 മുത്തപ്പൻകാവ് ഹരിജൻകോളനി റോഡ്
8 ചെട്ടിയാരങ്ങാടി ലക്ഷംവീട്കോളനി (ലിങ്ക്റോഡ്)
9 നേമത്ത്കുഴി ലക്ഷംവീട് പലകപ്പറമ്പ് റോഡ്
10 താഴത്താത്ര—പൂളക്കുന്നു്റോഡ്
11 താഴത്താത്രപടി—ചകിരിമിൽറോഡ്
12 മാടമ്പത്ത്പടി—കലകപ്പാറ ഹരിജൻ കോളനി റോഡ്
13 കട്ടിലശ്ശേരിപള്ളി—വെള്ളാപറമ്പ് ചകിരിമിൽ റോഡ്
14 മുളയത്ത്പടി—വാരിയത്ത്പടി റോഡ്
15 അറക്കൽപടി—കളത്തുംപാടിറോഡ്
16 കക്കാട്ടിൽപടി—പഞ്ചായത്ത് റോഡ്
17 കോന്തംവല്ലം—തൊട്ടിയിൽപടി റോഡ്

വൈദ്യുതീകരിക്കാത്ത 7 ഹരിജൻ കോളനികൾ നിലവിലുണ്ട്. ഈ പഞ്ചായത്തിലെ ചില പ്രധാന റോഡുകൾ ഉൾപ്പെടെ പലഭാഗത്തും ഇനിയും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. ഇലക്ട്രിസിററി ഓഫീസിലെ ജീവനക്കാരുടെ അപര്യാപ്തത മൂലം ഉപഭോക്താക്കൾക്ക് അവരുടെ പ്രശ്നങ്ങൾ തക്കസമയത്തു പരിഹരിച്ചുകിട്ടുന്നില്ല. അപകടാവസ്ഥയിലുള്ള പോസ്റ്റുകൾ മാററി സ്ഥാപിക്കുകയും ലൈനുകൾ റിപ്പേർ ചെയ്യേണ്ടതുമാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 12 km 11 K V ലൈനും 16 km 3 ഫേസ് ലൈനും 25 k m സിങ്കിൾഫേസ് ലൈനും 10 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ കോട്ടവാട് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിലേക്കുള്ള വൈദ്യുതി പെരിന്തൽമണ്ണ 66 K V സബ്സ്റ്റേഷനിൽനിന്നുമാണ്. എന്നാൽ തൊട്ടടുത്ത പുഴക്കാട്ടിരി കടുങ്ങപുരം എന്നീ ഭാഗങ്ങളിലേക്കുള്ള വൈദ്യുതി വിതരണം വളരെ അകലെയുള്ള മുണ്ടുപറമ്പിലെ 110 K V സബ്സ്റ്റേഷനിൽ നിന്നുമാണ്. കോട്ടവാട് നിലവിലുള്ള 11 K V ലൈൻ പുഴക്കാട്ടിരി പൈതൽപടിയിൽ നിലവിലുള്ള 11 K V ലൈനിലേക്ക് 1.5 KM ദൂരം ബന്ധിപ്പിക്കുകയാണെങ്കിൽ പുഴക്കാട്ടിരി, കടുങ്ങപുരം പ്രദേശത്തേക്കുകൂടി പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി ലഭ്യമാവുകയും അതുമൂലം വോൾട്ടേജ് വർദ്ധിപ്പിക്കുവാൻ സാദ്ധ്യമാവുകയും ചെയ്യും.

നിർദ്ദിഷ്ട 220 K V സബ്സ്റ്റേഷൻ ഈ പഞ്ചായത്തിലെ മാലാപറമ്പ എന്ന സ്ഥലത്ത് സ്ഥാപിക്കാൻ എല്ലാവിധ അനുകൂല സാഹചര്യങ്ങളും നിലവിലുണ്ട്.

## പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ദൂരം ലൈനിന്റെ സ്വഭാവം ലൈനുകൾ, ട്രാൻസ് ഫോർമറുകൾ പ്രതീക്ഷിക്കാവുന്ന ചെലവ് സഹിതം

| ക്രമ നമ്പർ | പുതിയ ലൈനുകൾ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ | ലൈനുകളുടെ വിവരം | | | | പ്രതീക്ഷിക്കുന്ന ചെലവ് Rs | ജന വിഹിതം | |
|---|---|---|---|---|---|---|---|---|
| | | 11 KV km | ട്രാൻസ് ഫോർമർ | 3 ഫേസ് km | 1 ഫേസ് km | | മ.പ്ര | സംഖ്യ Rs. |
| 1 | മണ്ണുംകുളം- വീടുകൾക്കും പമ്പുകൾക്കും | 2.0 | 1 | 2.5 | 1.0 | 6,50,000 | 130 | 13000 |
| 2 | വലിയപറമ്പ ഹരിജൻകോളനി | — | — | 1.5 | 0.3 | 85000 | 30 | 3000 |
| 3 | കടുങ്ങപുരം കരുവാടിക്കുളമ്പ്-പള്ളിക്കുളമ്പ് വോൾട്ടേജ് കൂട്ടുന്നതിന് | 1.5 | 1 | 2.0 | — | 4,25000 | 95 | 9500 |
| 4 | പരവക്കൽ ഹരിജൻ കോളണി | — | — | 1.0 | — | 60000 | 20 | 2000 |
| 5 | മുത്തങ്ങ ഹരിജൻ കോളണി | — | — | 1.0 | 0.2 | 70000 | 25 | 2500 |
| 6 | മംഞ്ഞളാംകുഴി ഹരിജൻ കോളണി മില്യൻ വെൽസ്കീം | — | — | 0.4 | — | 35000 | 15 | 1500 |
| 7 | വടക്കേടത്ത്മന ചകിടിപ്പറമ്പ് കോളണിഭാഗത്ത് വോൾട്ടേജ് കൂട്ടുന്നതിന് | — | — | 1.5 | — | 75000 | 25 | 2500 |
| 8 | പനങ്ങാങ്ങര അമ്പലപ്പടി-പള്ളിപ്പടി ഭാഗങ്ങളിൽ വോൾട്ടേജ് കൂട്ടുന്നതിന് | 1.0 | 1 | 1.5 | — | 4,15000 | 90 | 9000 |
| 9 | പനങ്ങാങ്ങര എടയ്ക്കപറമ്പ ഭാഗത്ത് വോൾട്ടേജ് കൂട്ടുന്നതിന് | 1.0 | 1 | 0.8 | — | 375000 | 80 | 8000 |
| 10 | കടുങ്ങപുരം ഹൈസ്കൂൾപടി വോൾട്ടേജ് കൂട്ടുന്നത് | — | 1 | — | — | 95000 | 20 | 2000 |
| 11 | 11 കടുങ്ങപുരം കണ്ണംപള്ളിയാലിൽകുളമ്പ് 60 ഓളം വീടുകളും 15 പമ്പുകളും | 1. 5 | 1 | 3 00 | 1.0 | 650000 | 135 | 13500 |
| 12 | തടിയൻകോട് ഹരിജൻകോളനി | — | — | 1.50 | — | 75000 | 25 | 2500 |

18 താഴത്തേതിൽപടി—പുഴക്കൽപാത്തി റോഡ്
19 പാതിരമണ്ണ് മദ്രസ്സ—വാകടിപാറ റോഡ്
20 തീക്കുന്ന്പറമ്പ മദ്രസ്സ ക്വാർട്ടേഴ്സ്— കിഴക്കശ്ശേരി റോഡ്
21 നിരവ്—കെട്ടിങ്ങൽപടി റോഡ്
22 പനങ്ങാങ്ങര L P സ്കൂൾ റോഡ്
23 രാമപുരം ശിശുമന്ദിരം—ചെകിടിപറമ്പ് റോഡ് (ലിങ്ക്)
24 മേലേപ്പാട്ട് കോളനി —വടക്കാങ്ങര റോഡ് (ലിങ്ക്)
25 രാമപുരം വലിയകുളം റോഡ് വടക്കാങ്ങര റോഡ്
26 ചെകടിപറമ്പ് കോളനി അള്ളാളത്തിൽ കോളനി റോഡ്
27 തയ്യിൽകുളമ്പ് കട്ടിലശ്ശേരി റോഡ്
28 നാറാണത്ത് ഹരിജൻകോളനിറോഡ്
29 രാമപുരം ബ്ലോക്ക്പടി പള്ളിയാലിൽ ഇട വഴിറോഡ്.
30 രാമപുരം പള്ളിപ്പടി കൊടുമ്പള്ളിറോഡ്
31 കള്ളിവളപ്പ് പടയാളിപറമ്പ് റോഡ്
32 പനങ്ങാങ്ങര മസ്ജിദ് ചോലപ്പാറ റോഡ് (ലിങ്ക്)
33 ഇളംതുരുത്തിപ്പടി വടക്കേപ്പാട്ട് റോഡ്
34 അടക്കാപറമ്പ് ചോലപ്പാറ റോഡ്
35 പാറമ്മൽപള്ളി നൂറുൽഹുദ മദ്രസറോഡ്
36 മേലേകുളമ്പ് മണ്ണാൻതൊടി വലിയകുളം റോഡ്
37 മൂരത്തിയാൽ കോൽപള്ളിയാൽ റോഡ്
38 പള്ളിപ്പടി നീളംകുന്ന് റോഡ്

**പാലങ്ങൾ**

1 നാലാംവാർഡിൽ തോട്ടുമുഖത്ത് ഒരു നടപ്പാല
2 വളപ്പിൽപടിയിൽനിന്ന് ചെറുപുഴക്ക് നടപ്പാലം
3 ചെറുപുഴയിൽ വള്ളിയാംപുറത്ത്കണ്ടിൽ ഒരു നടപ്പാലം
4 8-ാംവാർഡിൽ തോട്ടത്തൊടി പാലം
5 6-ാംവാർഡിൽ കളത്തിൽപള്ളിയാലിൽ വടക്കേതിൽ നടപ്പാലം
6 9-ാം വാർഡിൽ മദ്രസ്സപടിപാറമ്മൽ നടപ്പാലം

## മാർക്കററ്

ഇന്ന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് അവരുടെ ഉൽപന്നങ്ങൾക്ക് യഥാകാലം അർഹിക്കുന്ന വിലയ്ക്കു വിററഴിക്കാനുള്ള സൗകര്യക്കുറവ് ഇന്ന് മിക്കവാറും സ്വകാര്യവ്യക്തികളും വഴിയാണ്. [ഇടത്തട്ടുകാർ] ഉൽപന്നങ്ങളുടെ മാർക്കററിംഗ് നടക്കുന്നത്, അതുകൊണ്ട് തന്നെ അതിനർഹിക്കുന്ന വിലനൽകാൻ അവർ എക്കാലത്തും തയ്യാറായിട്ടില്ല ഇതിന്ന് പരിഹാരമായി പഞ്ചായത്തടിസ്ഥാനത്തിൽ പ്രധാനമായും വ്യത്യസ്ത മേഖലകളായ പുഴക്കാട്ടിരി, രാമപുരം എന്നീ പ്രദേശങ്ങളിൽ ഒരോ ആഴ്ച ചന്ത സ്ഥാപിക്കേണ്ടതാണ്. ഇത് കർഷകരെ സംബന്ധിച്ചിടത്തോളം വലിയ ഒരാശ്വാസമാവും എന്ന് മാത്രമല്ല ഉപഭോക്താക്കൾക്ക് മിതമായനിരക്കിൽ ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഉൽപാദനവർദ്ധനവിന്ന് ആക്കംകൂട്ടുകയും ചെയ്യും. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം അതിന്റെ ഉൽപന്നങ്ങൾ ഇ പഞ്ചായത്തിൽതന്നെ സംസ്കരിച്ച് വിതരണത്തിനെത്തിക്കാൻ സാധിക്കുകയാണെങ്കിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഇന്നത്തെ ചുററുപാട് ഒരളവോളം ഒഴിവാക്കാൻ സാധിക്കും.

# ഗതാഗതം, ഊർജ്ജം

## പുതിയ റോഡുകൾ:

1 അങ്ങാടിപ്പുറം പഞ്ചായത്തിലെ ഗേററ് പടിയിൽ നിന്നു തുടങ്ങി മണ്ണുംകുളം കോട്ടുവാട്, കടുങ്ങപുരം, പൊട്ടിപ്പാറ, പരവക്കൽ വരെ റോഡ് നിർമ്മിക്കുക.

2 അങ്ങാടിപ്പുറം പഞ്ചായത്തിലെ തവളേങ്ങൽ കുളമ്പിൽ നിന്നു തുടങ്ങി പാതിരമണ്ണ-കട്ടിലശേരി-ചൊവ്വാണചിറവരെ റോഡ് നിർമ്മിക്കുക.

3 അങ്ങാടിപ്പുറം പഞ്ചായത്തിലെ മണ്ണാറമ്പിൽ നിന്നും തുടങ്ങി എടക്കപറമ്പ്-പനങ്ങാങ്ങര ചുള്ളിപ്പാറ-രാമപുരം AMLPS-വലിയകുളം, കാളാവ് റോഡുമായി ബന്ധിപ്പിക്കുക.

4 ചൊവ്വാണ-വള്ളിയംപുറം അമ്പലം വഴി അഞ്ചാംകളം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

5 ചൊവ്വാണ-കൊടുമ്പള്ളി വഴി രാമപുരം റോഡ്.

6 കടുങ്ങപുരം-രാമപുരം (എം പി നാരായണ മേനോൻ, കട്ടിലശേരി മുഹമ്മദ് മുസ്ല്യാർ സ്മാരക റോഡ്.)

7 തുളയംപാറ-വെട്ടുകാട് റോഡ്.

8 കളത്തുംപടി-കടുങ്ങപുരം-നേർച്ചപ്പള്ളി റോഡ്.

9 വിളക്കത്രപ്പടി-പുള്ളിപ്പാറ ലിങ്ക്റോഡ്.

10 വാരിയത്തൊടിപ്പടി-താഴത്തേതിൽപടി റോഡ്.

11 കടുങ്ങപുരം-ചൊവ്വാണറോഡ്

12 പടപ്പറമ്പ്-പൊട്ടിപ്പാററോഡ്.

13 കെട്ടുങ്ങൽപ്പടി-മണ്ണാറമ്പ്റോഡ്.

14 പുഴക്കാട്ടിരിവില്ലേജ്-കുറുകാട്ട്ലിങ്ക് റോഡ്.

15 അകായിൽപടി-മുരുത്തിയാൽറോഡ്

16 ലക്ഷംവീട്-ചെട്ട്യാരങ്ങാടിറോഡ് (ലിങ്ക്)

17 അമ്പലപ്പടി-മയിലാടി-ചുള്ളിക്കോട് (ലിങ്ക്)

18 പാണാപറമ്പ്-കുഞ്ചുവൻതൊടിപടിറോഡ്

## ടാറിംഗ് ചെയ്യേണ്ട റോഡുകൾ:

1 ആൽപ്പാറപ്പടി—കോതരപ്പുഴ—കല്ലാംകുത്ത് പടി റോഡ്.

2 അറക്കൽപടി—മതിരംകുന്നത്ത്റോഡ്.

3 പുഴക്കാട്ടിരിഅങ്ങാടി—പാണാപറമ്പ്റോഡ്

4 മയിലാടി.പലകപ്പറമ്പ്-പനച്ചിക്കാട് റോഡ്.

5 പരവക്കൽ-നേമത്തുകുഴി ഹരിജൻകോളനി റോഡ്.

6 വില്ലേജ്പടി—വാരിയത്തൊടിപ്പടിറോഡ്

7 പൈതൽപടി—കണ്ണംപറമ്പ് റോഡ്.

## ഊർജ്ജം

1 കടുങ്ങപുരം ലക്ഷംവീട് കോളനി വൈദ്യുതീകരണം

2 മണ്ണുംകുളം ഹരിജൻകോളനി ,,

3 ചെറുകുന്ന് ഹരിജൻകോളനി ,,

4 ചെകിടിപ്പാറമ്പ് ഹരിജൻകോളനി ,,

5 പുഴക്കാട്ടിരി പോത്ത വെട്ടിപ്പറമ്പിൽ ലക്ഷംവീട് കോളനി ,,

6 അള്ളാളത്തിൽ ഹരിജൻകോളനി ,,

7 പുഴക്കാട്ടിരി ലക്ഷംവീടുകോളനി വൈദ്യുതീകരിക്കൽ

## സ്ട്രീററ് ലൈററ്

താഴെപറയുന്ന സ്ഥലങ്ങളിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കേണ്ടതാണ്

1 കടുങ്ങപുരം—ചെട്ട്യാരങ്ങാടി റോഡ്
2 മൂച്ചിക്കൽ—പലകപ്പറമ്പ് റോഡ്
3 കടുങ്ങപുരം—പലകപ്പറമ്പ് റോഡ്
4 മയിലാടി—പലകപ്പറമ്പ് റോഡ്
5 കടുങ്ങപുരം—ചൊവ്വാണ റോഡ്
6 ആൽപാറപടി—കല്ലാൻകുന്നത്ത് റോഡ്
7 അറക്കൽപടി—മതിരംകുന്നത്ത് റോഡ്
8 പനങ്ങാങ്ങര LP സ്കൂൾ റോഡ്
9 രാമപുരം—ചെകിടിപ്പറമ്പ് ഹരിജൻ കോളനി റോഡ്

## ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ:

1 പുഴക്കാട്ടിരി—പനങ്ങാങ്ങര റോഡിൽ അറക്കൽപടി.
2 പാതിരമണ്ണ പള്ളിപ്പടിക്കുസമീപം.
3 രാമപുരം അങ്ങാടിയിലുള്ള ട്രാൻസ്ഫോർമർ 160 KV ആക്കുക.
4 കടുങ്ങപുരം പള്ളിക്കുളമ്പിൽ.

## ജലസേചനം

### കുളങ്ങൾ നന്നാക്കേണ്ടത്:

1 പാറലിക്കുളം
2 ആൽക്കുളം
3 കായൽക്കുളം
4 വലിയകുളം

### ചിറ നിർമ്മിക്കലും, നന്നാക്കലും

1 കണ്ണംതിരുത്തിചിറ റിപ്പയർ
2 ചിറക്കലെകണ്ടംചിറ റിപ്പയർ
3 താഴത്തേതിൽപടിചിറ റിപ്പയർ
4 കാഞ്ഞിരക്കോട്ടിൽ പുതിയ ചിറ നിർമ്മിക്കുക.
5 പരുത്തിയിൽ ചിറയും പാലവും നിർമ്മിക്കുക.
6 ആശാരിച്ചിറ നിർമ്മാണം
7 ഉടുമ്പിനാശേരി ചിറ റിപ്പയർ
8 കടുങ്ങപുരം ഹൈസ്ക്കൂളിന് കെട്ടിടം അനുവദിക്കുക.

### സൈഡ്കെട്ടൽ

1 പുത്തിരിക്കണ്ടം മുതൽ ചിറക്കൽകണ്ടം വരെ
2 ഉപ്പുഴിപ്പാടം—ചെറുപുഴ വരെ
3 ആശാരിപ്പടിമുതൽ ചൊവ്വാണവരെ
4 തോട്ടത്തൊടിക്കടവിൽ
5 മേലെപാന്തൽമുതൽ റോഡുവരെ, തോടിന്

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

വികസന രംഗത്തെ മററു മേഖലകളെ അപേക്ഷിച്ച് മാനുഷികവും ജീവകാരുണ്യപരവുമായ ഒരു മേഖലയായതിനാൽ ഇത് പ്രാധാന്യമർഹിക്കുന്നു.

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ 1995 ലെ കണക്ക പ്രകാരം 4835 വീടുകളാണുള്ളത്. ഇതിൽ 1270 എണ്ണം കുടിലുകളാണ്. 3028 എണ്ണം ഓടിട്ട വീടുകളും ബാക്കിയുള്ള 537 എണ്ണം വാർപ്പ വീടുകളുമാണ്.

1991 ലെ സെൻസസ്സ പ്രകാരം പഞ്ചായത്തിൽ മൊത്തം 3477 വീടുകളാണുള്ളത് ദുർബ്ബല വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളിലായി കഴിഞ്ഞ 8-ാം പദ്ധതിക്കാലത്ത് മൊത്തം 49 വീടുകളാണ് പണിപൂർത്തിയാക്കിയത്. പഞ്ചായത്തിൽ നിലവിൽ വീടില്ലാത്തവർ കുറവാണെങ്കിലും കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ഭാവിയിൽ വീട് ആവശ്യമായവർ ഏറെയാണ്. ഓലമേഞ്ഞ കുടിലുകൾ പലതും വാസയോഗ്യമായവയല്ല. പഞ്ചായത്തിൽ ആകെ 3 ലക്ഷം വീട് കോളനികളാണുള്ളത് ഇവയിൽ പല വീടുകളും ശോച്യാവസ്ഥയിലാണ്. വീടുകൾക്ക് അററകുററപണികൾ നടക്കുന്നില്ല. പട്ടികജാതി കോളനികൾ 15 എണ്ണമുണ്ടെങ്കിലും കോളനിയിലെ എല്ലാ വീടുകളും വാസയോഗ്യമല്ല. നടപ്പ് പദ്ധതിക്കാലത്തെ വീടുകളുടെ നിർമ്മാണ രംഗത്തെ പുരോഗതി പരിശോധിച്ചാൽ കോൺക്രീററ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവണത കൂടി വരുന്നതായി കാണുന്നു. ഇത് ഈ പഞ്ചായത്തിലെ ഗൾഫ് പണത്തിൻെറ സ്വാധീനത്തെ സൂചിപ്പിക്കുന്നു. ഇതു മൂലം പാർപ്പിട നിർമ്മാണ രംഗത്തെ മിതവ്യയ ശൈലിക്ക് തന്നെ വിഘാതം സംഭവിക്കുന്നു.

പഞ്ചായത്തിൽ നിലവിൽ ഒരു ഹൗസിംഗ് സൊസൈററി ഇല്ലാത്തതും പാർപ്പിട നിർമ്മാണ രംഗത്തെ ഒരു പോരായ്മയാണ്. പാർപ്പിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ വേണ്ടത്ര ലഭ്യമല്ല. നിർമ്മാണത്തൊഴിലാളികൾ ഈ പഞ്ചായത്തിൽ സുലഭമാണ്. വിദഗ്ധവിഭാഗക്കാരുടെ സേവനവും ലഭ്യമാണ്. വേതനനിരക്കിൽ ഐക്യരൂപമില്ല 85 രൂ മുതൽ 150രൂ വരെ വേതനം വാങ്ങുന്നവരുണ്ട്.

1995 ലെ കണക്ക പ്രകാരം പഞ്ചായത്തിലെ വീടുകളുടെ അവസ്ഥ.




നടപ്പ പദ്ധതിക്കാലത്ത് പഞ്ചായത്തിൽ സർക്കാർ ഏജൻസികൾ മുഖേന പണി പൂർത്തിയാക്കിയ വീടുകളുടെ പട്ടിക.

| വർഷം | IAY | NWS | JRY | ആകെ |
|---|---|---|---|---|
| 1992-93 | — | 1 | 4 | 5 |
| 93-94 | 2 | — | 2 | 4 |
| 94-95 | 4 | — | 5 | 9 |
| 95-96 | 18 | 1 | 12 | 31 |
| ആകെ | 24 | 2 | 23 | 49 |

## പ്രശ്നങ്ങൾ

* നിലവിലുള്ള പല വീടുകളും വാസയോഗ്യമല്ല
* മിക്ക ലക്ഷം വീട് കോളനികളും, പട്ടികജാതി കോളനികളും ശോചനീയാവസ്ഥയിലാണ്.
* പാർപ്പിട നിർമ്മാണ രംഗത്ത് ദുർവ്യയം വ്യാപകമാണ്.
* സാമ്പത്തിക സഹായലഭ്യത കുറവാണ്.
* കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യത പ്രശ്നമാണ്.

## സാദ്ധ്യതകൾ

* പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനും നിലവിലുള്ള വീടുകൾ അററകുററ പണികൾ നടത്തുന്നതിനും സർക്കാർതലത്തിലുള്ള ധനസഹായത്തിനു് പുറമെ മററു സന്നദ്ധ സംഘടനകളുടെയും ജനകീയ സമിതികളുടെയും സഹായത്തോടെ ആവിഷ്കരിക്കേണ്ടതാണ്.

* പരമ്പരാഗത വാസ്തുശില്പ മാതൃകകളുടെ സംരക്ഷണത്തിനും ചിലവു് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചരണത്തിനും വേണ്ട ബോധവത്കരണം ആവശ്യമാണ്.

* പാർപ്പിട നിർമ്മാണത്തിനു് ചിലവഴിക്കാവുന്ന തുകക്കു് പരിധിനിശ്ചയിക്കേണ്ടതാണ്.

* പഞ്ചായത്ത്തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

* കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിററുകൾ രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതു് ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളാണ്. വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻപദ്ധതികളാണ് മറെറാന്ന്. അംഗനവാടികളുടെയും മഹിളാസമാജങ്ങളുടെയും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

1992ലെ IRDP സർവ്വേപ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു് താഴെ 15188 കുടുംബങ്ങളുണ്ട്. ഇതിൽ 346 കുടുംബങ്ങളിലെ ഗൃഹനാഥർ സ്ത്രീകളാണ്. ദാരിദ്ര്യരേഖക്കു് താഴെയുള്ള വികലാംഗരുടെ എണ്ണം 27 ആണ്. 8-ാം പദ്ധതിക്കാലത്തു് ഇവരിൽ 144 കുടുംബങ്ങളെ മാത്രമെ സഹായിക്കാൻ കഴിഞ്ഞിട്ടുള്ളൂ ഇവരിൽ 77 പേർ പട്ടികജാതിക്കാരാണ്. മൊത്തം സഹായിച്ച കുടുംബങ്ങളിൽ 63 പേർ വനിതാ ഗൃഹനാഥരാണ്. സഹായം നൽകിയ വികലാംഗർ 3 പേരെ ഉള്ളു. ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ 4 65 ലക്ഷം സബ്സിഡി ഉൾപ്പെടെ 13 85 ലക്ഷം രൂ. യുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

IRDP പ്രകാരം സഹായധനം അനുവദിച്ചതു് സമ്പന്ധിച്ച പട്ടിക.




### ട്രൈസം

ട്രൈസം പദ്ധതിപ്രകാരം പഞ്ചായത്തിൽ നടപ്പ പദ്ധതിക്കാലത്തു് 5പേർക്കു് പരിശീലനം നൽകിയിട്ടുണ്ട്. പട്ടികജാതിക്കാരായ ഇവർ 5 പേരും വനിതകളാണ്. ഇതിൽ 4 പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

### DWERA

മേൽ പദ്ധതിപ്രകാരം പഞ്ചായത്തിൽ 2 യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്, കോട്ടുവാട് പ്രവർത്തിക്കുന്ന കൊപ്ര സംസ്ക്കരണ യൂണിററും കട്ടങ്ങപുരത്ത് പ്രവർത്തിക്കുന്ന കൈക്കുത്തി ആട്ടുവളർത്തൽ യൂണിററും. രണ്ടിലുമായി 22 വനിതകൾ തൊഴിൽ ചെയ്യുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

### Tool kil വിതരണം

ഗ്രാമീണകൈത്തൊഴിലുകാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയിൽ ഇതുവരെ പഞ്ചായത്തിൽ 41 പേർക്കു് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മൊത്തമുള്ള 65 കുടുംബങ്ങളിൽ ബാക്കിയുള്ളവർക്കു് ഈ ഇനത്തിൽ സാമ്പത്തികസഹായം അനുവദിക്കേണ്ടതുണ്ട്

### CRSP

CRSP പദ്ധതിപ്രകാരം ദുർബല വിഭാഗങ്ങൾക്കായി പഞ്ചായത്തിൽ ഇതുവരെ 40 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം പദ്ധതിക്കാലത്തു് നൽകിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

* ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ പലതും ദുരുപയോഗം ചെയ്യുന്നു.

* വായ്പ തിരിച്ചടവ് യഥാസമയം വേണ്ടവിധത്തിൽ നടക്കാത്തതിനാൽ ചില ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നതിൽ വൈമുഖ്യംകാണിക്കുന്നു.

* ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവർക്ക് തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല.

* ട്രൈസംപദ്ധതിപ്രകാരം പരിശീലനം നൽകുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

* DWERA പദ്ധതിയിൽ കൂട്ടായ പ്രവത്തനത്തിന് അംഗങ്ങൾ വിമുഖത കാണിക്കുന്നു.

## സാദ്ധ്യതകൾ

* ദാരിദ്രനിർമ്മാർജ്ജന പദ്ധതികൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും ആസ്തികൾ ദീർഘകാലം നിലനിർത്തുന്നതിനും ഉദ്യോഗസ്ഥതലത്തിലുള്ള മേൽനോട്ടത്തിന്പുറമെ ജനകീയ സമിതികളുടെ മേൽനോട്ടംകൂടി ആവശ്യമാണ്.

* വായ്പ തിരിച്ചടവ് സംബന്ധിച്ച് ഊർജ്ജിതമായ ജനകീക ബോധവല്ക്കരണം നടത്തേണ്ടതാണ്.

* ട്രൈസം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ജനകീയ പങ്കാളിത്തത്തോടെ ആവിഷ്ക്കരിക്കേണ്ടതാണ്.

* സ്ത്രീകൾക്കിടയിൽ കൂട്ടായ പ്രവർത്തനത്തിന് വേണ്ട സാമൂഹ്യബോധം വളർത്തിയെടുക്കുന്നതിന് ജനകീയ സമിതികളുടെയും രാഷ്ട്രീയ സാമൂഹ്യ സന്നദ്ധസംഘടനകളുടെയും സഹായ സഹകരണങ്ങൾ പ്രയോജനപ്പെടുത്താം.

* ട്രൈസംപരിശീലനത്തിന്നാവശ്യമായ സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

## പെൻഷനുകൾ

പഞ്ചായത്തിൽ വിവിധ വിഭാഗത്തിൽ പെട്ട ക്ഷേമപെൻഷൻ ലഭിക്കുന്നവരുടെ നിലവിലുള്ള കണക്കുകൾ താഴെപറയും പ്രകാരമാണ്.

| | |
|---|---|
| വിധവ, അഗതി, വാദ്ധക്യ കാല പെൻഷൻ | 231 എണ്ണം |
| കർഷകത്തൊഴിലാളി പെൻഷൻ | — 285 „ |
| * വികലാംഗപെൻഷൻ | — 52 |
| * T. B. പെൻഷൻ | — 81 |
| * ക്യാൻസർ പെൻഷൻ | — 1 |
| ആകെ | 650 എണ്ണം |

എട്ടാം പദ്ധതിക്കാലത്ത് വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ച പെൻഷൻ സംബന്ധിച്ച പട്ടിക.

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാദ്ധക്യ പെൻഷൻ | ക്ഷയ രോഗ പെൻഷൻ | കാൻസർ രോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|
| 1992–93 | 2 | 5 | 7 | 4 | 8 | — | 399 | 98 |
| 93–94 | 1 | 5 | 4 | 3 | 4 | 1 | 326 | 102 |
| 94–95 | 1 | 5 | 3 | 3 | 1 | 1 | 367 | 98 |
| 95–96 | — | 3 | 1 | 2 | 1 | 1 | 370 | 91 |

### പ്രശ്നങ്ങൾ

* വിവിധ പെൻഷൻ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ പലർക്കും അറിയില്ല.

* കിട്ടുന്ന സാമ്പത്തിക സഹായം യഥാസമയം ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

* ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും സഹായം ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കുറ്റമറ്റ ജനകീയ സംവിധാനം നടപ്പിൽ വരുത്തേണ്ടതാണ്.

### അംഗൻവാടികൾ

പഞ്ചായത്തിൽ 10 വാർഡുകളിലായി 19 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ ഒരെണ്ണത്തിന് മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. 5,8,10 എന്നീ വാർഡുകളിലെ ഓരോ അംഗൻവാടി കെട്ടിടങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവയെല്ലാംതന്നെ താൽക്കാലിക ഷെഡ്ഡിലോ വാടക വീട്ടിലോ പ്രവർത്തിക്കുന്നു. മിക്ക അംഗൻവാടികളിലും പ്രാഥമിക സൗകര്യംപോലുമില്ല. പുത്തൻ സംസ്കാരത്തിന്റെ വളർച്ച അംഗൻവാടികളുടെ നിലനിൽപിനെതന്നെ ദോഷമായി ബാധിക്കുന്നു. പഞ്ചായത്തിൽ 3 മഹിളാസമാജങ്ങളെ പ്രവർത്തിക്കുന്നുള്ളൂ. മഹിളകളുടെ ക്ഷേമത്തിനായി കൂടുതൽ സമാജങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പ്രായവിഭാഗത്തിൽപ്പെടുന്ന 381 വികലാംഗരുണ്ട്. ഇതിൽ 172 പേർ സ്ത്രീകളാണ്. വികലാംഗർക്കായി നടപ്പാക്കിവരുന്ന വിവിധ സ്കീമുകളുടെ പ്രയോജനം ഇവരിൽ എത്രപേർക്ക് ലഭിക്കുന്നു എന്നതിനെപ്പറ്റി പരിശോധിക്കാവുന്നതാണ്.

അംഗനവാടികൾക്ക് പലതിനും ഇനിയും സ്ഥലം ലഭിക്കാത്ത പ്രശ്നം നിലനിൽക്കുന്നുണ്ടെങ്കിലും ICDSന്റെ പ്രവർത്തനം എത്തപ്പെട്ട ഈപഞ്ചായത്തിൽ 6 വയസ്സിനു താഴെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്താൻ കഴിഞ്ഞത് ഒരനുഗ്രഹമായി കാണാൻ കഴിയുന്നു.

# വനിത

വനിതാ വിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുകയാണ്. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലും ഈ പ്രവണത സജീവമായി നിലനിൽക്കുന്നു. സാമൂഹ്യപ്രവർത്തന മേഖലകളിൽ പഴയകാലത്ത സ്ത്രീപങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടി പള്ളിക്കൂടത്തിലൂടെ ആയിരുന്നു പെൺകുട്ടികൾക്ക് എഴുതുവാനും വായിക്കുവാനും ഉള്ള അറിവ് ലഭിച്ചത്. എന്നാൽ എല്ലാമതസ്ഥർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. പൊതുപരിപാടികളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. 1991-ലെ സെൻസസ് പ്രകാരം പുഴക്കാട്ടിരിയിലെ സ്ത്രീകളുടെ ജനസംഖ്യ 13134 പുരുഷൻമാരുടെ സംഖ്യയേക്കാൾ 514 എണ്ണം കൂടുതലാണ്, സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ സമൂഹത്തിൽ സ്ഥാനം കിട്ടേണ്ടതിൻെറ ആവശ്യകത സൂചിപ്പിക്കുന്നു. 6 വയസിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2823 ആണ്. 1930 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നു എങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ ജോലി അടുക്കളജോലികളിൽ ഒതുങ്ങി. സ്വാതന്ത്ര്യ സമരചരിത്രത്തിൽ വളരെയേറെ പ്രാധാന്യം പുഴക്കാട്ടിരി പഞ്ചായത്തിനുണ്ടെങ്കിലും സ്ത്രീകളുടെ വിദ്യാഭ്യാസപരമായും മററുതൊഴിൽപരമായ മേഖലകളിലും സ്ത്രീകൾക്കെത്തിപ്പെടാൻ കഴിഞ്ഞില്ല. അദ്ധ്യാപന രംഗത്ത് പെൺകുട്ടികളും ആൺകുട്ടികളും ഏകദേശം തുല്യരായാണ് കാണപ്പെടുന്നത്. വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പിൻ തള്ളപ്പെട്ടുപോയതു കാരണം വനിതാ ഉദ്യോഗസ്ഥരുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറവാണ്. ബഹുജന സംഘടനകളിൽ സ്ത്രീകൾക്ക് പ്രാധിനിത്യം നന്നേ കുറവാണ് എന്നുള്ള ദുഃഖ സത്യം ഇപ്പോഴും നിലനിൽക്കുന്നു. ഇതിനുള്ള പ്രധാന കാരണങ്ങൾ സ്ത്രീകളുടെ വിദ്യാഭ്യാസമില്ലായ്മ കുടുംബത്തിലെ സാമ്പത്തിക പ്രശ്നങ്ങൾ പൊതുരംഗത്ത് ഇറങ്ങുന്നവരെ പററിയുള്ള മോശമായ കാഴ്ചപ്പാട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം എന്നിവയാണ്, സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളുടെ എണ്ണം അൽപം കുറവാണ്. എങ്കിലും പഠനനിലവാരത്തിൽ പെൺകുട്ടികളാണ് മുൻപിൽ സ്ത്രീകൾക്ക് നേരേയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ചാരായ നിരോധനത്തിന് പുറമെ സമ്പൂർണ്ണ മദ്യനിരോധനം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു,

### പ്രശ്നങ്ങൾ:

സ്ത്രീകൾക്കിടയിൽ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു. ഉള്ള തൊഴിൽമേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

പട്ടിക

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| കർഷകതൊഴിലാളി | 70 | 110 |
| നിർമ്മാണ തൊഴിലാളി | 80 | 150 |

സാമൂഹ്യ രംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടുകൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളു. ഏറെറടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേററുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറെറടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപിക്കുവാനുള്ള താൽപര്യകുറവ് പുരുഷൻമാരുടെ ഭാഗത്തും ഉണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്ന് പുരുഷൻമാർക്കുള്ള അധികാരാവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയംതോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിൻെറ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തൻേറടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടെതായ തൊഴിൽ യൂണിററുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള

അതിനുള്ള സാധ്യത പഞ്ചായത്തിലേറെയാണ്. കയർരംഗത്ത് സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഈ മേഖലയിൽ വൈവിധ്യവൽക്കരണം കൊണ്ടുവരണം. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യൂനിററുകൾക്ക് സാധ്യതയുണ്ട്. പായനെയ്ത്ത്, കുട്ടമെടയൽ, മെഴുകുതിരി, സോപ്പ്, അച്ചാർനിർമ്മാണം, നൂൽനൂൽപ്പ്, കോഴിവളർത്തൽ, പശുവളർത്തൽ, റെഡിമെയ്ഡ് വസ്ത്രമേഖലയിലും സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഏറെയുള്ള മേഖലയാണ്. ചിരട്ടയുപയോഗിച്ചുള്ള കരകൗശല വസ്തു നിർമ്മാണവും പുരയിടങ്ങളിലുള്ള പച്ചക്കറി അടുക്കളത്തോട്ടങ്ങളും. സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

### നിർദ്ദേശങ്ങൾ

1 ഉൽപാദന പരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കേണ്ടതാണ്.

2 സ്ത്രീകൾക്കായി പഞ്ചായത്തിൽ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം തുടങ്ങേണ്ടതാണ്.

3 അംഗൻവാടികളിൽ ഉള്ള വർക്കർമാർക്കും. ആയമാർക്കും ഇപ്പോൾ നൽകുന്ന വേതനം വളരെ പരിമിതമാണ്. ആയതുകൊണ്ട് ഗവൺമെൻറിൽനിന്നും അവർക്കുവേണ്ട സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കേണ്ടതാണ്.

4 സ്ത്രീപീഠനത്തിന് അറുതിവരുത്തുവാൻ ആദ്യമായി വനിതകളെ ബോധവൽക്കരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പുരുഷൻമാരെയും പങ്കെടുപ്പിച്ച് ഒരു ബോധവൽക്കരണ ക്ലാസ് നടത്തേണ്ടതാണ്.

5 സ്ത്രീകളെ ഉപദ്രവിക്കുന്ന പുരുഷൻമാരെ സഹായിക്കുന്ന പ്രവണത നമ്മുടെ നാടുകളിൽ കാണുന്നു, ഇവ നിർത്തൽ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6 സ്ത്രീധന സമ്പ്രദായം പാടെ ഇല്ലാതാക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു കമ്മററി രൂപീകരിച്ച് ജനങ്ങളെ ബോധവാൻമാരാക്കേണ്ടതാണ്.

7 മൊത്തത്തിലുള്ള പദ്ധതി വിഹിതത്തിൽ നിന്നും വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി മുൻതൂക്കം കൊടുക്കേണ്ടതാണ്.

8 സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യേണ്ടതാണ്.

9 വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതികളിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻസ്ത്രീകൾക്കും ലഭ്യമാക്കേണ്ടതാണ്.

10 സ്ത്രീകളിൽ സാമൂഹ്യ സദാചാരബോധം വളർത്താൻ ബോധവൽക്കരണം നടത്തേണ്ടതാണ്.

11 CBNP & PAP യിൽ പ്രവർത്തിക്കുന്നവരായ APC, CO, CDS പ്രസിഡണ്ട് ADS ചെയർപേഴ്സൺ എന്നിവർക്ക് അദ്ധ്വാനത്തിന്നർഹമായ പ്രതിഫലം ലഭിക്കുന്നില്ല. അവർക്ക് അർഹമായ ഓണറേറിയം യഥാസമയം ലഭ്യമാക്കേണ്ടതാണ്.

## സഹകരണം

ഓരോരുത്തരും എല്ലാവർക്കും; എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും എന്നതാണ് സഹകരണാടിസ്ഥാന തത്വം. മനുഷ്യൻ സമൂഹജീവിയാണ്. 'ഒരു മരം കാവാവുകയില്ലെ'ന്ന പഴമൊഴി അന്വർത്ഥമാണ്. ഒരു വ്യക്തിക്ക് കഴിയാത്തത് കൂട്ടായ്മകളിലൂടെ സാദ്ധ്യമാക്കാവുന്നതുമാണ്. അനാദികാലം മുതൽ അനുഭവിച്ചറിഞ്ഞ പൈതൃകവും അതാണ്.

പണ്ട് ഭൂവുടമകളിൽ നിന്നും, പണക്കാരിൽ നിന്നും മററും ഈ പ്രദേശത്തെ പാവപ്പെട്ടവർ അധിക പലിശക്ക് കടമെടുത്ത് അവരവരുടെ പ്രാദേശിക ആഘോഷങ്ങൾക്കും, വീട്ടാവശ്യങ്ങൾക്കുമായി ചിലവഴിച്ച് വർദ്ധിച്ചുവന്ന കടബാദ്ധ്യതകളാൽ മേലാളരുടെ അടിമ പണിയാളരായി മാറിയ ജനങ്ങൾ സംഘടിച്ചു. 1950ൽ രാമപുരം വിവിധോദ്ദേശ ഐക്യ നാണയ സംഘം എന്ന പേരിൽ ഒരു സ്ഥാപനം റജിസ്ട്ര് ചെയ്തു. അതാണ് ഈ പഞ്ചായത്തിലെ സഹകരണ രംഗത്തേക്കുള്ള ആദ്യ കാൽവെപ്പ്. പരേതനായ മുതൽ പുരേടത്ത് കളത്തിൽ ശങ്കരമേനോൻ പ്രസിഡൻറായും, വി എൻ ശങ്കരപണിക്കർ ഓണററി സിക്രട്ടറിയായും അന്ന് തുടങ്ങിയ ഐക്യ നാണയസംഘം 1967 ആയപ്പോഴേക്കും സർവ്വീസ് സഹകരണ ബേങ്കായി വളർന്നു. രണ്ടാമത്തെ പ്രസിഡണ്ടായ കുട്ടല്ലൂർ വലിയ

നാരായണൻനമ്പൂതിരി നാമമാത്ര വിലക്ക് കൊടുത്ത സ്ഥലത്താണ് ബേങ്കിൻെറ ഇന്നത്തെ കെട്ടിടം നിലകൊള്ളുന്നത്.

ഈ ബേങ്കിൽ നിലവിൽ 5906 എ ക്ലാസ് മെമ്പർമാരും 24,24,360 രൂപയുടെ ഓഹരി മൂലധനവും ഉണ്ട്. പ്രവർത്തന പരിധി പുഴക്കാട്ടിരി വില്ലേജിലെ പുഴക്കാട്ടിരി, പാതിരമണ്ണ, കട്ടിലശേരി, പനങ്ങാങ്ങര, രാമപുരം എന്നീ ദേശങ്ങളുൾപ്പെട്ട പ്രദേശവുമാണ്. ഇപ്പോൾ 3,55,09697 രൂപയുടെ നിക്ഷേപങ്ങൾ സ്വീകരിച്ചതിൽ 1,3023906 രൂപ ഹ്രസ്വകാല നിക്ഷേപമാണ്. ഒട്ടാകെ മെമ്പർമാരുടെ കാർഷികാവശ്യങ്ങൾക്കായി 23,73,435 രൂപയും കാർഷികേതരവായ്പ സ്വർണ്ണ പണയവായ്പ എന്നിവകളിൽ 5,31,32,555 കയും മദ്ധ്യകാല വായ്പകളായി 2780777 രൂപയും വായ്പ നൽകി ജില്ലയിൽ ഒന്നാം സ്ഥാനത്ത് തന്നെ നിൽക്കുന്നു. ഈ ബേങ്ക് നിലവിൽ 5 റേഷൻഷാപ്പുകൾ ഏറെറടുത്ത് നടത്തിവരുന്നുണ്ട്. കൂടാതെ വളം, കീടനാശിനി എന്നിവയും കൃഷിക്കാർക്ക് ആവശ്യാനുസരണം വിതരണം നടത്തുന്നുമുണ്ട്. നാളികേര കർഷകരുടെ കൊപ്ര സംഭരണം എന്നിവയും നടത്തുന്നു. കൂടാതെ 'ബേങ്കിന്' പഞ്ചായത്ത് ആസ്ഥാനമായ പുഴക്കാട്ടിരിയിൽ ഒരു ശാഖയും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഈപഞ്ചായത്തിലുൾപ്പെട്ടതായ കോട്ടുവാടം കടുങ്ങപുരം എന്നീദേശങ്ങളിലെ കർഷകർക്ക് ധനസഹായം ചെയ്യുന്നത് അങ്ങാടിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൻെറ കടുങ്ങപുരം ശാഖയിലൂടെയാണ്. പണ്ട് ഈ പ്രദേശങ്ങൾ കടുങ്ങപുരം വിവിധോദ്ദേശ ഐക്യനാണയസംഘം പ്രവർത്തിച്ചിരുന്നത് അങ്ങാടിപ്പുറം സർവ്വീസ് ബേങ്കിനോട് അഫിലിയേററ് ചെയ്തതിനാലാണ്. ഇങ്ങിനെ സംഭവിക്കാൻ കാരണം. ഇപ്പോൾ ഈ പ്രദേശം പുഴക്കാട്ടിരി പഞ്ചായത്ത് അതിർത്തിയിലായതിനാൽ ഈ പ്രദേശത്തേയും രാമപുരം ബേങ്കിൻെറ പരിധിയിലാക്കുന്നത് ജനങ്ങൾക്ക് ആശ്വാസകരമായിരിക്കും.

ഈ പഞ്ചായത്തിൽ സഹകരണ സ്റേറാർ എന്ന നിലയിൽ പ്രവർത്തിക്കുന്നത് കടുങ്ങപുരം ഗവ: ഹൈസ്കൂൾ കോ-ഓപ്പ്. സ്റേറാർ മാത്രമാണ്. എന്നാൽ പനങ്ങാങ്ങര ഗവ: യു. പി. സ്കൂളിൽ ഉണ്ടായിരുന്ന സഹകരണസ്റേറാർ പ്രവർത്തന രഹിതമായി കിടക്കുകയാണ്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠ പുസ്തകങ്ങളും, നോട്ടുബുക്കുകളും സമയാസമയങ്ങളിൽ ഈ സംഘം മുഖേന വിതരണം നടത്തുന്നതല്ലാതെ മററു പ്രവർത്തനങ്ങളൊന്നുമില്ല.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി മുമ്പ് രൂപീകൃതമായ രാമപുരം ബാംബൂ വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേററീവ് സൊസൈററി കുറേക്കാലം നല്ല നിലയിൽ പ്രവർത്തിച്ചു സ്വന്തമായി വ്യവസായ ഡിപ്പാർട്ട്മെൻറിൻെറ ധനസഹായത്തോടെ കെട്ടിടമുണ്ടാക്കി. ജീർണ്ണാവസ്ഥയിലേക്ക് എത്തിയിട്ടുള്ള ഇന്നത്തെ നിലയിൽനിന്നും പുനരുദ്ധരിക്കേണ്ടത് അത്യാവശ്യവുമാണ്.

മററ് സഹകരണ സ്ഥാപനങ്ങളൊന്നുമില്ലാത്ത ഈപഞ്ചായത്തിൽ, പുഴക്കാട്ടിരി, പരവക്കൽ രാമപുരം, എന്നിവിടങ്ങളിൽ ഓരോ സഹകരണ മാവേലി സ്റേറാറുകൾ എത്രയും വേഗം തുറക്കേണ്ടതുമാണ്.

കൂടാതെ വനിതകളുടെ ഒരു വ്യവസായ സഹകരണസംഘം തുടങ്ങി റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാറുകൾ, മസാലപ്പൊടികൾ എന്നിവയുടെ നിർമ്മാണങ്ങളും വിതരണവും നടത്തുന്നതിനുള്ള സാധ്യതകളുമുണ്ട്. ക്ഷീരവ്യവസായ പ്രോൽസാഹനാർഹമായി, പഞ്ചായത്ത് അധികാരപരിധിയിൽ തന്നെ ഒരു ക്ഷീര വ്യവസായ സഹകരണസംഘം റജിസ്ററർ ചെയ്ത് പ്രവർത്തനമാരംഭിക്കേണ്ടതുമാണ്.

ഈ പ്രദേശത്തെ കേരകർഷകരുടെ താൽപര്യാർത്ഥം നാളികേര വിലയിടിവ് തടയുന്നതിന്നും. ഒരു കൊപ്രസംഭരണ സംസ്കരണ സഹകരണസംഘം വ്യവസായിക അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തനംനടത്തുകയും ഒരു ഓയിൽമില്ല് തുടങ്ങുന്നതിന്നും സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതുമാണ്.

രാമപുരം സർവ്വീസ് സഹകരണ ബേങ്ക് നടത്തുന്ന 5 റേഷൻഷാപ്പുകളിലൂടെ യുള്ള വിററുവരവ് വിതരണംചെയ്ത വായ്പകളുടെ കണക്ക്, കടുങ്ങപുരം സർവ്വീസ് ബേങ്കിലൂടെ ഈ പഞ്ചായത്തിലെ നിവാസികൾക്ക് അനുവദിച്ച വായ്പകളുടെകണക്ക് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. ചിട്ടി ആക്ട് പ്രകാരം റെജിസ്ട്രർ ചെയ്ത്

നല്ലനിലയിൽ ചിട്ടിപദ്ധതിയും നടത്തിവരുന്നുണ്ട്. സർക്കാറിൽനിന്നും കർഷകർക്കായി ലഭിക്കുന്ന പലിശ സബ്സിഡി യഥാസമയം വിതരണം ചെയ്തുവരുന്നു.

1) ഒരോ കർഷകനും ഒരുവർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിററ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

2) വ്യക്തികൾക്കനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തേണ്ടതാണ്.

3) കാർഷികോപകരണങ്ങൾ വിതരണം ചെയ്യുവാനും കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാനും സഹകരണ ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കണം

4) കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിലഇടിവ് വരുമ്പോൾ അവ സെക്യൂരിററിയായി വാങ്ങിക്കൊണ്ട് "കിലോൺ" അനുവദിക്കാൻ സംവിധാനം ഉണ്ടാക്കണം

5) നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽപാടങ്ങൾ തോട്ടങ്ങളായി മാററുന്ന പ്രവണത അവസാനിപ്പിക്കുവാൻ നെൽകൃഷി ചെയ്യുന്നവർക്ക് ചുരുങ്ങിയത് 1000രൂ സബ്സിഡി അനുവദിക്കേണ്ടതും പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് 'ഗ്രൂപ്പ്ഫാമിംഗ്' സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതുമാണ്. മേത്തരം വിത്ത്. വളം കീടനാശിനി ട്രാക്ടർ, ട്രില്ലർ കൊയ്ത്ത്, മെതിയന്ത്രം എന്നിവ സഹകരണസംഘം മുഖേന വിതരണം ചെയ്യേണ്ടതാണ്.

6) ദീർഘ കാല വായ്പനൽകുന്ന കാർഷിക വികസന ബാങ്കുകളുടെ വായ്പാ വിതരണം ലളിതവൽക്കരക്കണം.

പെരിന്തൽമണ്ണ താലൂക്ക് പ്രവർത്തന മേഖലയായി രൂപീകരിക്കപ്പെട്ട പെരിന്തൽമണ്ണ റൂറൽ ഹൗസിംഗ് കോ-ഓപ്പറേറീവ് സൊസൈററിയിൽനിന്നും ഈ പഞ്ചായത്തിൽപ്പെട്ട 15 അംഗങ്ങൾക്കായി പൊതുപദ്ധതിയിൽ നിന്ന് 4,27000 രൂപയും മുൻബാക്കി ഇനത്തിൽ ഒരു ലക്ഷം രൂപയും വായ്പയായി നൽകിയിട്ടുണ്ട്.

# മൃഗസംരക്ഷണവും, മൽസ്യബന്ധനവും

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ നാമമാത്രമായി ഉഴവു കാളകളും എരുമകളും വളർത്തപ്പെടുന്നു. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വർത്തപ്പെടുന്നുണ്ട്. പഞ്ചായത്തിൽ 95ശതമാനം വീടുകളിലും കോഴി വളർത്തപ്പെടുന്നു.

നെൽകൃഷികുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും മേച്ചിൽ സ്ഥലത്തിന്റെ പരിധിയും കാരണം വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറയുകയുണ്ടായി.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | 1996 |
|---|---|
| പശു | 522 |
| എരുമ | 54 |
| ഉഴവ്മാടുകൾ | 160 |
| ആട് | 840 |
| കോഴി | 14000 |
| താറാവ് | 500 |
| കലപ്പ | 240 |

പഞ്ചായത്തിലെ കന്നുകാലികളിൽ അകിടുവീക്കം, കുളമ്പ് രോഗം, ദഹനസംബന്ധമായ രോഗം, ശ്വാസകോശ രോഗം, ധാതുലവണങ്ങളുടെ അഭാവം. വന്ധ്യത, ത്വക്രോഗങ്ങൾ മുതലായവയാണ്. അശാസ്ത്രീയമായ പരിചരണവും രോഗപ്രതിരോധ നടപടികളെകുറിച്ചുള്ള കർഷകരുടെ അജ്ഞതയും പോഷകാഹാര കുറവും ഈ രോഗങ്ങൾക്കുള്ള കാരണമായി പറയപ്പെടുന്നു.

പഞ്ചായത്തിൽ പുഴക്കാട്ടിരി ഭാഗത്തും രാമപുരം ഭാഗത്തുമായി 2 മൃഗാശുപത്രികൾ ഉണ്ടെങ്കിലും സ്ഥിരമായി ഡോക്ടർ ഇല്ലാത്തതിന്റെ കുറവുകാരണം തക്കസമയങ്ങളിൽ വേണ്ട പരിചരണം മൃഗങ്ങൾക്ക് ലഭിക്കുന്നില്ല.

പുഴക്കാട്ടിരി പഞ്ചായത്തിൽ 10 ഗോബർ ഗ്യാസ്പ്ലാൻറുകൾ നിലവിലുണ്ട്. പഞ്ചായത്തിലെ ഊർജ്ജപ്രതിസന്ധി ഒരു അളവോളം പരിഹരിക്കുന്നതിന് ഇത്തരം പ്ലാൻറുകൾക്ക് കഴിയും. ഇവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ ധാരാളം സാദ്ധ്യതകൾ ഉണ്ട്.

മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തൽ ഉണ്ടെങ്കിലും ഇറച്ചിക്ക് വേണ്ടി വൻ തോതിൽ കോഴികളെ മററു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്. കോഴിവളർത്തലിന് ഈ പഞ്ചായത്തിൽ വൻസാദ്ധ്യതകളുണ്ട്. പാവപ്പെട്ടവന്റെ പോഷകആഹാരമായകോഴിമുട്ടയുടെ ഉപയോഗം ഈ പഞ്ചായത്തിൽ വളരെ കൂടുതൽആണ് മുട്ടകോഴിവളർത്തലിന് വൻസാദ്ധ്യതഉണ്ടെന്ന്ആണ് ഇതിൽ നിന്നും വ്യക്തമാവുന്നത്.

പഞ്ചായത്തിൽ കറവമാടുകളിൽ നിന്നും ധാരാളം പാൽശേഖരിക്കുന്നുണ്ട് എങ്കിലും ശേഖരണവും വിൽപ്പനയും തികച്ചും വ്യക്തിപരമായതിനാൽ ഏകീകൃത വിലയോ കൂട്ടായ സംഭരണമോ നിലവിൽ ഇല്ലാത്തതുമൂലം ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല.

പഞ്ചായത്തിൽ തേനീച്ച വളർത്തലിന് വളരെ സാധ്യതകൾഉണ്ട്.

പ്രശ്നങ്ങൾ:

1 നെൽ കൃഷി കുറഞ്ഞതും യന്ത്രവൽക്കരണം വന്നതുമൂലം മേച്ചിൽ സ്ഥലങ്ങൾ വളരെ കുറഞ്ഞു.
2 കാലിത്തീററയുടെ വിലകൂടുതൽ
3 വൈക്കോലിന്റെ ദൗർലഭ്യത
4 ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത
5 കോഴിവസന്ത രോഗം മൂലം കോഴിവളർത്തലിൽ ഉള്ള താൽപര്യക്കുറവ്
6 ക്ഷീര വിപണനത്തിനുള്ള സാദ്ധ്യതകളുടെ കുറവ്
7 അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കൾ
8 കാലികളെ വളർത്തുന്നതിന്ആവശ്യമായസാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.

**നിർദ്ദേശങ്ങൾ:**

1 തരിശു ഭൂമികൾ മെച്ചപ്പെട്ട മേച്ചിൽ സ്ഥലങ്ങൾ ആയി മാററുക.

2 സഹകരണസംഘം മുഖേന കുറഞ്ഞ വിലക്ക് കാലിത്തീററ ലഭ്യമാക്കുക.

3 ഇടവിളകളായി തീററപുൽ കൃഷിനടത്തുന്നതിന് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക

4 പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ക്ഷീര വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

5 കോഴികളിൽ ഉണ്ടാകുന്ന രോഗങ്ങൾ പലപ്പോഴും വംശനാശത്തിൽവരെ എത്തിച്ചേരാറുണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞാൽ കൃഷിക്കാർക്ക് കോഴിവളർത്തുന്നതിൽതാൽപര്യം വർദ്ധിപ്പിക്കാനും, മുട്ട, ഇാച്ചി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി സ്വയംപര്യാപ്തത യുണ്ടാക്കുവാനും കഴിയുന്നതാണ്.

6 മൃഗങ്ങളുടെ ഭക്ഷണ കാര്യത്തിൻ ശാസ്ത്രീയരീതി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് മുഖേന പരിപാടികൾ ഉണ്ടാവണം.

7 മൃഗങ്ങൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് കൃത്യസമയത്ത് ചികിൽസ ലഭിക്കുന്നതിനും ഡോക്ടർമാരുടെ സേവനവും മരുന്നും ലഭിക്കുന്നതിനും പഞ്ചായത്ത് മുഖേന സംവിധാനം ഉണ്ടാവണം.

8 പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിലോ, സ്വകാര്യ മേഖലയിലോ ഒരു കാലിത്തീററ ഫാക്ടറി സ്ഥാപിക്കുകയോ കാലിത്തീററ വിതരണകേന്ദ്രങ്ങളോ സ്ഥാപിക്കുക.

9 പഞ്ചായത്തിൽ സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ കോഴിക്കുഞ്ഞ് ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കുക.

10 ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻനായ്ക്കളെയും പിടിച്ച് കൊല്ലുക.

11 സൗജന്യനിരക്കിൽ കാലിത്തൊഴുത്ത്, കോഴിക്കൂട് എന്നിവ നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

12 തേനീച്ച വളർത്താൻ ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായം നൽകുക.

**മത്സ്യബന്ധനം:**

ഈ പഞ്ചായത്തിൽ കടലോരപ്രദേശമോ കായലുകളോ ഇല്ലാത്തതുകൊണ്ട് മത്സ്യബന്ധനം ഇവിടെ തീരെയില്ല ആകെയുള്ള പുഴയിൽ വർഷംമുഴുവൻ ജലം ഇല്ലാത്തതിനാലും ആഴമുള്ള കയങ്ങൾ മണ്ണ്നിറഞ്ഞ് തൂർന്നതിനാലും ഇവിടെയും മൽസ്യബന്ധനം കുറവാണ്. ഉള്ളതുതന്നെ അശാസ്ത്രീയമായ മൽസ്യബന്ധനവും, പട്ടചീയിക്കൽമൂലവും നശിച്ചുകൊണ്ടിരിക്കുന്നു.

സ്വകാര്യ കുളങ്ങൾ ഉള്ളവർക്ക് മൽസ്യം വളർത്താൻ അവശ്യമായ സാമ്പത്തിക, സാങ്കേതിക സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

# പുഴക്കാട്ടിരി പഞ്ചായത്ത് പ്രവർത്തനരേഖ

1995 ഒക്ടോബർമാസം 2-ാം തിയ്യതി പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ സംഘടനകളുടേയും; പ്രവർത്തകരുടേയും; സാമൂഹ്യസാംസ്ക്കാരികരംഗങ്ങളിലെ പ്രവർത്തകരുടേയും ഒരു നിറഞ്ഞ സദസ്സിൽവെച്ച് പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികളുടെ സത്യ പ്രതിജ്ഞ നടക്കുകയുണ്ടായി. 4-10-96 ന് പുതിയ പ്രസിഡൻറിനേയും; വൈ:പ്രസിഡൻറിനേയും തിരഞ്ഞെടുത്ത് ഭരണചുമതല ഏറെറടുത്തപ്പോൾ; സത്യസന്ധവും അഴിമതി രഹിതവുമായ ഭരണം മററ് ജന പ്രതിനിധികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കക്ഷിരാഷ്ട്രീയ-മതചിന്തകൾക്കതീതമായി കാഴ്ചവെക്കുമെന്ന് പഞ്ചായത്ത് അംഗങ്ങൾക്ക് വേണ്ടി പ്രസിഡണ്ട് സി കെ അബു പ്രഖ്യാപിക്കുകയുണ്ടായി. ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു നല്ല ഭരണം കാഴ്ചവെക്കുവാൻ ക്രിയാത്മകമായ സഹകരണം ശ്രീ. ശശിമാസ്ററർ സദസ്സ് മുമ്പാകെ ഉറപ്പു നൽകുകയും ചെയ്തു.

വിദ്യാഭ്യാസപരമായും സാംസ്കാരിക പരമായും ഏറെ പിൻതള്ളപ്പെട്ട വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൻെറ പിന്നിട്ട നാളുകളിലേക്ക് കണ്ണോടിക്കുമ്പോൾ ചിലവസ്തുതകൾ ഓർമ്മിക്കൽ അനിവാര്യമാണ്. കർഷകരും കർഷക തൊഴിലാളികളും, പട്ടിണിപാവങ്ങളും തിങ്ങി താമസിക്കുന്ന ഈ പഞ്ചായത്തിനെ ഇന്നു കാണുന്ന ഈ അവസ്ഥയിലേക്ക് കയ്യുയർത്തി കൊണ്ടുവരുന്നതിൽ ഏറെസേവനം ചെയ്ത

ജനപ്രതിനിധികളെ ഈ അവസരത്തിൽ സ്മരിക്കുകയാണ്. കൈവെച്ച മേഖലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ച മർഹൂം സി എച്ച് മുഹമ്മദ്കോയ സാഹിബ്, കെ കെ എസ് തങ്ങൾ, എം മൊയ്തീൻകുട്ടിഹാജി എന്നിവരും കൊരമ്പയിൽ അഹമ്മദ്ഹാജി, കെ പി എ മജീദ് എന്നീ ജനപ്രതിനിധികളുടെയും സേവനം എടുത്തുപറയത്തക്കതാണ്. റോഡ്, വൈദ്യുതി, ശുദ്ധജലം എന്നീ മേഖലകളിൽ മുന്നേററമുണ്ടായിട്ടുണ്ട്. എങ്കിലും ഇനിയും ഏറെ പുരോഗതി ഈകാര്യത്തിൽ ആവശ്യമാണ്. അതിന് ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും കൂട്ടായ പങ്കാളിത്തം തുടർന്നും അനിവാര്യമാണ്.

ഭരണം ഒരുവർഷം പൂർത്തിയായപ്പോഠം പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഇറങ്ങിച്ചെന്ന് പ്രശ്നങ്ങഠം പഠിക്കാനും, പരിഹാരങ്ങഠം കണ്ടെത്താനും ആവുന്നത്ര ശ്രമിച്ചു എന്ന സംതൃപ്തിയിലാണ് ഞങ്ങഠം. വരൾച്ച കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ പഞ്ചായത്തിൻെറ ഫണ്ട് അപര്യാപ്തമായിരുന്നുവെങ്കിലും കഴിയുന്ന ശ്രമങ്ങഠം അതിനായി നടത്തി. പഞ്ചായത്ത് മെമ്പർ കെ പി കമ്മദ് സൗജന്യമായി പഞ്ചായത്തിന് നൽകിയ കുളം ശുദ്ധജല വിതരണത്തിനായി വിപുലീകരിക്കുകയും; ആവശ്യമായ അററകുററപ്പണികഠം നടത്തുകയും ചെയ്തു. തകർന്ന് ഉപയോഗശൂന്യമായി കിടന്നിരുന്ന കുഴൽകിണറുകളോട് ചേർത്ത് ഹാൻഡ് പമ്പുകഠം റിപ്പയർ ചെയ്യുന്നതിനും അള്ളാളത്തിൽ ഹരിജൻ കോളനിയിലെ വെള്ളം ലഭിക്കുന്ന കിണർ റിങ്ങ് ഇറക്കി സംരക്ഷിക്കുകയും ചെയ്തു.

വളരെയധികം കർഷകരും, കർഷകത്തൊഴിലാളികളും കരിങ്കൽ ചെങ്കൽ കോറി തൊഴിലാളികളും ജീവിക്കുന്ന ഒരു ഗ്രാമ പഞ്ചായത്താണിത്. വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ മലപ്പുറം ജില്ലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന പാഞ്ചായത്താണിത്. അതുകൊണ്ടുതന്നെ മിക്ക അവശ്യങ്ങഠംക്കും സർക്കാരിനെയോ വിവിധ ഏജൻസികളെയോ ആശ്രയിച്ചാൽ മാത്രമെ പൊതുജന ആവശ്യങ്ങഠം നിറവേററിക്കൊടുക്കാൻ പഞ്ചായത്തിന് കഴിയുകയുള്ളു.

ആരോഗ്യ വകുപ്പിൻെറയും മററും സഹായ സഹകരണത്തോടെ ആരോഗ്യ രംഗത്ത് കുറെ അധികം പ്രവർത്തനങ്ങഠം നടത്താൻ ഞങ്ങഠംക്ക് കഴിഞ്ഞിട്ടുണ്ട് 'ജപ്പാൻപനി, എലിപ്പനി' എന്നിവയുടെ ഭീഷണിയെ നേരിടാൻ തക്കസമയത്ത് ആവശ്യമായ ബോധവൽക്കരണം നടത്തുവാനും, സെമിനാറുകഠം സംഘടിപ്പിക്കുവാനും കഴിഞ്ഞു. ആ കാലങ്ങളിലായിരുന്നു ആദ്യത്തെ ഗ്രാമസഭാ യോഗങ്ങഠം എന്നതിനാൽ പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ ഏറെ സൗകര്യം ലഭിച്ചു.

വ്യാവസായിക രംഗത്ത് കാര്യമായ മുന്നേററം ഈ പഞ്ചായത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. എങ്കിലും വ്യവസായ വകുപ്പുകളിലൂടെ നൽകുന്ന സഹായങ്ങഠം, പദ്ധതികഠം എന്നിവ സാധാരണക്കാർക്ക് മനസ്സിലാക്കി കൊടുക്കുവാൻ പര്യാപ്തമായവിധത്തിൽ ഒരുവ്യവസായ സെമിനാർ ഈ കാലയളവിൽ പഞ്ചായത്ത് നടത്തുകയുണ്ടായി.

കാർഷിക മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട മാററമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ട് കാർഷിക സെമിനാറുകഠം രണ്ടെണ്ണം നടത്തുകയുണ്ടായി. കേരകർഷകർക്കുവേണ്ടി പ്രത്യേകമായി രണ്ടു സെമിനാറുകളും സംഘടിപ്പിച്ചു. കൂടാതെ കർഷകർക്ക് പ്രോൽസാഹനമായി വിള മത്സരം സംഘടിപ്പിച്ച് അവാർഡുകഠം നൽകുന്നതിനുവേണ്ട സൗകര്യങ്ങഠം ചെയ്തു. പമ്പുസെററ് വാങ്ങുന്നതിനും, കിണർ കുഴിക്കുന്നതിനും സഹായം നൽകുന്നതോടൊപ്പം അവർക്ക് സബ്സിഡിയും നൽകാൻ സാധിച്ചു.

കേരളോൽസവം സാമൂഹ്യ സന്നദ്ധ സംഘടനകളുടേയും മററും സഹായത്തോടുകൂടി വളരെ ഭംഗിയായി നടത്തുകയുണ്ടായി. പൊതുജനപങ്കാളിത്തം ഇതിലൊക്കെ പ്രത്യേകമായി എടുത്തുപറയാവുന്നതുമായിരുന്നു.

ഈ കാലയളവിൽ 2,99,537 രൂപ JRYഫണ്ട് ഉപയോഗിച്ച് കലകപ്പാറ ഹരിജൻ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുകയും 5 വീടുകഠം നിർമ്മിച്ച് നൽകുകയും ചെയ്തു. ഉപാധിരഹിതഫണ്ടിൽ നിന്ന് 2,59,000 രൂപ ചിലവഴിച്ച് 19 വീടുകളും 46 കക്കൂസുകളും നിർമ്മിച്ച് നൽകി. ചോലക്കപറമ്പ് ഹരിജൻ കോളനിക്കുവേണ്ടി 1,60,000 രൂപ നീക്കിവെക്കുകയും ചെയ്തു.

കൂടാതെ വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടിൽ നിന്നും ഉണ്ണിയാൽ പടി കളത്തുംപാറ

റോഡിന് 2,00000രൂപയും കല്ലുവെട്ടി-പാതിര മണ്ണ റോഡിന് ഒരുലക്ഷം രൂപയും പനങ്ങാങ്ങര-കോതമ്പല്ലം റോഡിന് ഒന്നരലക്ഷം രൂപയും കടുങ്ങപുരം-ചൊവ്വാണ റോഡിന് മൂന്ന് ലക്ഷം രൂപയും, 38-ാം മൈൽ മുതൽ മേലേടത്തുപടിവരെയുള്ള റോഡിന് ഒന്നര ലക്ഷം രൂപയും ലഭിച്ചതുപ്രകാരമുള്ള പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

കൂടാതെ പഞ്ചായത്തിലെ 2, 3, 4 വാർഡുകളിലെ ജനങ്ങൾക്ക് ആവശ്യമായ പൂളക്കുണ്ട് പാലത്തിൻെറ പണി ആരംഭിക്കുകയും കാലവർഷം ശക്തി പ്രാപിച്ചതിനാൽ പൂർത്തിയാക്കാൻ കഴിയാതെ വരികയുംചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മുഖേന ദുർബ്ബല വിഭാഗങ്ങൾക്കും; പട്ടികജാതി / പട്ടിക വർഗ്ഗത്തിനും വീടുകൾ വെക്കുന്നതിനും; കക്കൂസുകൾ നിർമ്മിക്കുന്നതിനും വേറെയും സഹായങ്ങൾ വിവിധ പദ്ധതികളിലായി ഈ കാലയളവിൽ ലഭിക്കുകയുണ്ടായി.

പഞ്ചായത്തിലെ മുഴുവൻ എൽ പി സ്കൂളുകളിലെയും വിദ്യാർത്ഥികളെ ആരോഗ്യ വകുപ്പിൻെറ സഹായത്തോടെ പരിശോധിച്ച് രോഗപ്രതിരോധ നടപടികളും, ചികിൽസയും ലഭ്യമാക്കി. പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പഞ്ചായത്തിൽ 100 ശതമാനവും വിജയമായിരുന്നു. ICDS പദ്ധതി പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കനവാടികളിൽ വെച്ച് യഥാസമയം ഗർഭിണികളായ അമ്മമാരുടെ പരിശോധനയും, കുട്ടികൾക്കാവശ്യമായ പ്രതിരോധ കുത്തിവെപ്പുകളും നടത്തിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി പഞ്ചായത്തിലെ 6 വയസ്സിന് താഴെയുള്ള കുട്ടികളുടെയും, ഗർഭിണികളുടെയും ആരോഗ്യ സംരക്ഷണ രംഗത്ത് വളരെയേറെ ഗുണം ചെയ്യുന്നുണ്ട്. അങ്കനവാടികളുടെ പ്രവർത്തനത്തിൽ പഞ്ചായത്ത് വളരെയേറെ ശ്രദ്ധിക്കുകയും ആവശ്യമായ സഹായങ്ങൾ യഥാസമയം ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ ലഭിക്കുന്നതിനാൽ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആത്മധൈര്യവും പ്രോൽസാഹനവും കൈവരുന്നു. പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി മുന്നോട്ടു പോകാനുള്ള ഉൾക്കരുത്തും ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

# "ഉപസംഹാരം"

നമ്മുടെ വികസന സങ്കൽപങ്ങളെല്ലാം തന്നെ അശാസ്ത്രീയവും, ജനനൻമ വിരുദ്ധവുമായി പരിണമിക്കുന്നില്ലെ? റോഡും പാലവുമായാൽ വികസനമായി എന്ന മനോഭാവമാണിന്ന് ജനങ്ങളിലുള്ളത്. കാർഷിക വ്യവസായിക മേഖലകളിലൂടെ വളർച്ച പ്രാപിക്കേണ്ടിയിരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ മുരടിച്ചിരിക്കയാണ്. സേവന തൽപരതയോടുകൂടിയ പ്രവർത്തനമാണതിനാവശ്യം.

വികസനം ഡിപ്പാർട്ടുമെൻറുകളിലെ ചുകപ്പുനാടകുരുക്കിൽ അകപ്പെട്ടുപോകുന്ന ഇന്നത്തെ സമ്പ്രദായമൊന്ന് അവസാനിപ്പിച്ചേപററൂ. സാർവ്വത്രികമായ അഴിമതികളിൽ നിന്നും കുററവിമുക്തമായ ഒരു വികസന രംഗം. ജനതാൽപര്യങ്ങൾക്ക് മുൻഗണനന നൽകിക്കൊണ്ട് അവരുടെപങ്കാളിത്തത്തോടുകൂടിയ പ്രവർത്തനശൈലി സ്വീകരിക്കുകയായിരിക്കും കൂടുതൽ നല്ല മാർഗ്ഗമെന്ന് ഗണിക്കുന്നതല്ലെ? ശരി.

ഫണ്ടില്ലാതെ വികസനം സാദ്ധ്യമല്ല. ഫണ്ടുണ്ടാക്കുവാനുള്ള ഉപാധികൾ സർക്കാരേതരഏജൻസികളെപോലും സമീപിച്ച് പദ്ധതികൾ ആസൂത്രണംചെയ്ത് അവതരിപ്പിച്ച് ഫണ്ട് ശേഖരിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയണം.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ടമായ സമീപനമാണ് വേണ്ടത്. സാമൂഹിക; രാഷ്ട്രീയ രംഗത്തുണ്ടാകാറുള്ള സർവ്വവിധ തർക്കങ്ങൾക്കുംകാരണം; പ്രശ്നങ്ങളെ അവനവൻെറ ആശയനുസരണം വിലയിരുത്തി വിശകലനം ചെയ്യുന്നത്കൊണ്ട് കൂടിയാണ്. യാഥാർത്ഥ്യങ്ങളുടെ തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമാരായുമ്പോൾ തർക്കങ്ങളില്ലാതാകുകയും; ഐക്യംവളരുകയും ചെയ്യും. സർവ്വേ റിപ്പോർട്ടുകളും, വിഭവ ഭൂപടങ്ങളും വികസനപ്രക്രിയകൾക്ക് വേണ്ട അടിത്തറ പാകി വിരാചിക്കുന്നു.

ജനങ്ങളുടെ താൽപര്യാനുസരണമുള്ള പദ്ധതികൾക്ക് മുൻഗണനനൽകിക്കൊണ്ടുള്ള സമീ

പനമാണ് നല്ലത്. മുൻഗണനാക്രമത്തിൽ പദ്ധതികഠം നടപ്പിലാക്കുവാനുള്ള പ്രതിബദ്ധത പഞ്ചായത്തുകഠംക്കുണ്ടാവുകയും വേണം.

പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങളിലൂടെ വിശകലനം ചെയ്ത്, പ്രായോഗിക ബുദ്ധിയോടെ കക്ഷി രാഷ്ട്രീയ താൽപര്യങ്ങഠംക്കതീതമായി പദ്ധതികഠം രൂപപ്പെടുത്താൻ കഴിയണം. എല്ലാ വിഷയങ്ങളിലും ഗ്രൂപ്പ് ചർച്ചകഠം നടത്തിയ ശേഷം. നിർദ്ദേശങ്ങളെ സ്കീമുകളായും, പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ധസമിതികഠംക്ക് കഴിയണം. പദ്ധതികളുടെ നടത്തിപ്പിന് നിദാന്തജാഗ്രതയോടെ പ്രവർത്തിക്കാൻ കഴിവുള്ള ഒരു വിദഗ്ധ സംഘത്തിന്റെ സേവനം അനിവാര്യവുമാണ്.

9-ാം പദ്ധതി വിഹിതത്തിന്റെ 40% പഞ്ചായത്തുകഠംക്ക് കിട്ടുക എന്നാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് ഇതൊരു വലിയ നേട്ടമാണ്. ജന പങ്കാളിത്തത്തോടെ പദ്ധതികഠം നടപ്പിലാക്കുമ്പോഠം മുഴുവൻ തുകയും അതാതു പദ്ധതികഠംക്ക് ചിലവഴിക്കുവാൻ കഴിയും. വികസന രംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിനു കാരണമാവുകയും ചെയ്തിട്ടുണ്ട്.

മഹത്തായ പ്രതീക്ഷകഠം പലതും നിറവേററാൻ സമീപകാലത്തുതന്നെ കഴിയുമെന്ന പ്രത്യാശയോടെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്ന ഈ ''സമഗ്രവികസനരേഖ'' വിശകലനങ്ങഠംക്കും; ചർച്ചകഠംക്കും പരിഷ്കാരങ്ങഠംക്കും വേണ്ടി ഉതകുമാറാകട്ടെ!

ജനകീയാസൂത്രണ സമിതി കൺവീനർ : എം. അബ്ദുള്ള മാസ്ററർ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ : പി മുഹമ്മദ് മൗലവി

ജില്ലാ പഞ്ചായത്ത് മെമ്പർ : ഗീതാമാധവൻ

സ്വാഗതസംഘം ചെയർമാൻ : എൻ. ഉമ്മർ

കൺവീനർ : സി. യൂസഫ്

വൈ. ചെയർമാൻ : സി. മുഹമ്മദ് എന്ന മാനു

റിപ്പോർട്ടിൻെറ ശിൽപികൾ : 1 എ. പി. നാരായണൻ (ഓവർസിയർ PWD)

: 2 ടി സി ശ്രീധരൻ

: 3 ടി അബു (കൃഷിഭവൻ)

: 4 വിശാലാക്ഷി (കൃഷിഭവൻ)

ജനകീയാസൂത്രണ സമിതി ബ്ലോക്ക് കൺവീനർ : സലിം കുരുവമ്പലം

## പഞ്ചായത്ത് സ്ററാഫ്

1 ടി. ദാക്ഷായണിക്കുട്ടി—സെക്രട്ടറി
2 കെ. ഗോപാലകൃഷ്ണൻ—ഹെഡ്ക്ലാർക്ക്
3 പി. കെ. ജനാർദ്ദനൻ—യു ഡി ക്ലാർക്ക്
4 രാധ കെ. എ.—എൽ ഡി ക്ലാർക്ക്
5 കൃഷ്ണദാസ് എം. കെ.—എൽ ഡി ക്ലാർക്ക്
6 ഒ. പി. ചാത്തപ്പൻ—പ്യൂൺ
7 ശ്രീദേവി കെ.—പാർട്ട്ടൈം സ്വീപ്പർ

ആശംസകളോടെ.....



# രാമപുരം
# സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം നമ്പർ F 1445 ഹെഡ് ഓഫീസ് രാമപുരം

ഫോൺ: 2025 (04935)

ബ്രാഞ്ച്: പുഴക്കാട്ടിരി

ഫോൺ 34304 (04933)

പ്രസിഡന്റ്
അബ്ദുള്ള മാസ്റ്റർ

സിക്രട്ടറി
P.P. ശ്രീദേവി




PRINTED AT UDAYA ART PRINTERS CHOONDAL PH: 522714